2024 OCTOBER 19

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122



## ഹമാസിന്റെ അന്ത്യം അടുത്തോ?

## വാവിട്ട വാക്കിൽ പൊലിഞ്ഞ ജീവിതം





## ഇന്ത്യ-കാനഡ: വെറുതെ ഒരു വാക്പോരാട്ടം


Joyalukkas
GOLDEN DIWALI
THE BIGGEST DIWALI OFFER
24K
FREE
1 GM (24K)
LAKSHMI IDOL
OR GOLD BAR
ON DIAMOND & PRECIOUS STONE JEWELLERY PURCHASES WORTH USD 1500 & GOLD JEWELLERY PURCHASE WORTH USD 5500
24K
FREE
500 MG (24K)
GOLD BAR
ON DIAMOND AND PRECIOUS STONE JEWELLERY PURCHASES WORTH USD 1000
NO MAKING CHARGES ON 8GM GOLD COINS
0% DEDUCTION ON OLD GOLD EXCHANGE
10% PAY IN ADVANCE AND GET GUARANTEED GOLD RATE PROTECTION
SCAN FOR LATEST JEWELLERY COLLECTION
OFFER VALID UNTIL 3RD NOV. 2024
*Conditions apply / Not applicable for Gold Bars, Gold coins & 24kt Jewellery
joyalukkas.com
Joyalukkas
World's favourite jeweller
ATLANTA
3155 PEACHTREE PKWY, SUWANEE GA 30024, USA, TEL: +1 470 835 6136
NEW JERSEY
1665 OAK TREE ROAD, SUIT #325, EDISON, NEW JERSEY. TEL: +1 732 515 9902
HOUSTON
5901 HILCROFT AVENUE, #C7-A, HOUSTON, TEXAS. TEL: +1 713 784 2992
CHICAGO
2642 WEST DEVON AVENUE, CHICAGO, ILLINOIS. TEL: +1 773 856 3013
DALLAS
7055 PRESTON ROAD FRISCO, DALLAS, TEXAS - 75034. TEL: +1 972 292 9936

# ഹമാസ് കീഴടങ്ങി ബന്ദികളെ മോചിപ്പിച്ചാൽ യുദ്ധം തീരുമെന്നു നെതന്യാഹു



ഹമാസ് ഭീകര സംഘത്തിന്റെ മേധാവി യഹ്യ സിൻവറെ ഐ ഡി എഫ് വധിച്ചതായി ഇസ്രയേലി വിദേശകാര്യ മന്ത്രി ഇസ്രയേൽ കാറ്റ്സ് സ്ഥിരീകരിച്ചു. ഇസ്രയേലിൽ കഴിഞ്ഞ വർഷം ഒക്ടോബർ 7നു ഹമാസ് നടത്തിയ കൂട്ടക്കൊലയുടെ സൂത്രധാരൻ എന്ന നിലയിൽ ഐ ഡി എഫ് ഏറ്റവും ഊർജിതമായി തേടിയിരുന്ന സിൻവർ (61) കൂടി കൊല്ലപ്പെട്ടതോടെ സംഘടനയുടെ നട്ടെല്ലൊടിഞ്ഞു എന്നാണ് നിഗമനം.

എന്നാൽ ഇസ്രയേലിന്റെ ദൗത്യം പൂർത്തിയായില്ല എന്നു പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു പറഞ്ഞു. 'ഹമാസ് ആയുധം വച്ചു കീഴടങ്ങി ബന്ദികളെ തിരിച്ചു നൽകിയാൽ യുദ്ധം നാളെ അവസാനിക്കും.'

സിൻവറുടെ അവസാന നിമിഷങ്ങൾ ഒരു ഇസ്രയേലി ഡ്രോൺ പകർത്തിയത് പുറത്തു വന്നിട്ടുണ്ട്. ഡ്രോൺ അടിച്ചു തകർക്കാൻ ഒരു മരക്കഷണം കൊണ്ടു അദ്ദേഹം ശ്രമം നടത്തുന്നത് വിഡിയോയിൽ കാണാം.

റഫയിലെ ഒരു കെട്ടിടത്തിൽ ഐ ഡി എഫ് നടത്തിയ ആക്രമണത്തിൽ പരുക്കേറ്റ സിൻവർ മുഖം തുണി കൊണ്ടു മറച്ചു ഒറ്റയ്ക്കു ഒരിടത്തു ഇരിക്കുന്നതു കാണാം.

തുടർന്നുണ്ടായ രണ്ടാമത്തെ ആക്രമണത്തിലാണ് സിൻവർ കൊല്ലപ്പെട്ടത്. തടവുകാരൻ ആയിരുന്നപ്പോൾ എടുത്ത ഡി എൻ എ ഉപയോഗിച്ചു പരിശോധന നടത്തിയാണ് ഐ ഡി എഫ് സിൻവറാണ് കൊല്ലപ്പെട്ടതെന്നു സ്ഥിരീകരിച്ചത്.

ദീർഘകാലം ഹമാസിനെ നയിച്ച ഗാസ മുൻ പ്രധാനമന്ത്രി ഇസ്മയിൽ ഹനിയെ ടെഹ്റാനിൽ വച്ച് ജൂണിൽ വധിക്കപ്പെട്ട ശേഷമാണു സിൻവർ ആ സ്ഥാനത്തേക്കു വന്നത്. കഴിഞ്ഞ മാസം ലെബനനിൽ ഹിസ്ബൊള്ള തലവൻ ഹസൻ നസ്രള്ളയെ കൂടി വധിച്ചതോടെ ഇസ്രയേൽ വലിയ നേട്ടമാണ് കൊയ്തത്.

എന്നാൽ ഗാസയിൽ ഹമാസിന്റെ ബന്ദികളായി കഴിയുന്ന നൂറോളം പേരുടെ ജീവന് ഇതു കൂടുതൽ ഭീഷണിയാവുന്നു എന്ന ആശങ്കയുമുണ്ട്.

ബുധനാഴ്ച്ച ഗാസയിൽ നടന്ന പോരാട്ടത്തിൽ മൂന്നു ഹമാസ് ഭീകരരെ വധിച്ചതായി വെളിപ്പെടുത്തിയ ഐ ഡി എഫ്, സിൻവർ കൊല്ലപ്പെട്ടോ എന്നു പരിശോധിച്ചു വരികയാണെന്നു പറഞ്ഞിരുന്നു. വ്യാഴാഴ്ച്ച സിൻവറുടെ മരണം ഐ ഡി എഫ് മേധാവി ലെഫ് കേണൽ ഹെർസി ഹെലാവി സ്ഥിരീകരിച്ചു. ഒരു വർഷം നീണ്ട ധീരമായ വേട്ട ആയിരുന്നു അതെന്നു അദ്ദേഹം പറഞ്ഞു.

**യഹ്യ സിൻവറുടെ മരണത്തോടെ ഹമാസ് ഒരു വഴിത്തിരിവിൽ എത്തിയെന്നു കരുതുന്ന നിരീക്ഷകർ പക്ഷെ ഗാസയിൽ അവരുടെ പിടിയിൽ കഴിയുന്ന നൂറോളം പേരുടെ ജീവനു ഭീഷണി ഉണ്ടാവാം എന്ന ആശങ്ക ഉയർത്തുന്നു. സിൻവറുടെ പിൻഗാമി അദ്ദേഹത്തിന്റെ ശൈലി പിന്തുടരുന്ന സഹോദരൻ മുഹമ്മദ് ആവാം എന്നാണ് നിഗമനം. അങ്ങിനെയെങ്കിൽ ബന്ദികളെ കൂട്ടക്കൊല ചെയ്തു യുദ്ധം തുടരാനുള്ള സാധ്യത ഉയരുന്നു.**



'ഇസ്രയേലി പൗരന്മാർക്കു ഭീഷണി ഉയർത്തുന്ന ഒരൊറ്റ ആളെയും ബാക്കി വയ്ക്കാതെ ഞങ്ങൾ തീർക്കും.'

യഹ്യ സിൻവറുടെ മരണത്തോടെ ഹമാസ് ഒരു വഴിത്തിരിവിൽ എത്തിയെന്നു കരുതുന്ന നിരീക്ഷകർ പക്ഷെ ഗാസയിൽ അവരുടെ പിടിയിൽ കഴിയുന്ന നൂറോളം പേരുടെ ജീവനു ഭീഷണി ഉണ്ടാവാം എന്ന ആശങ്ക ഉയർത്തുന്നു. സിൻവറുടെ പിൻഗാമി അദ്ദേഹത്തിന്റെ ശൈലി പിന്തുടരുന്ന സഹോദരൻ മുഹമ്മദ് ആവാം എന്നാണ് നിഗമനം. അങ്ങിനെയെങ്കിൽ ബന്ദികളെ കൂട്ടക്കൊല ചെയ്തു യുദ്ധം തുടരാനുള്ള സാധ്യത ഉയരുന്നു.

കണ്ണിനു കണ്ണ് എന്ന നയമാണ് ഹമാസ് പിന്തുടർന്നു വന്നതെന്നു വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. 2006ൽ ഇസ്രയേലി സൈനികൻ ഗിലാദ് ഷാലിത്തിനെ തട്ടിയെടുത്ത റെയ്ഡ് സംഘടിപ്പിച്ചത് മുഹമ്മദ് ആയിരുന്നു. യഹ്യ സിൻവർ ഉൾപ്പെടെ 1,000 ഹമാസ് ഭീകരരെ വിട്ടു കൊടുത്താണ് ഇസ്രയേൽ 2011ൽ ഷാലിത്തിനെ വീണ്ടെടുത്തത്.

നയതന്ത്ര പാത ആവാം എന്നു ഹമാസ് തീരുമാനിച്ചാൽ ഖലീൽ അൽ ഹയ്യ തലപ്പത്തേക്കു വരാനാണ് സാധ്യത. കയ്റോയിലും ദോഹയിലും ചർച്ചകളിൽ പങ്കെടുത്തത് അദ്ദേഹമാണ്.

ഹമാസ് സൈനിക നേതാക്കളെല്ലാം തുടച്ചു നീക്കപ്പെട്ടിരിക്കെ നയതന്ത്ര വഴിയിലേക്ക് അവർ നീങ്ങാം. ഐ ഡി എഫ് ഗാസ വിടാൻ തീരുമാനിച്ചിട്ടുമില്ല.

അതേ സമയം, ഇറാനും ഹിസ്ബൊള്ളയ്ക്കും എതിരെ ഇസ്രയേൽ സൈനിക നീക്കങ്ങൾ ശക്തമാക്കിയ സാഹചര്യത്തിൽ ഹമാസ് നയതന്ത്രത്തിലേക്കു മാറാനുള്ള സാധ്യതയില്ല എന്ന ചിന്തയുമുണ്ട്.

ഹമാസിന്റെ ഇരകൾക്കു നീതി കിട്ടി, സിൻവറുടെ കൈകളിൽ അമേരിക്കൻ രക്തം ഉണ്ടായിരുന്നു: ഹാരിസ്

ഹമാസ് മേധാവി യഹ്യ സിൻവറെ ഇസ്രയേൽ വധിച്ചതോടെ അദ്ദേഹത്തിന്റെ ഇരകൾക്കു നീതി ലഭിച്ചെന്നു വൈസ് പ്രസിഡന്റ് കമലാ ഹാരിസ് പറഞ്ഞു. 'ലോകത്തിനും യുഎസിനും ഇസ്രയേലിനും നല്ലതാണിത്,' പ്രസിഡന്റ് സ്ഥാനാർഥി കൂട്ടിച്ചേർത്തു. 'സിൻവറിന്റെ കൈകളിൽ അമേരിക്കൻ രക്തം പുരണ്ടിരുന്നു.'

ഹമാസ് ഉയർത്തുന്ന ഭീഷണി തുടച്ചു നീക്കുക തന്നെ ചെയ്യണമെന്ന് അവർ അഭിപ്രായപ്പെട്ടു. ഹമാസിന്റെ ഇരകളായ കുടുംബങ്ങൾക്കും ഇന്നു ചെറിയൊരു ആശ്വാസം ലഭിച്ചു.

ഒക്ടോബർ 7 ആക്രമണത്തിന്റെ സൂത്രധാരനായ സിൻവറെ കണ്ടെത്താൻ ഇസ്രയേലിനൊപ്പം യുഎസ് ഇന്റലിജൻസും സഹകരിച്ചിരുന്നു. ആ പ്രവർത്തനങ്ങൾക്കു അവർ അഭിനന്ദനം അർഹിക്കുന്നു.

'ഞങ്ങൾ നീതി നടപ്പാക്കും'

ഇസ്രായേലിനു സ്വയം പ്രതിരോധത്തിന് അവകാശമുണ്ടെന്ന് ഹാരിസ് ചൂണ്ടിക്കാട്ടി.

'അമേരിക്കൻ പൗരന്മാരെ കൊല്ലുന്നവരും ജനങ്ങളെയും സൈന്യത്തെയും ഭീഷണിപ്പെടുത്തുന്നവരും അറിഞ്ഞിരിക്കണം: ഞങ്ങൾ നീതി നടപ്പാക്കും. ഇസ്രയേലിനു സ്വയം പ്രതിരോധത്തിന് അവകാശമുണ്ട്. ഹമാസിന്റെ ഭീഷണി അവസാനിപ്പിക്കണം.'

ഗാസ യുദ്ധം അവസാനിപ്പിക്കാൻ ഇതോടെ അവസരം വന്നുവെന്നും ഹാരിസ് പറഞ്ഞു. 'ഹമാസ് നേതൃത്വം തുടച്ചു നീക്കപ്പെട്ടു. സംഘടന തകർന്നു. ഗാസയിലെ യുദ്ധം അവസാനിപ്പിക്കാൻ ഇതൊരു അവസരമാണ്. ഇസ്രയേലിന്റെ സുരക്ഷ ഉറപ്പാക്കി, ബന്ദികളെ മോചിപ്പിച്ച്, ഗാസയുടെ ദുരിതം അവസാനിപ്പിക്കണം. പലസ്തീൻ ജനതയ്ക്കു സ്വന്തം അന്തസിനുള്ള അവകാശം അംഗീകരിക്കണം. അവർക്കു സുരക്ഷയും സ്വാതന്ത്ര്യവും സ്വന്തം ഭരണം തിരഞ്ഞെടുക്കാനുള്ള അവകാശവും കിട്ടണം.'

പ്രസിഡന്റ് ജോ ബൈഡനും നേരത്തെ പുതിയ സംഭവ വികാസത്തെ സ്വാഗതം ചെയ്തിരുന്നു. 'ലോകത്തു ഒരു ഭീകരനും നീതിയിൽ നിന്നു ഒളിച്ചോടാൻ കഴിയില്ല,' അദ്ദേഹം പറഞ്ഞു.

യഹ്യ സിൻവറിന്റെ മരണം നല്ല വാർത്തയെന്ന് പ്രസിഡന്റ് ബൈഡൻ

വാഷിംഗ്ടൺ, ഡിസി: ഹാമസ് ഭീകരൻ

യഹ്യ സിൻവറിന്റെ മരണം ഇസ്രയേലിനും ലോകത്തിനും നല്ല വാർത്തയാണെന്ന് പ്രസിഡന്റ് ജോ ബൈഡൻ.



കഴിഞ്ഞ വർഷം ഒക്ടോബർ 7 നു ഇസ്രായേലിൽ ആക്രമണത്തിന്റെ മുഖ്യ സൂത്രധാരനായ യഹ്യ സിൻവാറിനെ ഉന്മൂലനം ചെയ്തത് ഇസ്രായേൽ സ്ഥിരീകരിച്ചപ്പോൾ, ഇത് ഇസ്രായേലിനും ലോകത്തിനും ഒരു 'നല്ല ദിവസമാണ്' എന്ന് പ്രസിഡന്റ് ജോ ബൈഡൻ പ്രതികരിച്ചു.

ഹമാസ് നേതാക്കളെ നിർദാക്ഷിണ്യം പിന്തുടരാൻ അമേരിക്കൻ ഇന്റലിജൻസ് ഇസ്രായേൽ സേനയെ സഹായിച്ചതായി ബൈഡൻ പറഞ്ഞു . ഭീകരരെ ഉന്മൂലനം ചെയ്യാൻ ഇസ്രായേലിന് എല്ലാ അവകാശവും ഉണ്ടെന്നും അദ്ദേഹം ആവർത്തിച്ചു.

'എത്ര കാലമെടുത്താലും ലോകത്തെവിടെയും ഒരു തീവ്രവാദിക്കും നീതിയിൽ നിന്ന് രക്ഷപ്പെടാൻ കഴിയില്ലെന്ന് ഈ അന്ത്യം ഒരിക്കൽ കൂടി തെളിയിക്കുന്നു,' പ്രസിഡന്റ് പറഞ്ഞു.

എന്റെ ഇസ്രായേലി സുഹൃത്തുക്കൾക്ക് ഇത് ആശ്വാസത്തിന്റെയും ഓർമ്മപ്പെടുത്ത



ലിന്റെയും ദിവസമാണെന്നതിൽ സംശയമില്ല. പ്രസിഡന്റ് ഒബാമയുടെ ഉത്തരവനുസരിച്ച് 2011ൽ ഒസാമ ബിൻ ലാദനെ വധിച്ച ശേഷം അമേരിക്കയിലുടനീളം കണ്ട ദൃശ്യങ്ങൾക്ക് സമാനമാണിത് .

ഹമാസ് അധികാരത്തിലില്ലാത്ത ഗാസയിൽ രാഷ്ട്രീയ ഒത്തുതീർപ്പിനുള്ള അവസരമാണിത്. ഇസ്രയേലികൾക്കും ഫലസ്തീനികൾക്കും ഒരുപോലെ മികച്ച ഭാവി പ്രദാനം ചെയ്യുന്നതാണത്. ആ ലക്ഷ്യങ്ങളെല്ലാം നേടിയെടുക്കാൻ യഹ്യ സിൻവർ മറികടക്കാനാകാത്ത തടസ്സമായിരുന്നു. ആ തടസ്സം ഇപ്പോൾ നിലവിലില്ല. പക്ഷേ ഒരുപാട് ജോലികൾ നമ്മുടെ മുന്നിൽ അവശേഷിക്കുന്നു.

ഇന്ന് അതിരാവിലെ, ഗാസയിൽ നടത്തിയ ഒരു ദൗത്യത്തിൽ യഹ്യ സിൻവർ കൊല്ലപ്പെട്ടിരിക്കാമെന്ന് എന്റെ ദേശീയ സുരക്ഷാ ടീമിനെ ഇസ്രായേൽ അറിയിച്ചു. തുടർന്ന് ഡിഎൻഎ പരിശോധനയിൽ സിൻവാർ മരിച്ചുവെന്ന് സ്ഥിരീകരിച്ചു. ഇത് ഇസ്രായേലിനും അമേരിക്കയ്ക്കും, കൂടാതെ ലോകത്തിനും നല്ല ദിവസമാണ്.

കഴിഞ്ഞ വർഷം ഒക്ടോബർ 7 ന് ഇസ്രയേലിനെതിരായ ഹമാസിന്റെ ആക്രമണത്തെക്കുറിച്ച് സംസാരിക്കവേ, ആയിരക്കണക്കിന് ഇസ്രായേലികൾ, ഫലസ്തീനികൾ, അമേരിക്കക്കാർ, 30-ലധികം രാജ്യങ്ങളിൽ നിന്നുള്ള പൗരന്മാർ എന്നിവരുടെ മരണത്തിന് സിൻവാർ ഉത്തരവാദിയാണെന്ന് പ്രസിഡന്റ് കൂട്ടിച്ചേർത്തു.

'ഒക്ടോബർ ഏഴിലെ കൂട്ടക്കൊലകളുടെയും ബലാത്സംഗങ്ങളുടെയും തട്ടിക്കൊണ്ടുപോകലുകളുടെയും സൂത്രധാരനായിരുന്നു അയാൾ . അയാളുടെ നിർദ്ദേശപ്രകാരമാണ് ഹമാസ് ഭീകരർ ഇസ്രായേൽ ആക്രമിച്ചത്. പറയാനാവാത്ത ക്രൂരതയാണ് അവിടെ കാട്ടിയത്. സിവിലിയന്മാരെയും ഹോളോകോസ്റ്റിനെ അതിജീവിച്ചയാളെയും കുട്ടികളെ അവരുടെ മാതാപിതാക്കളുടെ മുന്നിൽ വച്ചും മാതാപിതാക്കളെ കുട്ടികളുടെ മുന്നിൽ വച്ചും അരുംകൊല ചെയ്തു.

ഹോളോകോസ്റ്റിനു ശേഷമുള്ള ജൂതന്മാരുടെ ഏറ്റവും മാരകമായ ദിവസം എന്നാണ് ബൈഡൻ ആക്രമണത്തെ വിശേഷിപ്പിച്ചത്.

ആ ദിവസം 46 അമേരിക്കക്കാർ ഉൾപ്പെടെ 1,200-ലധികം ആളുകൾ കൊല്ലപ്പെട്ടു. ഹോളോകോസ്റ്റിനു ശേഷമുള്ള ജൂതന്മാരുടെ ഏറ്റവും മാരകമായ ദിവസം. 250-ലധികം പേരെ ബന്ദികളാക്കി, 101 പേരെ ഇപ്പോഴും കാണാനില്ല. അതിൽ ഏഴ് അമേരിക്കക്കാരും ഉൾപ്പെടുന്നു, അവരിൽ നാല് പേർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്ന് വിശ്വസിക്കപ്പെടുന്നു. സിൻവാർ ആണ് ഇതിന് ഉത്തരവാദി.

ഗാസയിൽ ഒളിച്ചിരിക്കുന്ന സിൻവറിനെ കണ്ടെത്തുന്നതിന് ഇസ്രായേലും യുഎസും ചേർന്ന് പ്രവർത്തിച്ചിട്ടുണ്ടെന്ന് ബൈഡൻ പറഞ്ഞു.

ഒക്ടോബർ 7 കൂട്ടക്കൊലയ്ക്ക് തൊട്ടുപിന്നാലെ, ഗാസയിൽ ഒളിച്ചിരിക്കുന്ന സിൻവറിനെയും മറ്റ് ഹമാസ് നേതാക്കളെയും കണ്ടെത്താനും ട്രാക്കുചെയ്യാനും സഹായിക്കുന്നതിന് ഇസ്രായേലുമായി ചേർന്ന് പ്രവർത്തിക്കാൻ സ്പെഷ്യൽ ഓപ്പറേഷൻ ഉദ്യോഗസ്ഥരോടും ഇന്റലിജൻസ് പ്രൊഫഷണലുകളോടും ഞാൻ നിർദ്ദേശിച്ചു. ഹമാസിന്റെ നേതാക്കളെ പിന്തുടർന്നു, അവരെ അവരുടെ ഒളിത്താവളങ്ങളിൽ നിന്ന് പുറത്താക്കുകയും ജീവന് വേണ്ടി പലായനം ചെയ്യാൻ നിർബന്ധിതരാക്കുകയും ചെയ്തു.

യഹ്യ സിൻവാറിനെ ഉന്മൂലനം ചെയ്തതിനു അഭിനന്ദനം അറിയിക്കാൻ ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവുമായി സംസാരിക്കുമെന്ന് ബൈഡൻ പറഞ്ഞു.


MALABAR
GOLD & DIAMONDS
Pay 10%
Advance and block the gold rate
Don't let Gold rate fluctuations affect your jewellery purchase
Valid until 29th October, 2024
Get a FREE diamond voucher worth USD 50
ON FIRST BOOKING
until 10th October, 2024
*T&C Apply



# ഇന്ത്യയും കാനഡയും തമ്മിൽ ഒഴിവാക്കാമായിരുന്ന ഒരു തർക്കം

ഖാലിസ്ഥാൻ നേതാവ് ഹർദീപ് സിംഗ് നിജ്ജാർ കാനഡയിൽ വധിക്കപ്പെട്ടതിൽ ഇന്ത്യയുടെ കൈയുണ്ടെന്ന ആരോപണത്തെ പിന്താങ്ങുന്ന തെളിവുകൾ ഇന്ത്യയ്ക്കു നൽകിയിട്ടില്ലെന്ന പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയുടെ കുറ്റസമ്മതത്തിനു പിന്നാലെ, അതാണ് സത്യമെന്ന് ഇന്ത്യ ചൂണ്ടിക്കാട്ടി.

'ഇന്ത്യ സ്ഥിരമായി എടുത്തിരുന്ന നിലപാട് പ്രധാനമന്ത്രി ട്രൂഡോ ഇപ്പോൾ ശരിവയ്ക്കുന്നു,' ഡൽഹിയിൽ വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. 'കാനഡ തെളിവൊന്നും തന്നിട്ടില്ല എന്നു തന്നെയാണ് ഇന്ത്യ പറഞ്ഞു കൊണ്ടിരുന്നത്.'

ഇന്ത്യ-കാനഡ ബന്ധങ്ങൾ വഷളാക്കിയത് ട്രൂഡോ തന്നെയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. കരുതൽ ഇല്ലാത്ത പെരുമാറ്റമാണ് അദ്ദേഹത്തിന്റേത്.

ഇന്ത്യയ്ക്കു തെളിവൊന്നും നൽകിയിട്ടില്ലെന്നു ട്രൂഡോ ബുധനാഴ്ച്ച കാനഡയുടെ അന്വേഷണ സംഘത്തിനു മുന്നിലാണ് സമ്മതിച്ചത്.

ഇന്ത്യ തെളിവ് വേണമെന്നു നിഷ്കർഷിച്ചെന്നു ട്രൂഡോ പറഞ്ഞു. 'അണിയറയിൽ ഇന്ത്യയുടെ സഹകരണം ഞങ്ങൾ ചോദിച്ചിരുന്നു. അവർ തെളിവ് വേണമെന്നു നിഷ്കർഷിച്ചു. അത് നിങ്ങളുടെ സുരക്ഷാ ഏജൻസികളുടെ കൈയിലാണ് ഉള്ളതെന്നു ഞങ്ങൾ ചൂണ്ടിക്കാട്ടി. അവരിൽ നിന്നു നിങ്ങളാണ് തെളിവ് ശേഖരിക്കേണ്ടത്.

'എന്നാൽ നമ്മൾ തെളിവ് നൽകണം എന്ന നിലപാടിൽ അവർ ഉറച്ചു നിന്നു. ആ ഘട്ടത്തിൽ ഇന്റലിജൻസ് മാത്രമാണ് നമ്മുടെ കൈയ്യിൽ ഉണ്ടായിരുന്നത്. അല്ലാതെ വ്യക്തമായ തെളിവ് ആയിരുന്നില്ല. അതുകൊണ്ട് നമുക്ക് ഒന്നിച്ചു അന്വേഷിക്കാം എന്നു നമ്മൾ പറഞ്ഞു.'

### കുറ്റവാളികളെ വിട്ടു തരണമെന്ന ഇന്ത്യയുടെ ആവശ്യം കാനഡ ചെവിക്കൊണ്ടില്ല

കാനഡയിൽ നിന്നു പ്രവർത്തിക്കുന്ന ലോറൻസ് ബിഷ്ണോയ് കുറ്റവാളി സംഘത്തെ വിട്ടു തരണമെന്ന് ഇന്ത്യ ഏതാനും വർഷം മുൻപ് ആവശ്യപ്പെട്ടിരുന്നുവെങ്കിലും കാനഡ അത് ചെയ്തില്ലെന്നു ഡൽഹിയിൽ വിദേശകാര്യ മന്ത്രാലയം വ്യാഴാഴ്ച്ച പറഞ്ഞു.

അടുത്ത കാലത്തും സംഘത്തിലെ അംഗങ്ങളെ ഇന്ത്യ ചോദിച്ചിരുന്നുവെന്നു വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. കാനഡ ഇതുവരെ പ്രതികരിച്ചിട്ടില്ല. ഗുർജീത് സിംഗ്, ഗുർജിന്ദർ സിംഗ്, അർഷദീപ് സിംഗ് ഗിൽ, ലഖ്ബീർ സിംഗ് ലാൻഡ, ഗുർപ്രീത് സിംഗ് എന്നിവരെയാണ് ഇന്ത്യ ആവശ്യപ്പെട്ടത്. 26 പേരെയെങ്കിലും ഒരു പതിറ്റാണ്ടിനിടയിൽ ഇന്ത്യ ചോദിച്ചിരുന്നു.

ഇന്ത്യക്കെതിരെ പ്രവർത്തിക്കുന്നവരെ തടയാൻ കഴിയില്ലെന്ന നിലപാട് എടുത്ത കാനഡ ഇപ്പോഴും അഭിപ്രായ സ്വാതന്ത്ര്യമാണ് അതിനു ന്യായമായി ഉന്നയിച്ചതെന്നു ജയ്സ്വാൾ പറഞ്ഞു.

കാനഡയിൽ ഖാലിസ്ഥാൻ നേതാവ് നിജ്ജാറെ കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ടു പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ കഴിഞ്ഞ ദിവസം ബിഷ്ണോയിയുടെ പേര് പറഞ്ഞിരുന്നു. ഇന്ത്യൻ ഉദ്യോഗസ്ഥർ അയാളെ ബന്ധപ്പെട്ടു എന്നാണ് ട്രൂഡോയുടെ ആരോപണം. ഇന്ത്യൻ നയതന്ത്ര ഉദ്യോഗസ്ഥർ കനേഡിയൻ പൗരന്മാരെ കുറിച്ചുള്ള വിവരങ്ങൾ ബിഷ്ണോയ്ക്കു കൈമാറി എന്നും ട്രൂഡോ പറഞ്ഞു.

കാനഡയിലെ കുറ്റവാളി സംഘങ്ങളെ കുറിച്ച് ഇന്ത്യ ആശങ്ക അറിയിച്ചത് അവർ ഇന്ത്യൻ വംശജർക്കു ഭീഷണി ഉയർത്തുന്നു എന്നതിനാലാണ്. കാനഡയിൽ കുറ്റം

ചെയ്യുന്നവരുമായി ഇന്ത്യയെ ബന്ധപ്പെടുത്തുന്നത് വിചിത്രമാണെന്നു ജയ്സ്വാൾ പറഞ്ഞു.

### കാനഡയുമായി അന്വേഷണത്തിൽ സഹകരിക്കണമെന്ന് ഇന്ത്യയോടു ബ്രിട്ടൻ

കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ ഇന്ത്യക്കെതിരെ ഉന്നയിച്ച ആരോപണങ്ങൾക്കു തെളിവൊന്നും നൽകിയിട്ടില്ലെന്നു ഇന്ത്യ ആവർത്തിച്ചു വ്യക്തമാക്കിയെങ്കിലും ഇന്ത്യ കാനഡയുമായി സഹകരിക്കണമെന്ന് ബ്രിട്ടൻ ബുധനാഴ്ച്ച ആവശ്യപ്പെട്ടു. ട്രൂഡോയും ബ്രിട്ടിഷ് പ്രധാനമന്ത്രി കിയർ സ്റ്റാർമറും തമ്മിൽ ചൊവാഴ്ച സംസാരിച്ചിരുന്നു.

കാനഡയുടെ നിയമ പ്രക്രിയയുമായി ഇന്ത്യ സഹകരിക്കുന്നതാണ് ശരിയായ നടപടിയെന്ന് ബ്രിട്ടീഷ് ഫോറിൻ ഓഫിസ് പറഞ്ഞു. 'കാനഡയിലെ സ്വതന്ത്രമായ അന്വേഷണങ്ങളിൽ പറയുന്ന ഗൗരവമായ സംഭവ വികാസങ്ങളെ കുറിച്ച് ഞങ്ങൾ അവരുമായി ബന്ധപ്പെട്ടിരുന്നു. കാനഡയുടെ നീതിന്യായ സംവിധാനത്തിൽ ബ്രിട്ടനു പൂർണ വിശ്വാസമുണ്ട്. പരമാധികാരത്തെയും നിയമവാഴ്ചയെയും ആദരിക്കേണ്ടത് ഏറ്റവും ആവശ്യമാണ്.'

കാനഡയിൽ നിന്നു നയതന്ത്ര ഉദ്യോഗസ്ഥരെ പിൻവലിക്കാൻ ഇന്ത്യ തീരുമാനിച്ച ശേഷം ട്രൂഡോ സ്റ്റാർമറെ വിളിച്ചു സംസാരിച്ചിരുന്നു. 'ഇന്ത്യാ ഗവൺമെന്റിന്റെ ഏജന്റുമാർ കനേഡിയൻ പൗരന്മാരെ ലക്ഷ്യം വച്ചു നടത്തുന്ന നീക്കങ്ങളുമായി ബന്ധപ്പെട്ടു അടുത്തുണ്ടായ സംഭവ വികാസങ്ങൾ' ചർച്ച ചെയ്തുവെന്നു ട്രൂഡോയുടെ ഓഫീസ് പറഞ്ഞു.

ഈ ഗൗരവമായ വിഷയം കൈകാര്യം ചെയ്യുന്നതിലും ഇന്ത്യയുമായുള്ള സഹകരണം തുടരുന്നതിലും കാനഡയ്ക്കു തുടർന്നും താത്പര്യമുണ്ടെന്നു ഓഫിസ് പറഞ്ഞു.

ബ്രിട്ടനും കാനഡയും രഹസ്യാന്വേഷണ വിഷയങ്ങൾ പങ്കുവയ്ക്കുന്ന ഫൈവ് ഐസ് എന്ന സഖ്യത്തിൽ അംഗങ്ങളാണ്. യുഎസ്, ഓസ്ട്രേലിയ, ന്യൂ സിലൻഡ് എന്നീ രാജ്യങ്ങളും ഈ സഖ്യത്തിലുണ്ട്.

കാനഡയുടെ ആരോപണം തള്ളിയ ഇന്ത്യ, അവർ യാതൊരു തെളിവും പങ്കുവച്ചിട്ടില്ലെന്നു വ്യക്തമാക്കിയിട്ടുണ്ട്.

### കനേഡിയൻ പ്രധാനമന്ത്രിയുടെ ഓഫീസുമായി കഴിഞ്ഞ മൂന്ന് വർഷമായി നിരന്തരം ബന്ധപ്പെടുന്നുണ്ട്: വെളിപ്പെടുത്തി ഗുർപത്വന്ത് സിംഗ് പന്നൂൻ

ഒട്ടാവ: ഇന്ത്യയ്ക്കെതിരായ വിവരങ്ങൾ നല്കാൻ തങ്ങളുടെ സിഖ് ഫോർ ജസ്റ്റിസ്, കനേഡിയൻ പ്രധാനമന്ത്രിയുടെ ഓഫീസുമായി കഴിഞ്ഞ രണ്ട് , മൂന്ന് വർഷമായി നിരന്തരം ബന്ധപ്പെടുന്നുണ്ടെന്ന് വെളിപ്പെടുത്തി ഖലിസ്ഥാൻ ഭീകരൻ ഗുർപത്വന്ത് സിംഗ് പന്നൂൻ.



ഹർദീപ് സിംഗ് നിജ്ജാറിനെ വധിച്ച 'ഇന്ത്യൻ ഏജന്റുമാർക്ക്' ആവശ്യമായ ലോജിസ്റ്റിക്, ഇന്റലിജൻസ് പിന്തുണ നൽകിയത് കാനഡയിലെ ഇന്ത്യൻ ഹൈക്കമ്മീഷണറായ സഞ്ജയ് വർമയാണെന്ന് കനേഡിയൻ പ്രധാനമന്ത്രിയെ അറിയിച്ചത് സിഖ് ഫോർ ജസ്റ്റിസ് ആണെന്നാണ് പന്നൂൻ അവകാശപ്പെടുന്നത്.

നീതിക്കായും നിയമവാഴ്ചയ്ക്കായും ദേശീയ സുരക്ഷയ്ക്കും വേണ്ടിയുള്ള കാനഡയുടെ അചഞ്ചലമായ പ്രതിബദ്ധത ചൂണ്ടിക്കാട്ടുന്ന പ്രസ്താവനയാണ് ട്രൂഡോയുടേത്. കഴിഞ്ഞ് മൂന്ന് വർഷമായി കനേഡിയൻ പ്രധാനമന്ത്രിയുടെ ഓഫീസുമായി സിഖ് ഫോർ ജസ്റ്റിസ് നിരന്തരം ബന്ധപ്പെടുന്നുണ്ട്, എല്ലാ ചാരശൃംഖലകളെക്കുറിച്ചും ഞങ്ങൾ വിവരം കൈമാറുന്നുണ്ട്'- പന്നൂൻ പറഞ്ഞു.

ഇന്ത്യയിൽ നിരോധിച്ച സിഖ് ഫോർ ജസ്റ്റിസ് എന്ന സംഘടനയുടെ മേധാവിയായ പന്നൂൻ ഏറെ കാലമായി കാനഡയിൽ ഒളിച്ചുതാമസിക്കുകയാണ്. ഖലിസ്ഥാൻ ഭീകരർക്ക് കാനഡ കുടപിടിക്കുകയാണെന്നും മത തീവ്രവാദികൾക്ക് മുൻപിൽ കനേഡിയൻ ഭരണകൂടം കീഴടങ്ങിയെന്നുമുള്ള ഇന്ത്യയുടെ വിമർശനത്തെ സാധൂകരിക്കുന്ന പ്രസ്താവനയാണ് ഖലിസ്ഥാൻ ഭീകരൻ പന്നൂൻ ഇപ്പോൾ നടത്തിയിരിക്കുന്നത്. കാനഡയുടെ അടിസ്ഥാനരഹിതമായ ആരോപണങ്ങളെ തുടർന്ന് ഇന്ത്യൻ ഹൈക്കമ്മീഷണറെയും മറ്റ് നയതന്ത്രജ്ഞരെയും ഇന്ത്യ തിരിച്ചുവിളിക്കുകയും ചെയ്തിരുന്നു

### ഇന്ത്യ-കാനഡ തർക്കം മൂലം വിസകൾ വൈകാൻ സാധ്യത

ഓട്ടവ : ഇന്ത്യ-കാനഡ നയതന്ത്ര ബന്ധം വഷളായതിന് പിന്നാലെ, വിസ പ്രോസസിങ് വൈകിയേക്കുമെന്ന് റിപ്പോർട്ട്. പ്രധാന നയതന്ത്ര ഉദ്യോഗസ്ഥരെ ഇരുരാജ്യങ്ങളും തിരിച്ചുവിളിച്ചതു കൊണ്ടാണ് വിസ നടപടികളിൽ കാലതാമസമുണ്ടാക്കാൻ സാധ്യതയെന്ന് നയതന്ത്ര വിദഗ്ധർ പറയുന്നു.

ആറ് നയതന്ത്ര ഉദ്യോഗസ്ഥരെ ഇന്ത്യ പുറത്താക്കിയ സാഹചര്യത്തിൽ വിസ പ്രോസസിങ് നിർവഹിക്കാനുള്ള സംവിധാനം, ഉദ്യോഗസ്ഥ ബലം എന്നിവയിൽ ഉണ്ടായ പരിമിതികളുടെ അടിസ്ഥാനത്തിൽ വീസ എണ്ണം വെട്ടിക്കുറയ്ക്കുന്നതിനും നടപടികൾ വൈകുന്നതിനും കാരണമായേക്കാമെന്നാണ് മുന്നറിയിപ്പ്. ഇത് കാനഡയിലേക്ക് ഉപരിപഠനത്തിനും തൊഴിലിനുമായി പോകുന്ന ഇന്ത്യൻ വിദ്യാർത്ഥികളെ സാരമായി ബാധിച്ചേക്കും.

സാധാരണ വീസ പ്രോസസിങ് നാലോ ആറോ ആഴ്ചയാണെങ്കിൽ ഇപ്പോൾ ഉണ്ടായിട്ടുള്ള നടപടികളുടെ അടിസ്ഥാനത്തിൽ ഇത് ഇരട്ടിയാകുമെന്ന് ഇമിഗ്രേഷൻ കൺസൾട്ടന്റ് ആയ കുൽദീപ് ബൻസാൽ പറയുന്നു. ഡിസംബർ, ജനുവരി മാസങ്ങളിൽ യാത്ര ചെയ്യാൻ ഉദ്ദേശിക്കുന്നവർ ഇപ്പോൾ തന്നെ വിസക്കായി അപേക്ഷിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. ഇന്ത്യ-കാനഡ തർക്കം തുടരുന്നത് ടൂറിസ്റ്റ് വിസകൾ, വർക്ക് പെർമിറ്റ്, സ്റ്റുഡന്റ് വിസ, സ്പൗസൽ ആപ്ലിക്കേഷൻ തുടങ്ങിയ എല്ലാ അപേക്ഷകളെയും ബാധിക്കുമെന്നും ബൻസാൽ കൂട്ടിച്ചേർത്തു.




India Press Club of North America
MADHYAMASREE
Madhyamaratna
Media Excellence Awards
Jan 10th, 2025, Kochi
India Press Club of North America
I P C N A
PLATINUM
MAIN SPONSOR
SAJAN &
MINI SAJAN
SAJ GROUP
HOTELS & RESORTS
മാധ്യമശ്രീ
മാധ്യമരത്ന
മീഡിയ
എക്സലൻസ്
പുരസ്കാര സന്ധ്യ
ജനുവരി 10ന്
കൊച്ചിയിൽ
മാധ്യമശ്രീ
മാധ്യമരത്ന
പുരസ്കാരം 2024
സാമൂഹിക-
സാംസ്കാരിക-രാഷ്ട്രീയ-
മാധ്യമ രംഗത്തെ പ്രമുഖർ
പങ്കെടുക്കുന്ന സമ്മേളനം!
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Sunil Thymattam Advisory Board Chairman
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374
www.indiapressclub.org
eMail: indiapressclubofna@gmail.com


India Press Club of North America
MADHYAMASREE
Madhyamaratna
Media Excellence Awards
Jan 10th, 2025, Kochi
India Press Club of North America
IPCNA
മാധ്യമശ്രീ
മാധ്യമരത്ന
മീഡിയ
എക്സലൻസ്
പുരസ്കാര സന്ധ്യ
ജനുവരി 10ന്
കൊച്ചിയിൽ
മാധ്യമശ്രീ
മാധ്യമരത്ന
പുരസ്കാരം 2024
സാമൂഹിക-
സാംസ്കാരിക-രാഷ്ട്രീയ-
മാധ്യമ രംഗത്തെ പ്രമുഖർ
പങ്കെടുക്കുന്ന സമ്മേളനം!
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Sunil Thymattam Advisory Board Chairman
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374
www.indiapressclub.org
eMail: indiapressclubofna@gmail.com

# നവീന്റെ ആത്മഹത്യയിൽ കേസിലും ജനകീയ വിചാരണയിലും കുടുങ്ങി പി.പി ദിവ്യ




പി. പി. ദിവ്യ
പ്രസിഡണ്ട്
കണ്ണൂർ ജില്ലാപഞ്ചായത്ത്
ഫോൺ : 0497 2700306, 2700205,
8281040023

'തേജസ്'
ഇരിണാവ് സി.ആർ.സി.ക്ക് സമീപം
ഇരിണാവ് പി. ഒ.,
കണ്ണൂർ
Mob: 9947419446
17-10-2024

തീയതി : ______

നം: ______

കണ്ണൂർ ADM ആയിരുന്ന നവീൻ ബാബുവിന്റെ വേർപാടിൽ
അങ്ങേയറ്റം വേദനയുണ്ട്. ദുഃഖമനുഭവിക്കുന്ന കുടുംബത്തിന്റെ
സങ്കടത്തിൽ ഞാൻ പങ്കു ചേരുന്നു. പോലീസ് അന്വേഷണവുമായി
പൂർണ്ണമായും സഹകരിക്കും. എന്റെ നിരപാധിത്വം നിയമവഴിയിലൂ
ടെ തെളിയിക്കും. അഴിമതിക്കെതിരായ സദുദ്ദേശവിമർശനമാണ്
ഞാൻ നടത്തിയതെങ്കിലും, എന്റെ പ്രതികരണത്തിൽ ചില ഭാഗ
ങ്ങൾ ഒഴിവാക്കേണ്ടതായിരുന്നുവെന്ന പാർട്ടി നിലപാട് ഞാൻ ശരി
വെയ്ക്കുന്നു. ജില്ലാപഞ്ചായത്ത് പ്രസിഡണ്ട് പദവിയിൽ നിന്നും മാ
റിനിൽക്കുന്നതാണ് ഉചിതമെന്ന ബോധ്യത്തിൽ ഞാൻ ആ സ്ഥാനം
രാജി വെയ്ക്കുന്നു. രാജിക്കത്ത് ബന്ധപ്പെട്ടവർക്ക് അയച്ചു കൊടു
ത്തിട്ടുണ്ട്.

പി.പി. ദിവ്യ
പ്രസിഡന്റ്,
കണ്ണൂർ ജില്ലാ പഞ്ചായത്ത്

**എ.എസ് ശ്രീകുമാർ**

മനസാക്ഷിയുള്ള ഏവരെയും സങ്കടക്കടലിലാഴ്ത്തിയ ദൗർഭാഗ്യകരമായ സംഭവമായിരുന്നു കണ്ണൂർ എ.ഡി.എം നവീൻ ബാബുവിന്റെ ആത്മഹത്യ. വാസ്തവത്തിൽ ഇതിനെ ആത്മഹത്യയ്ക്കപ്പുറം ഒരു കൊലപാതകമായി കാണാനേ നമുക്ക് കഴിയുകയുള്ളു. സി.പി.എമ്മിന്റെ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പദവിയിലിരുന്ന് അഹങ്കരിക്കുന്ന പി.പി ദിവ്യയെന്ന മനുഷ്യമൃഗത്തിന്റെ അനവസരത്തിലുള്ള ആക്ഷേപങ്ങളാണ്, നല്ലവരിൽ നല്ലവനെന്ന് സമൂഹം അടയാളപ്പെടുത്തിയ നവീന്റെ ജീവനെടുത്തത്. റവന്യൂ മന്ത്രി കെ രാജൻ തന്നെ നവീൻ സത്യസന്ധനായ ഉദ്യോഗസ്ഥനാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

വ്യാപകമായ പ്രതിഷേധത്തിനിടെ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്ത് നിന്ന് പി.പി. ദിവ്യയെ സി.പി.എം സംസ്ഥാന സെക്രട്ടേറിയറ്റ് നീക്കിയിട്ടുണ്ട്. ഇനി അനിവാര്യമായ കടുത്ത നിയമനടപടികൾക്കും അവർക്ക് വിധേയയാവേണ്ടിവരും. ദിവ്യക്കെതിരെ ആത്മഹത്യാ പ്രേരണ കുറ്റം ചുമത്താമെന്ന നിയമോപദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസെടുത്തിട്ടുണ്ട്. പത്തുവർഷം വരെ തടവു ശിക്ഷ ലഭിക്കാവുന്ന ഐ.പി.സി 108 വകുപ്പ് പ്രകാരമാണ് കേസ്. ദിവ്യയ്ക്കെതിരെ പഴുതുകളില്ലാത്ത അന്വേഷണം വേണമെന്ന് അടങ്ങാത്ത അമർഷത്തോടെ സമൂഹം ഒന്നടങ്കം ആവശ്യപ്പെടുന്നു. നവീന്റെ അസ്വഭാവിക മരണത്തിന് കണ്ണൂർ സിറ്റി പൊലീസ് നേരത്തെ കേസെടുത്തിരുന്നു.

ആത്മാഭിമാനത്തിന് ആഴത്തിൽ മുറിവേറ്റ ഒരു ഉയർന്ന സർക്കാർ ഉദ്യാഗസ്ഥനെ ഇത്തരത്തിൽ മരണത്തിലേയ്ക്ക് നയിച്ച സംഭവങ്ങൾ നമ്മുടെ നാട്ടിൽ അത്യപൂർവമാണ്. വിരമിക്കാൻ ഏതാനും മാസങ്ങൾ മാത്രം ശേഷിക്കെ സർവീസിന്റെ ശിഷ്ടകാലം സ്വന്തം നാട്ടിൽ ഭാര്യയ്ക്കും രണ്ട് പെൺമക്കൾക്കുമൊപ്പം ജീവിക്കാൻ കൊതിച്ച നവീൻ ബാബുവിന്റെ ജീവന് വിലപറഞ്ഞ ദിവ്യെന്ന ജനപ്രതിനിധിയെ മനസുകൊണ്ട് ശപിക്കാത്തവരായി ആരുമുണ്ടാവില്ല.

പത്തനതിട്ട സ്വദേശിയായ നവീൻ ബാബുവിന് സ്വന്തം നാട്ടിലേക്ക് സ്ഥലം മാറ്റം ലഭിച്ചതിനെ തുടർന്ന് സഹപ്രവർത്തകർ കണ്ണൂർ കളക്ടറേറ്റിലെ മിനി കോൺഫറൻസ് ഹാളിൽ ഒരുക്കിയ യാത്ര അയപ്പ് യോഗത്തിലാണ് അനവസരത്തിലുള്ള തന്റെ ദുഷിച്ച വാക്കുകൾ ദിവ്യ യാതൊരു സങ്കോചവുമില്ലാതെ വിളമ്പിയത്. ഈ ചടങ്ങിലേക്ക് ക്ഷണം ഇല്ലാതിരുന്നിട്ടും വല്ലാത്ത ഹിഡൻ അജണ്ടയോടെ ഇവർ വലിഞ്ഞുകയറി എത്തുകയായിരുന്നു.

ഓഫീസിൽ തങ്ങളോടൊപ്പം പ്രവർത്തിച്ച ഒരു ഉദ്യോഗസ്ഥന് യാത്ര അയപ്പ് നൽകുന്നത് ആ വ്യക്തിയോടുള്ള സ്നേഹബഹുമാനങ്ങളുടെ സൂചകമായിട്ടാണ്. ചടങ്ങിൽ സംബന്ധിക്കുന്ന വ്യക്തികളുടെ സംസാരം സ്ഥലം മാറി പോകുന്ന ഉദ്യോഗസ്ഥനോ ഉദ്യോഗസ്ഥയ്ക്കോ ആശംസകളും ആയുരാരോഗ്യ സൗഖ്യങ്ങളും നേർന്നുകൊണ്ടുള്ളതാവണം. നാട്ടുനടപ്പുള്ള ഈ സാമാന്യ മര്യാദ ലംഘിച്ചുകൊണ്ടാണ് ദിവ്യ തന്റെ നാവ് ജില്ലാ കളക്ടറുടെയും സാന്നിധ്യത്തിൽ യാതൊരു ലൈസൻസുമില്ലാതെ പ്രയോഗിച്ചത്.

ആ യാത്ര അയപ്പ് യോഗത്തിന് ഒരിക്ക



ലും യോജിക്കാത്ത ജീർണത മുറ്റിയ വാക്കുകൾ കേട്ട് വേദിയിലിരുന്ന നവീൻ ബാബു ഉരുകുകയായിരുന്നു എന്ന് അദ്ദേഹത്തിന്റെ മുഖഭാവങ്ങൾ വ്യക്തമാക്കി. എ.ഡി.എം നവീൻ ബാബു കൈക്കൂലി വാങ്ങി എന്ന ധ്വനിയാണ് ആ നിലവാരമില്ലാത്ത അഭിപ്രായ പ്രകടനത്തിൽ നിറഞ്ഞു നിന്നത്. വളരെ സന്തോഷത്തോടെ പര്യവസാനിക്കേണ്ടിയിരുന്ന ആ ചടങ്ങ് അങ്ങനെ ശോകമൂകമായി. എന്നാൽ മറുപടി പ്രസംഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ പരാമർശത്തെ പറ്റി നവീൻ ഒരക്ഷരം പോലും പ്രതികരിച്ചില്ല. അത് നവീന്റെ മാന്യത.

യോഗം അവസാനിച്ച ശേഷം തീർപ്പാക്കേണ്ട അവസാന ഫയലുകളിലും സർവീസ് ബുക്കിലും ഒപ്പു വച്ച ശേഷം തകർന്ന മനസോടെ കളക്ട്രേറ്റിന്റെ പടിയിറങ്ങിയ നവീൻ ആറു മണി കഴിഞ്ഞപ്പോൾ ഡ്രൈവർ ഷംസുദ്ദീനെ വിളിച്ച് റെയിൽവേ സ്റ്റേഷനിൽ കൊണ്ടുവിടാൻ ആവശ്യപ്പെട്ടു. രാത്രി ഏഴു മണിയോടെ കണ്ണൂരിലെത്തുന്ന മലബാർ എക്സ്പ്രസിൽ ചെങ്ങന്നൂരിലേയ്ക്ക് പോകാനായിരുന്നു നവീൻ തന്നെ വിളിച്ചതെന്ന് ഷംസുദ്ദീൻ പറയുന്നു. കാറിന്റെ പിൻസീറ്റിൽ ഒന്നും മിണ്ടാതെ വിഷാദ ഭാവത്തിലിരിക്കുകയായിരുന്നു നവീൻ എന്ന് ഷംസുദ്ദീൻ വ്യക്തമാക്കി. കാർ റെയിൽവേ സ്റ്റേഷന് തൊട്ടുമുമ്പ് മുനീശ്വരൻ കോവിലിന് മുന്നിൽ എത്തിയപ്പോൾ ഒരു സുഹൃത്തിനെ കാണണമെന്നു പറഞ്ഞ് നവീൻ അവിടെ ഇറങ്ങി. ഡ്രൈവർ ഷംസുദ്ദീൻ വീട്ടിലേക്ക് മടങ്ങുകയും ചെയ്തു.

ഒക്ടോബർ 15-ാം തീയതി ചൊവ്വാഴ്ച വെളുപ്പാൻകാലം. കണ്ണൂരിൽ നിന്നു വരുന്ന നവീനെ സ്വീകരിക്കാൻ കോന്നി തഹസിൽദാരായ ഭാര്യ കെ മഞ്ജുഷയും മക്കളായ നിരുപമയും നിരഞ്ജനയും മലയാലപ്പുഴ പത്തിശ്ശേരിയിലെ വീട്ടിൽ നിന്ന് ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ പുലർച്ചെ അഞ്ചു മണിക്ക് എത്തിയിരുന്നു. യാത്രക്കാർ ഇറങ്ങി ട്രെയിൻ പോയിട്ടും നവീനെ കാണാതിരുന്നതിനാൽ നവീന്റെ ഫോണിൽ വിളിച്ചെങ്കിലും മറുപടിയില്ലായിരുന്നു. തുടർന്ന് മഞ്ജുഷ ഡ്രൈവർ ഷംസുദ്ദീനെ വിളിച്ചു. നവീൻ സാറിനെ റെയിൽവേ സ്റ്റേഷനു സമീപം ഇറക്കിയെന്നും ഇപ്പോഴെവിയാണെന്ന് അറിയില്ലെന്നും ഡ്രൈവർ മറുപടി പറഞ്ഞു.

ഇതോടെ ധർമസങ്കടത്തിലായ മഞ്ജുഷയും മക്കളും വീട്ടിലേക്ക് മടങ്ങി. മഞ്ജുഷയുടെ അമ്മാവനും പ്രാദേശിക സി.പി.എം നേതാവുമായ ബാലകൃഷ്ണൻ നായരെ മഞ്ജുഷ വിവരം അറിയിച്ചു. ഇതോടെ അദ്ദേഹം കണ്ണൂരിലെ ഓഫീസുമായി ബന്ധപ്പെട്ടു. വിവരമറിഞ്ഞ ഷംസുദീൻ രാവിലെ 7 മണിയോടെ പള്ളിക്കുന്നിലെ ഗസറ്റഡ് ഓഫീസർമാരുടെ ക്വാർട്ടേഴ്സിലെത്തിയപ്പോഴാണ് ജീവനൊടുക്കിയ നിലയിൽ നവീനെ കണ്ടത്. ഈ വിവരം മ്ജുഷയുടെ അമ്മവനെ അറിയിച്ചു. കണ്ണൂർ റെയിൽവേ സ്റ്റേഷനടുത്തുള്ള മുനീശ്വരൻ കോവിലിന്റെ മുന്നിൽ ഒരു സുഹൃത്തിനെ കാണണമെന്ന് പറഞ്ഞിറങ്ങിയ നവീൻ ഒരു ഓട്ടോറിക്ഷയിൽ കോർട്ടേഴ്സിലേക്ക് തിരികെ പോകുകയാണുണ്ടായത്.

ഇതിനിടെ നവീൻ ബാബു പെട്രോൾ പമ്പിന് എൻ.ഒ.സി നൽകാൻ ഒരു ലക്ഷം രൂപ ചോദിച്ചുവെന്നും 98.500 രൂപ നൽകിയെന്നും നിടുവാലൂരിലെ ടി.വി പ്രശാന്തൻ എന്ന വ്യക്തി പറയുന്നുണ്ട്. എന്നാൽ നാട്ടുകാർക്കെല്ലാം പ്രിയപ്പെട്ടവനായ നവീൻ ബാബു കൈക്കൂലി വാങ്ങുന്ന ആളല്ലെന്നും യാതൊരു തലത്തിലുള്ള അഴിമതി നടത്തുന്ന വ്യക്തിയല്ലെന്നും നാട്ടുകാരും സുഹൃത്തുക്കളും ഒരേ ശബ്ദത്തിൽ പറയുന്നു.

നവീൻ കൈക്കൂലി ചോദിച്ചു എന്ന് അറിയാമായിരുന്നെങ്കിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ദിവ്യയ്ക്ക് അക്കാര്യം വിജിലൻസിനെ ചട്ടപ്രകാരം അറിയിക്കാമായിരുന്നു. നവീൻ ബാബു അഴിമതിക്കാരനാണെന്ന വിവരം ലഭിച്ചിട്ടും അത് വിജിലൻസിനെ അടക്കം അറിയിക്കാത്തത് ദിവ്യയുടെ കുറ്റകരമായ വീഴ്ച തന്നെയാണ്. കൈക്കുലി ആരോപണത്തിൽ വിജിലൻസ് അന്വേഷണം തുടങ്ങിയിട്ടുണ്ട്. യഥാർത്ഥ വസ്തുത പുറത്തുവരുമെന്നാണ് പ്രതീക്ഷ. ഉപതിരഞ്ഞെടുപ്പുകൾ അടുത്തിരിക്കം സർക്കാരിനും സി.പി.എമ്മിനും മുഖം രക്ഷിക്കേണ്ടതുണ്ട്.

അതേസമയം, ചേരന്മൂല നിടുവാലൂരിൽ പെട്രോൾ പമ്പിന് അനുമതി നൽകേണ്ടത് കളക്ടർ ആയിരിക്കെ എ.ഡി.എമ്മിനെ ഇതിൽ കരുവാക്കി ഇടയിൽ നിന്ന് ചിലർ വിലപേശുകയായിരുന്നു. കാര്യം നടക്കാതായപ്പോൾ ദിവ്യയുടെ നിർദേശപ്രകാരം കൈക്കൂലി ആരോപണത്തിൽ നവീനെ കുടുക്കിയതാണെന്ന ഫോൺ സംഭാഷണം പുറത്തു വന്നിട്ടുണ്ട്. പ്രശാന്തൻ ദിവ്യയുടെ ഭർത്തവും സർക്കാർ ഉദ്യോഗസ്ഥനുമാണ്. സർക്കാർ ഉദ്യാഗസ്ഥർക്ക് ഇത്തരത്തിൽ സ്ഥാപനങ്ങൾ തുടങ്ങാൻ അവകാശമില്ലെന്ന് കേരള സർവീസ് റൂളിൽ വ്യക്തമാക്കുന്നുണ്ട്. അതുകൊണ്ടാണ് പ്രശാന്തനെ ബിനാമിയാക്കിയതെന്നാണ് വിവരം.

ഇതിനിടെ നവീൻ ബാബുവിന് അന്തിമോപചാരം അർപ്പിക്കാൻ സി.പി.എം നേതാക്കൾ കൂട്ടത്തോടെ പത്തനംതിട്ടയിലെ വീട്ടിലെത്തി. പത്തനംതിട്ട മലയാലപ്പുഴയിലെ സജീവ സി.പി.എം പ്രവർത്തകരുടെ കുടുംബമാണ് നവീന്റേത്. ഒരു സി.പി.എം വനിതാ നേതാവിന്റെ വീണ്ടുവിചാരമില്ലാത്ത പ്രവർത്തിയിൽ വലിയ വിമർശനം ഉയർന്നതോടെ ഇതിനെ നേരിടുന്നതിന്റെ ഭാഗമായി കൂടിയാണ് ഈ അസാധാരണ പാർട്ടി പങ്കാളിത്തമുണ്ടായത്. മലയാലപ്പുഴ പത്തിശേരിൽ കാരുവള്ളിയിലെ വീട്ടിലെത്തിച്ച നവീന്റെ മൃതദേഹത്തിൽ ആയിരങ്ങൾ അന്ത്യോപചാരം അർപ്പിച്ച ശേഷം നടന്ന സംസ്കരച്ചടങ്ങുകൾ നേരിട്ടും അല്ലാതെയും കണ്ടവരുടെ കണ്ണുകൾ ഈറനായി.

ഏതായാലും പി.പി ദിവ്യ എന്ന ഔചിത്യബോധമില്ലാത്ത സ്ത്രീ മാന്യതയുടെയും മര്യാദയുടെയും ജനകീയ പൊതുപ്രവർത്തന രീതികളുടെയും അതിർവരമ്പുകൾ, തന്റെ സാമൂഹികവിരുദ്ധമായ നിലപാടുകളിലൂടെ ലംഘിച്ചിരിക്കുന്നു. മഹത്തായ മലയാള സംസ്കൃതിക്കും പെരുമാറ്റ മൂല്യങ്ങൾക്കും ഇവർ എക്കാലവും ഒരപവാദമായിരിക്കും. നവീന്റെ കുടും ബത്തിന്റെയും ബന്ധുമിത്രാദികളുടെയും പൊതു സമൂഹത്തിന്റെയും മുന്നിൽ ഇവർ ഒരു വേട്ടക്കാരി തന്നെയാണ്. നിയമം കെടുക്കുന്ന ശിക്ഷയ്ക്കപ്പുറമാണ് സമൂഹ മനസാക്ഷി എയ്യുന്ന കൂരമ്പുകളുടെ തീരാവേദന.

# കാനഡയിൽ നടന്ന റീജിയണൽ മാർത്തോമ്മാ കുടുംബ സംഗമം വർണ്ണാഭമായി

**ഷാജി രാമപുരം**

ന്യൂയോർക്ക് : മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്ക ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ കാനഡ റീജിയണലിലെ മാർത്തോമ്മാ ഇടവകളിലെ കുടുംബങ്ങൾ ഒത്തുചേർന്ന് ടോറോന്റോയിലെ ദി കനേഡിയൻ മാർത്തോമ്മാ ഇടവകയിൽ വെച്ച് ഒക്ടോബർ 11 മുതൽ 13 വരെ നടന്ന കുടുംബ സംഗമം വർണ്ണാഭമായി.

വിശ്വാസത്താൽ നെയ്ത കുടുംബങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി നടത്തപ്പെട്ട കുടുംബ സംഗമം ഭദ്രാസനാധ്യക്ഷൻ ബിഷപ് ഡോ. എബ്രഹാം മാർ പൗലോസ് ഉത്ഘാടനം ചെയ്തു. വാട്ടർലൂ മൗണ്ട് സീയോൻ ഇവാഞ്ചലിക്കൽ ലൂതറൻ ചർച്ച് വികാരി റവ.ഡോ.ഫിലിപ്പ് മത്തായി മുഖ്യ പ്രഭാഷകൻ ആയിരുന്നു. റവ.ഡോ. എം.ജെ ജോസഫ്, ഡോ. മേരി ഫിലിപ്പ് , റവ. എബ്രഹാം തോമസ്, ടോം ഫിലിപ്പ്, ജോർജി ജോൺ മാത്യു എന്നിവർ വിവിധ ക്ലാസുകൾക്ക് നേതൃത്വം നൽകി.

സമ്മേളനത്തിൽ കുടുംബങ്ങളുടെ ഐക്യതയും, ആത്മീക വളർച്ചയും പ്രമേയമാക്കി വിപുലമായ ചർച്ചകൾ നടന്നു. കുടുംബങ്ങൾ ആധുനിക കാലത്തു നേരിടുന്ന വെല്ലുവിളികളെ ക്രിസ്തീയ വിശ്വാസത്തിന്റെ പ്രകാശത്തിൽ എങ്ങനെ മറികടക്കാമെന്നു സമ്മേളനം വിലയിരുത്തി. പ്രമുഖ ആത്മികവക്താക്കളും,വൈദീകരും, അനേക കുടുംബാംഗങ്ങളും സംഗമത്തിൽ പങ്കെടുത്തു.

ദി കനേഡിയൻ മാർത്തോമ്മാ ഇടവക വികാരി റവ.റോജി മാത്യൂസ് എബ്രഹാം, കാൽഗറി സെന്റ് തോമസ് മാർത്തോമ്മാ ഇടവക വികാരി റവ. ജോജി ജേക്കബ് എന്നിവർ വൈദീകരെ പ്രതിനിധാനം ചെയ്ത് കൺവീനറുന്മാരായി പ്രവർത്തിച്ചു. ജനറൽ കൺവീനർ ലിസ് കൊച്ചുമ്മന്റെ നേതൃത്വത്തിൽ 14 വിവിധ സബ് കമ്മറ്റികളിലായി അനേകർ കുടുംബ സംഗമത്തിന്റെ വിജയത്തിനായി പ്രവർത്തിച്ചു. അലക്സ് അലക്സാണ്ടർ പബ്ലിസിറ്റി കൺവീനർ ആയിരുന്നു.




13

# V.S. REALTY

Sales ▪ Appraisals ▪ Rentals
▪ Residential ▪ Commercial

**35+ Years of Trust and Service**

Best Time to Buy Your Dream Home with Low Interest Rates



**KALATHIL VARUGHESE**
Lic. Real Estate Broker / Notary Public

Serving, Nassau, Queens, suffolk, West Chester County, NYC

REALTOR® MLS
EQUAL HOUSING OPPORTUNITY

NEW LOCATION

VS Realty, 515 Herricks Road, Suite #3, New Hyde Park, NY 11040
516-741-1850 (O), Cell: 516-984-6591 (C). E-mail: vsrealty@aol.com



# ATTORNEY AT LAW
# VINOD KEARKE



- Accident Cases
- Criminal matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills and Estates

1611 Hillside Ave, New Hyde Park, NY 11040
Phone: 516 326 3350; 516 621 5381
Fax: 516 326 3353, Cell: 616 633 5208

# പ്രസിഡൻസിയിൽ തികഞ്ഞ സംതൃപ്തി : ഡോ.ജേക്കബ് തോമസ്



മീട്ടു റഹ്മത്ത് കലാം

ഡൊമിനിക്കൻ റിപ്പബ്ലിക്കിലെ പുന്റ കാനയിൽ ഓഗസ്റ്റ് 8 മുതൽ 11 വരെ നടന്ന ഫോമായുടെ അന്തർദേശീയ കൺവൻഷനെക്കുറിച്ചും പ്രസിഡന്റ് എന്ന നിലയിലെ രണ്ടുവർഷക്കാലത്തെ അനുഭവങ്ങളും ഭാവിപരിപാടികളും ഡോ.ജേക്കബ് തോമസ് പങ്കുവയ്ക്കുന്നു...

**കൺവൻഷന് അനുബന്ധമായി അരങ്ങേറിയ എത്നിക് ഫാഷൻ ഷോ ഏറെ പ്രശംസ പിടിച്ചുപറ്റിയിരുന്നല്ലോ, ആരായിരുന്നു അതിന് പിന്നിൽ?**

മുൻ ഭരണസമിതിയിലെ വനിതാ ഫോറം അംഗങ്ങളായ ജൂബി വള്ളിക്കളം,ജാസ്മിൻ പരോൾ,ഷൈനി അബൂബക്കർ എന്നിവരുടെ നിതാന്തമായ പരിശ്രമത്തിന്റെ ഫലമായാണ് 'എത്നിക് ഫാഷൻ ഷോ' മികച്ച രീതിയിൽ നടത്താൻ സാധിച്ചത്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ വസ്ത്രധാരണത്തിന്റെ വൈവിധ്യം കോർത്തിണക്കിക്കൊണ്ട് ആകർഷണീയമായ രീതിയിലായിരുന്നു അവതരണം.സംസ്കാരങ്ങളുടെ സമന്വയം എന്നുതന്നെ പറയാം. ഫോമായുടെ അംഗസംഘടനയിലുള്ള ഇരുപതോളം സ്ത്രീകളാണ് ഷോയിൽ പങ്കെടുത്തത്.

**'റിസോൾവ് ദി അൺറിസോൾവ്' എന്ന സെഷൻ ഏറെ ഉപകാരപ്രദമായിരുന്നല്ലോ?**

ഓഡിറ്റിംഗുമായി ബന്ധപ്പെട്ട് അമേരിക്കൻ മലയാളികൾക്കിടയിൽ സുപരിചിതനായ പി.റ്റി.തോമസാണ് 'റിസോൾവ് ദി അൺറിസോൾവ്' എന്ന സെഷൻ ഹോസ്റ്റ് ചെയ്തത്.ഫോമായുടെ ഓഡിറ്ററായി പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം,നിലവിൽ എമ്പയർ റീജിയന്റെ വൈസ് പ്രസിഡന്റാണ്. നാട്ടിലെ സ്വത്തുവകകളുടെ ക്രയവിക്രയത്തെ സംബന്ധിച്ചുള്ള എല്ലാവിധ സംശയങ്ങൾക്കും പരിപാടിക്കിടെ പി.റ്റി.തോമസ് മറുപടി നൽകി. കേരളത്തിലെ വീടോ സ്ഥലമോ വിൽക്കുമ്പോൾ അടയ്ക്കേണ്ട നികുതിയെപ്പറ്റിയും ആ പണം അമേരിക്കയിൽ കൊണ്ടുവന്നാൽ സാമ്പത്തികപരമായി ഉണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ചും അദ്ദേഹം വിശദമായി സംസാരിച്ചു. വിനോദപരിപാടികൾക്കൊപ്പം ഇത്തരം ഉപകാരപ്രദമായ പരിപാടികൾക്കൂടി കൺവൻഷനിൽ ഉൾപ്പെടുത്താൻ സാധിച്ചതിൽ സന്തോഷമുണ്ട്.

**സംഗീതത്തിലൂടെ രോഗശാന്തി ലഭ്യമാക്കുന്ന ഡോ.ഫാ.പോൾ പൂവത്തിങ്കലിനെ വിശിഷ്ടാതിഥിയായി ലഭിച്ച അനുഭവം?**

കൺവൻഷന്റെ രജിസ്ട്രേഷൻ ചെയർമാനായ സാജൻ മൂലപ്ലാക്കലും സൈജനും ചേർന്നാണ് ഡോ.ഫാ.പോൾ പൂവത്തിങ്കലിന്റെ മ്യൂസിക് ഹീലിംഗ് തെറാപ്പിയെക്കുറിച്ച് എന്നോട് പറഞ്ഞത്. വ്യത്യസ്തമായ പരിപാടി എന്ന നിലയിൽ അതുകൂടി കൺവൻഷനിൽ വേണമെന്ന് തോന്നി. നമ്മുടെ ഭാഗ്യത്തിന് ആ സമയത്ത് അദ്ദേഹം അമേരിക്കയിൽ എത്തിച്ചേരുകയും ചെയ്തു. പാട്ടുകൊണ്ടും വൈദ്യോപകരണങ്ങളിലൂടെ ഉയരുന്ന സംഗീതംകൊണ്ടും അദ്ദേഹം അക്ഷരാർത്ഥത്തിൽ വേദിയിൽ വിസ്മയം തീർത്തു.

**ക്രിക്കറ്റ് മത്സരവും ബീച്ച് വോളിബോൾ ടൂർണമെന്റും ഡൊമിനിക്കൻ റിപ്പബ്ലിക് പോലൊരു വിദേശ രാജ്യത്ത് സംഘടിപ്പിക്കുക പ്രയാസമായിരുന്നോ?**

ഫോമാ ജനറൽ സെക്രട്ടറി ഓജസ് ജോണാണ് കായിക മത്സരങ്ങൾ നടത്തിയാൽ കൺവൻഷൻ മറ്റൊരു ലെവലിലേക്ക് ഉയരുമെന്ന നിർദ്ദേശം വച്ചത്. അത് സത്യമായിരുന്നു. പിഞ്ചു ജോൺ, മാത്യു ബോബി ജോഷ എന്നിവർ ചേർന്നാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് മേൽനോട്ടം വഹിച്ചത്. അമേരിക്കയിലെ വിവിധ റീജിയനുകളിൽ ഇത്തരം മത്സരങ്ങൾ നടത്തി പ്രാവീണ്യമുള്ളവർ പിന്നിൽ പ്രവർത്തിച്ചതുകൊണ്ട് കാര്യങ്ങൾ ഭംഗിയായി നടന്നു.ന്യൂയോർക്ക് റീജിയനാണ് വിജയിച്ചത്.

**12 റീജിയനുകൾക്കും ഒരേ വലിപ്പത്തിലുള്ള ബാനർ ആയിരുന്നല്ലോ?**

എല്ലാ റീജിയനും തമ്മിലുള്ള ഒരുമ പ്രതീകാത്മകമായി ബാനറിലൂടെ കാണിക്കാനായിരുന്നു ഉദ്ദേശം.നാട്ടിൽ നിന്നാണ് അത് രൂപകൽപന ചെയ്തതത്. ഓരോ റീജിയനും അനുയോജ്യമായ ചിഹ്നങ്ങളും നൽകി. ഉദാഹരണത്തിന് കാലിഫോർണിയ റീജിയനു കരടിയും,എംപയർ റീജിയന് എംപയർ സ്റ്റേറ്റ് ബിൽഡിങ്ങിന്റെ പടവും ബാനറിൽ ഉൾച്ചേർത്തു.

**രജിസ്റ്റർ ചെയ്ത എല്ലാവർക്കും ആറന്മുള വാൽക്കണ്ണാടി വിതരണം ചെയ്തിരുന്നല്ലോ?**

പ്രളയാനന്തരം ഏറെ ബുദ്ധിമുട്ട് നേരിട്ട ഒരു വിഭാഗമാണ് ആറന്മുള വാൽക്കണ്ണാടി

നിർമ്മിക്കുന്നവർ.1500 രൂപയാണ് ഒന്നിന്റെ വില. പൈതൃക പദവിയുള്ള വാൽക്കണ്ണാടി സമൃദ്ധിയുടെയും നിറവിന്റെയും പ്രതീകം കൂടിയാണ്. 400 എണ്ണം ഓർഡർ ചെയ്ത് വരുത്തി. കൺവൻഷന് രജിസ്റ്റർ ചെയ്ത വർക്കും ക്ഷണിക്കപ്പെട്ട അതിഥികൾക്കും ഫോമായുടെ എംബ്ലമുള്ള ബാഗിൽ സുവ നീറും അക്ഷരകേരളം ത്രൈമാസികയുടെ കോപ്പിയും വാൽക്കണ്ണാടിയും നൽകി.സജി എബ്രഹാമും പ്രദീപ് നായരും സാജൻ മൂല പ്ലാക്കലും കുര്യാക്കോസ് വർഗീസും അതി ന് വേണ്ടി ഒരുപാട് അദ്ധ്വാനിച്ചു.

**കൺവൻഷന്റെ രജിസ്ട്രേഷൻ തുടങ്ങുന്ന സമയത്ത് കുറച്ചുനേരത്തേക്ക് പ്രസിഡന്റ് സ്ഥലത്തില്ലായിരുന്നല്ലോ?**

എന്റെയും ഹോട്ടൽ കോ-ഓർഡിനേറ്ററു ടെയും പേരിലാണ് ഓഗസ്റ്റ് 6,7,8 തീയതിക ളിൽ കസ്റ്റംസ് ക്ലിയറൻസിന് ശേഷം മറ്റു രാ ജ്യങ്ങളിൽ നിന്ന് വാൽക്കണ്ണാടി അടക്കമുള്ള സാധനങ്ങൾ എത്തിയത്. ക്ലിയറൻസിന്റെ പ ുറകെ പോകേണ്ടി വന്നതുകൊണ്ടാണ് കു റച്ചുനേരത്തേക്ക് മാറിനിൽക്കേണ്ടിവന്നത്. കൺവൻഷൻ വേദിയിൽ നിന്ന് 200 മൈൽ അകലെ ഡൊമിനിക്കൻ റിപ്പബ്ലിക്കിന്റെ ത ലസ്ഥാന നഗരമായ സാന്തോ ഡോമിംഗോ യിൽ ഫെഡറൽ എക്സ്പ്രസിന്റെയും ക സ്റ്റംസിന്റെയും നടുവിൽ നിൽക്കുമ്പോഴാണ് ഫോണിൽ തുരുതുരെ കോൾ വരികയും ഞാൻ 5 മണിയോടെ എത്തിച്ചേരുകയും ചെയ്തത്.അനിതാ നായർ പരിപാടി സംഘ ടിപ്പിക്കാൻ ഒരുപാട് സഹായിച്ചു. വനിതാ ഫോറത്തിന്റെ മെഗാതിരുവാതിരയും ജോ സ് മണക്കാട്ടിന്റെ നേതൃത്വത്തിലെ ബിസിന സ് മീറ്റിനും മികച്ച അഭിപ്രായമാണ് കേട്ടത്.

**കൺവൻഷൻ ദിനങ്ങളിൽ അംഗങ്ങളുടെ പിറന്നാളും കൊണ്ടാടിയല്ലോ?**

ഫോമാ എന്നത് വലിയൊരു കുടുംബ മാണ്. കുടുംബം ഒത്തുചേരുന്ന ദിവസ ങ്ങളിൽ പിറന്നാളിന് ഇരട്ടിമധുരം ആയി രിക്കുമല്ലോ.അത്തരത്തിൽ കൺവൻഷൻ ദിവസങ്ങളിൽ പിറന്നാളുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കിയിരുന്നു. സാജ് റിസോർട്ട് ഉ ടമയും കൺവൻഷന്റെ ഗ്രാൻഡ് സ്പേ ാൺസറുമായ സാജൻ വർഗീസിന്റെയും ജ ന്മദിനവും അതിനിടയിൽ വന്നു.കേക്ക് മുറി ച്ചായിരുന്നു ആഘോഷം.

**ടിനി ടോമിനും ലക്ഷ്മി ജയനും കൺവൻ ഷന്റെ സമാപന ദിവസമാണല്ലോ എത്തിച്ചേ രാൻ കഴിഞ്ഞത്?**

അമേരിക്കൻ വിസയോ കനേഡിയൻ വി സയോ ഇല്ലാത്തവർക്ക് ജർമ്മനിയിൽ നിന്ന് യാത്രയ്ക്ക് ട്രാൻസിറ്റ് വിസ വേണമെന്ന ത് ടിക്കറ്റ് എടുക്കുമ്പോൾ ആരും പറഞ്ഞി രുന്നില്ല. ടിനിക്കും ലക്ഷ്മിക്കും ട്രാൻസിറ്റ് വിസ ലഭിക്കാത്തതുകൊണ്ട് കൺവൻഷന്




വരാൻ സാധിക്കുമോ എന്ന ആശങ്കയായിരു ന്നു. വേറെ ഫ്ലൈറ്റ് ബുക്ക് ചെയ്ത് അവ സാന ദിവസമെങ്കിലും അവരെ വേദിയിൽ എത്തിച്ചു.ഗ്ലോബൽ കോ-ഓർഡിനേറ്റർ പ്ര ദീപ് നായരാണ് കലാകാരന്മാരെ സമയത്ത് എത്തിക്കാൻ ഏറ്റവുമധികം ബുദ്ധിമുട്ടിയ ത്. ജനറൽ കൺവീനർ സജി എബ്രഹാമും കൺവൻഷൻ ചെയർമാൻ കുഞ്ഞു മാലി യിലും കൺവൻഷൻ വിജയിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിച്ചവരാണ്. സ്വാസികയു ടെ നൃത്തവും ഫ്രാങ്കോയുടെയും സംഘ ത്തിന്റെയും സംഗീതവിരുന്നും ഉണ്ടായിരു ന്നെങ്കിലും ടിനിയും ലക്ഷ്മിയുമാണ് സ്റ്റേജ് ഇളക്കിമറിച്ച് പരിപാടി കൂടുതൽ കളറാക്കി യത്.ടിനി ടോം സ്പാനിഷ് ഗാനം ആലപിച്ച പ്പോൾ പുന്റ കാനയിലെ റിസോർട്ടിലെ സ്പ ാനിഷ് ക്രൂവിന് അതിശയമായി. നൃത്തവും സംഗീതവും അവർക്ക് ലഹരിയാണ്. ഒരേ വേഷം ധരിച്ച സ്പാനിഷ് ക്രൂ, ടിനിയുടെ പ ാട്ടിന്റെ താളത്തിൽ ചുവടുവച്ചത് കാണികൾ ക്കും ഹൃദ്യമായ അനുഭവമായി.

**ഇലക്ഷൻ സമാധാനപരമായിരുന്നല്ലോ?**

അതിന്റെ മുഴുവൻ ക്രെഡിറ്റും സെക്യൂരി റ്റി ചുമതല വഹിച്ച ഷിബു ഉമ്മനാണ്. പെ ാളിറ്റിക്കൽ ഫോറം നയിച്ചത് തോമസ് ടി.ഉ മ്മനും ഓജസ് ജോണും ചേർന്നാണ്.

**സത്യപ്രതിജ്ഞ ചടങ്ങിൽ കാലതാമസമു ണ്ടായതിൽ ചിലർക്ക് പരിഭവമുണ്ടായല്ലോ?**

പത്തു മിനിറ്റുകൊണ്ട് തീരേണ്ട ചടങ്ങ് ഒ രുമണിക്കൂർ നീണ്ടതാണ് ആളുകളെ മുഷി പ്പിച്ചത്. മുൻ വർഷങ്ങളിൽ ലിസ്റ്റ് പ്രകാരം ജുഡീഷ്യൽ കൗൺസിലിന്റെ ചെയർമാൻ മാത്രമാണ് സത്യവാചകം ചൊല്ലിക്കൊടു ത്തിരുന്നത്.ഇത്തവണ അഞ്ച് അംഗങ്ങളും മാറിമാറിവന്നതാണ് സമയം കളഞ്ഞത്.

**ഒക്ടോബർ 26 ന് പുതിയ ഭരണസമിതി അ ധികാരമേൽക്കുകയാണല്ലോ?**

ഞങ്ങളുടെ ഭരണസമിതി പടിയിറങ്ങു മ്പോൾ 60,000 ഡോളറാണ് മിച്ചം പിടിച്ചി ട്ടുള്ളത്. വയനാട് ഹൗസിങ് പ്രോജക്ടിന്റെ ഭാഗമായി പത്ത് വീടുകൾ നിർമ്മിക്കാൻ ഇ തിൽ നിന്ന് 50,000 • കൈമാറും. മുൻ പ്രസി ഡന്റാണ് ഹൗസിങ് പ്രോജക്ടിന്റെ ചെയർ മാൻ. ഞാൻ അതിന്റെ വൈസ്-ചെയറായി പ്രവർത്തിക്കും.

**തിരിഞ്ഞുനോക്കുമ്പോൾ ഈ പ്രസിഡൻ സിയിൽ സംതൃപ്തി തോന്നിയ അനുഭവങ്ങൾ?**

കേരള കൺവൻഷനും, അമേരിക്കൻ കൺവൻഷനും വിജയകരമായതാണ് ഏറ്റ വും സംതൃപ്തി നൽകിയ അനുഭവം. വലി യൊരു തുക മിച്ചം . പിടിച്ചുകൊണ്ട് പടിയി റങ്ങാൻ കഴിയുന്നതും മനസ്സ് നിറയ്ക്കുന്ന ഒന്നാണ്. ഇതൊരു ചരിത്രമാണ്. അനാവശ്യ ചിലവുകൾ ഒഴിവാക്കി വേണ്ടത് മാത്രം ചെ യ്തും സ്പോൺസർമാരെ കണ്ടെത്തിയുമാ ണ് ഇത് സാധ്യമായത്. ഒപ്പം കട്ടയ്ക്ക് നിന്ന എല്ലാവരോടും സ്നേഹവും നന്ദിയും പറ ഞ്ഞാൽ തീരില്ല.ഞാൻ മനസ്സിൽ കാണുന്ന ത് നടപ്പാക്കാൻ ഒരു മടിയും കാണിക്കാതെ ഊർജ്ജസ്വലരായി ഓടി നടന്ന ടീമിനോടാ ണ് നന്ദി. ഓജസ് ജോൺ (ജനറൽ സെക്ര ട്ടറി),ബിജു തോണിക്കടവിൽ(ട്രഷറർ),വൈ സ് പ്രസിഡന്റ് സണ്ണി വള്ളിക്കളം,ജോയിന്റ് സെക്രട്ടറി ജെയ്മോൾ ശ്രീധർ എന്നിവരാ ണ് എന്റെ സാരഥ്യത്തിലെ ഭരണസമിതി യിൽ പ്രവർത്തിച്ചിരുന്നത്. നിയുക്ത ഭരണ സമിതിക്കും ഇതിനേക്കാൾ കൂടുതൽ പണം ബാക്കി വച്ച് എല്ലാ പദ്ധതികളും വിജയിപ്പി ക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

# LIVE Television Channels Streaming of Events

‘VOD’ Video On Demand

Movies | Shows | Photos

Event Tickets

MediaAppUSA



One App for All Media Outlets

Amazon fireTV

ROKU TV

Apple TV

GoogleTV

Samsung TV

LGTV

Panasonic

VIZIO TV

iPhone

Android

Download on the App Store

ANDROID APP ON Google play

Available in App Store or Google Store

Scan the QR Code for instant download

Download ‘MediaAppUSA’

# റോക്ക് ലാൻൻഡ് ഫുഡ് ഫെസ്റ്റിൽ 1500 –ഓളം പേർ, വൻവിജയം




ന്യു യോർക്ക്: റോക്ക് ലാൻഡിൽ നടത്തിയ ഫുഡ് ഫെസ്റ്റിൽ 1500 -ഓളം പേർ പങ്കെടുത്തു. ഫുഡ്ഫെസ്റ് വൻവിജയമെന്ന് സംഘാടകർ.

കൗണ്ടി കൂടി സഹകരിച്ചു ഗെർമൻഡ്സ് പാർക്കിൽ നടത്തിയ ഫുഡ്ഫെസ്റ് ഉത്സവം തന്നെ ആയി. ഇന്ത്യൻ ഭക്ഷണം രുചിക്കാനും കലാപരിപാടികൾ ആസ്വദിക്കാനുമായി ഒട്ടേറെ അമേരിക്കക്കാർ വന്നു എന്നതും പുതുമയായി.

ക്ലാർക്ക്ടൗൺ സൂപ്പർവൈസർ ജോർജ്ജ് ഹോഫ്മാൻ, കോൺഗ്രസംഗം ഗം മൈക്ക് ലോവർ, ന്യു യോർക്ക് സ്റ്റേറ്റ് സെനറ്റർ ബിൽ വെബർ, കൗണ്ടി ലെജിസ്ലേറ്റർ ഡോ. ആനി പോൾ, തുടങ്ങിയവർ പങ്കെടുത്തവരിൽ ഉൾപ്പെടുന്നു. ഈ നൂതന സംരംഭം എല്ലാ വർഷവും തുടരണമെന്നും ഇത് പുതിയൊരനുഭവമാണെന്നും അവർ പറഞ്ഞു.

ഇന്ത്യൻ പാചകരീതിയുടെയും സംസ്കാരത്തിന്റെയും ഒരു പരിച്ഛേദമാണ് സംഘാടകർ ഒരുക്കിയത്. വിവിധ റെസ്റ്റോറന്റുകൾ വ്യത്യസ്തമായ ഭക്ഷണപദാർത്ഥങ്ങളുമായി എത്തി-ലൈവ് പൊറോട്ട മുതലുള്ള കേരളീയ വിഭവങ്ങൾ വാങ്ങാൻ ജനങ്ങളും തടിച്ചു കൂടി.

രുചി ആസ്വദിക്കുന്നതിനൊപ്പം സ്റ്റേജിൽ കലാപരിപാടികളും നടന്നു . സാത്വി



ക ഡാൻസ് അക്കാദമി ആണ് നൃത്തങ്ങൾ അവതരിപ്പിച്ചത്. ആശംസകളുമായി ഒട്ടേറെ പേർ സംസാരിച്ചു.

ഒക്ടോബർ 12 നു രാവിലെ 11 മുതൽ വൈകിട്ട് 6 വരെ ആയിരുന്നു പരിപാടി. അടുത്ത വർഷവും ഇത് തുടരുമെന്ന് സംഘാടകർ അറിയിച്ചു.

പങ്കെടുത്ത എല്ലാവർക്കും അത് പോലെ മുഖ്യ സ്പോൺസർമാരായ നോഹ ജോർജിനും (ഗ്ലോബൽ കൊളിഷൻ) ലിബിൻ ബേബി റിയൽ എസ്റ്റേറ്റിനും സംഘാടകർ പ്രത്യേക നന്ദി പറഞ്ഞു




മുതൽ 29 വരെ മാർത്തോമ്മാ ചർച്ച് ഓഫ് ഡാലസ് ഫാർമേഴ്സ് ബ്രാഞ്ചിൽ വച്ചു നടത്തപ്പെട്ട 22 – മത് മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്ക ഭദ്രാസന യുവജന സഖ്യം കോൺഫറൻസ് അവിസ്മരണീയമായി.




ഡാലസ് മാർത്തോമ്മാ ഇവന്റ് സെന്ററിൽ വ്യാഴാഴ്ച വൈകിട്ട് 5 മണിക്ക് പ്രോസസ്സഷനോട് കൂടി ആരംഭിച്ച കോൺഫറൻസ് ഭദ്രാസനാധ്യക്ഷൻ ബിഷപ് ഡോ.എബ്രഹാം മാർ പൗലോസ് കോൺഫറൻസ് ഉത്ഘാടനം ചെയ്തു. ഹോസ്റ്റിങ് ചർച്ച് ആയ ഡാലസ് ഫാർമേഴ്സ് ബ്രാഞ്ച് ഇടവകയുടെ വികാരിയും, ഫാർമേഴ്സ് ബ്രാഞ്ച് യുവജന സഖ്യത്തിന്റെ പ്രസിഡന്റുമായ റവ. അലക്സ് യോഹന്നാൻ സ്വാഗതവും, വെരി റവ.ഡോ.ചെറിയാൻ തോമസ് ( മുൻ മാർത്തോമ്മാ സഭാ സെക്രട്ടറി), റവ.സാം കെ.ഈശോ (ഭദ്രാസന യുവജനസഖ്യം വൈസ് പ്രസിഡന്റ്), ബിജി ജോബി ( ഭദ്രാസന യുവജനസഖ്യം സെക്രട്ടറി ), ബിജു മാത്യു (കോപ്പൽ സിറ്റി കൗൺസിൽ മെമ്പർ ) എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. സമ്മേളനത്തിൽ സുവനീറിന്റെയും, യുവധാരയുടെയും റിലീസിങ്ങും നടത്തപ്പെട്ടു. കോൺഫറൻസ് ജനറൽ കൺവീനർ ജോബി ജോൺ നന്ദി രേഖപ്പെടുത്തി.






കോൺഫറൻസിന് ബാംഗ്ളൂർ എക്യൂമെനിക്കൽ ക്രിസ്ത്യൻ സെന്റർ ഡയറക്ടറും, വികാരി ജനറാളും ആയ റവ.ഡോ.ശ്യാം പി. തോമസ് മുഖ്യ നേതൃത്വം നൽകി . വിവിധ സെഷനുകളിൽ റവ.ജോസഫ് ജോൺ, റവ.എബ്രഹാം കുരുവിള, റവ. എബ്രഹാം തോമസ്, ഷിനോദ് മാത്യു, ഡോ. ഏബൽ മാത്യു, സിസിൽ ചെറിയാൻ സിപിഎ, ദിലീപ് ജേക്കബ്, സ്റ്റേസി വർഗീസ്, ജോതം സൈമൺ എന്നിവർ നേതൃത്വം നൽകി. കോൺഫറൻസിനോട് അനുബന്ധിച്ച് വിശ്വാസ തികവുള്ള ഭാവി **(Mould - Fashioning A Faith Full Future)**



എന്ന മുഖ്യ ചിന്താവിഷയത്തെ അധികരിച്ച് മാർത്തോമ്മാ യുവജനസഖ്യം ഡാലസ് ഫാർമേഴ്സ് ബ്രാഞ്ച് അവതരിപ്പിച്ച സ്കിറ്റ് , ഗായക സംഘത്തിന്റെ തീം സോങ് എന്നിവ ഏവരുടെയും പ്രശംസ പിടിച്ചുപറ്റി.

ശനിയാഴ്ച നടന്ന സമ്മേളനത്തോടനുബന്ധിച്ച് ഭദ്രാസന യുവജന സഖ്യത്തിന്റെ സിൽവർ ജൂബിലി ആഘോഷിച്ചു. ഭദ്രാസനത്തിന്റെ വിവിധ ഇടവകളിൽ നിന്നായി ഏകദേശം 400 ൽ പരം യുവജനസഖ്യാംഗങ്ങളും, അനേക വൈദീകരും പങ്കെടുത്തു. മുഖ്യചിന്താവിഷയത്തോടനുബന്ധിച്ചുള്ള ക്ലാസുകൾ, കൾച്ചറൽ പ്രോഗ്രാമുകൾ, കിഡ്സ് സെക്ഷനുകൾ, ഗെയിംസ്, നാടൻ തട്ടുകട എന്നിവ ആയിരുന്നു കോൺഫറൻസിന്റ പ്രധാന ആകർഷണം. ഞാറാഴ്ചയിലെ വിശുദ്ധ കുർബാനക്കു ശേഷം നടന്ന സമാപന സമ്മേളനത്തോടനുബന്ധിച്ച് കോൺഫറൻസിനു തിരശീല വീണു.

ഭദ്രാസനാധ്യക്ഷൻ ബിഷപ് ഡോ. മാർ പൗലോസ് 2026-ൽ നടത്തപ്പെടുന്ന ഇരുപത്തി മൂന്നാം യുവജന സഖ്യം കോൺഫറൻസിന്റെ ദീപശിഖ ശാലേം മാർത്തോമ്മാ യുവജന സഖ്യം ന്യൂയോർക്കിന് കൈമാറി. ഭദ്രാസന യുവജന സഖ്യം കൗൺസിലിനു വേണ്ടി ജനറൽ സെക്രട്ടറി ബിജി ജോബി, കോൺഫറൻസ് കമ്മറ്റിക്കു വേണ്ടി കോ- കൺവീനർ റിജാ ക്രിസ്റ്റി എന്നിവർ കോൺഫറൻസിൽ പങ്കെടുത്ത ഏവർക്കും നന്ദി അറിയിച്ചു.











# ഫോമയുടെ ക്രഡൻഷ്യൽ കമ്മിറ്റി നിലവിൽ വന്നു: വിജി എബ്രഹാം ചെയർമാൻ

**ഷോളി കുമ്പിളുവേലി**

**ഫോമാ ന്യൂസ് ടീം**

ന്യൂ യോർക്ക് : വിജി എബ്രഹാം ചെയർമാനായി ഫോമയുടെ പുതിയ ക്രഡൻഷ്യൽസ് കമ്മിറ്റി നിലവിൽ വന്നു.

സെക്രട്ടറിയായി ടോജോ തോമസും , കോർഡിനേറ്റർ ആയി തോമസ് കർത്തനാലും തെരഞ്ഞെടുക്കപ്പെട്ടു. ചാക്കോച്ചൻ ജോസഫും, ജോൺ പാട്ടപതിയുമാണ് കമ്മിറ്റി അംഗങ്ങൾ.

ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട വിജി എബ്രഹാം, ഫോമാ മുൻ നാഷണൽ കമ്മിറ്റി അംഗമാണ്. കേരള സമാജം ഓഫ് സ്റ്റാറ്റൻ ഐലൻഡിന്റ പ്രസിന്റായും ട്രഷറർ ആയും നേതൃപാടവം തെളിയിച്ചിട്ടുള്ള വിജി, ഫോമാ ഹെൽപ്പിംഗ് ഹാൻഡിന്റ പ്രവർത്തങ്ങളിലും നിർണ്ണായകമായ പങ്കു വഹിച്ചിട്ടു.

സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ടോജോ തോമസ്, 'മങ്ക'യുടെ പ്രസിഡന്റായും, ബോർഡ് ഓഫ് ട്രസ്റ്റീ ചെയർമാനായും ഫോമയുടെ മുൻ ആർ.വി.പി യായും നേതൃനിരയിൽ പ്രവർത്തിച്ചിട്ടു.

കോർഡിനേറ്റർ തോമസ് കർത്തനാൽ, ഡിട്രോയിറ്റ് മലയാളി അസോസിയേഷൻ പ്രസിഡന്റയും , ഫോമാ നാഷണൽ കമ്മിറ്റി അംഗമായും സേവനം ചെയ്തിട്ട് . ഫോമാ ഹൗസിങ് പ്രോജക്ടിലും നിർണ്ണായകമായ പങ്കു വഹിച്ചിട്ടു.

കമ്മിറ്റി അംഗമായ ചാക്കോച്ചൻ ജോസഫ്, ഫോമാ സൺഷൈൻ റീജിയണൽ ആർ.വി.പി യായി തന്റെ കഴിവുതെളിയിച്ച വ്യക്തിയാണ്. 'ഒരുമ'യുടെ പ്രസിഡൻറ് ആയും , സെക്രട്ടറിയായും പ്രവർത്തിച്ചിട്ടു.

മറ്റൊരു കമ്മിറ്റി അംഗമായ ജോൺ പാട്ടപതിയും ഫോമാ സെൻട്രൽ റീജിയൺ ആർ.വി.പി യായും നാഷണൽ കമ്മിറ്റി അംഗമായും മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷൻ പ്രസിഡന്റായും നേതൃനിരയിൽ പ്രവർത്തിച്ചിട്ടു. ഷിക്കാഗോയിലെ സാമൂഹിക - സാംസ്കാരിക രംഗത്തെ സജീവ സാന്നിധ്യവുമാണ് ജോൺ പാട്ടപതി.

പുതിയ ക്രഡൻഷ്യൽസ് കമ്മിറ്റിയെ ഫോമ പ്രസിഡൻറ് ബേബി മണക്കുന്നേൽ , ജനറൽ സെക്രട്ടറി ബൈജു വർഗീസ് , ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡൻറ് ഷാലൂ പുന്നൂസ്, ജോയിൻറ് സെക്രട്ടറി പോൾ ജോസ്, ജോയിൻറ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അനുമോദിക്കുകയും , ആശംസകൾ നേരുകയും ചെയ്തു.












Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave, New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road, Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy

# ഹ്യൂസ്റ്റൻ മലയാളികളെ സംഗീത സാഗരത്തിലാറാടിച്ച് ഹൈ – ഓൺ – മ്യൂസിക്

സംഗീതം പെയ്തിറങ്ങിയ രാവിൽ ഹ്യൂസ്റ്റനിൽ സംഗീതത്തിന്റെ മാസ്മരികത സൃഷ്ടിച്ച് വിജയ് യേശുദാസും സിത്താരാ കൃഷ്ണകുമാറും, നിരഞ്ച് സുരേഷും സംഘവും ഹ്യൂസ്റ്റണിൽ നിറഞ്ഞാടുകയായിരുന്നു, ശ്രീ നാരായണ മിഷൻ ഹുസ്റ്റണും യു എസ് ക്യാപിറ്റലൈസ് സൊല്യൂഷനും ചേർന്ന് സംഘടിപ്പിച്ച ഹൈ- ഓൺ-മ്യൂസിക് ഷോ ഹ്യൂസ്റ്റൺ മലയാളി സമൂഹം നിറമനസ്സോടെ ആവേശപൂർവം ഏറ്റെടുക്കുകയായിരുന്നു.

മിസോറി സിറ്റിയിലെ സെന്റ് ജോസഫ് ഹാളിൽ ഒക്ടോബർ പതിമൂന്നിന് വൈകുന്നേരം ആറു മണിക്ക് ആരംഭിച്ച ഈ സംഗീത വിരുന്ന് സമീപകാലത്തു ഹ്യൂസ്റ്റൺ മലയാളികളുടെ ഇടയിൽ നടന്ന ഏറ്റവും സമ്പന്നമായ സംഗീത സദസ്സായിരുന്നു. ശ്രീ നാരായണ ഗുരു മിഷന്റെ ധനശേഖരണാർദ്ധം സംഘടിപ്പിച്ച ഈ പരിപാടി സംഘാടകമികവ് കൊണ്ട് ഹ്യൂസ്റ്റൺ മാളയാളികൾക്കു ഓർമ്മയിൽ എന്നെന്നും കാത്തു സൂക്ഷിക്കാവുന്ന വേറിട്ട ഒരു അനുഭവം തന്നെയായിരുന്നു.

വേണു നാഥും ദേവനന്ദ റജിയും ചേർന്നാലപിച്ച പ്രാർത്ഥനാഗീതത്തോടുകൂടി ആരംഭിച്ച പരിപാടിക്ക് പ്രോഗ്രാം കോർഡിനേറ്റർ ശ്രീ ഉണ്ണി മണപ്പുറത്തു സ്വാഗതം ആശംസിച്ചു.

ഓണാഘോഷ പരിപാടികൾക്കുശേഷം ഒന്നിനി പുറകെ ഒന്നായി നിരവധി സ്റ്റേജ് ഷോകൾ നടന്നിട്ടും ഹ്യൂസ്റ്റൺ മലയാളി സമൂഹം ഈ ഷോയുടെ ടിക്കറ്റ്കൾ ആവേശപൂർവം വാങ്ങിയും വ്യവസായികൾ സ്പോണ്സർഷിപ്പുകൾ നൽകിയും ഇരുകയ്യും നീട്ടി സ്വീകരിച്ചത് തങ്ങളുടെ ആൽമവിശ്വാസം ആവേശപൂര്ണമാക്കി എന്ന് സംഘടനയുടെ വൈസ് പ്രസിഡണ്ട് കൂടിയായ ഉണ്ണി മണപ്പുറത്തു് പരാമർശിക്കുകയുണ്ടായി.

ശ്രീ നാരായണ ഗുരു മിഷന്റെ പ്രസിഡന്റ് ശ്രീ. അനിയൻ തയ്യിൽ നടത്തിയ അദ്ധ്യക്ഷ പ്രസംഗത്തിൽ മിഷന്റെ പ്രവർത്തനങ്ങളെപ്പറ്റിയും ശ്രീ നാരായണ ഗുരുവിന്റെ ആദർശങ്ങൾ പ്രചരിപ്പിക്കേണ്ടതിന്റെ കാലിക പ്രസക്തിയെപ്പറ്റിയും അദ്ദേഹം എടുത്തു പറയുകയുണ്ടായി. പ്രസിഡന്റ് അനിയൻ തയ്യിൽ, അലി ഷെയ്ക്കാനി, ജെയിംസ് ഓലൂട്ടു, സുനിൽ ജോൺ കോര, സ്റ്റാഫ് ഫോർഡ് സിറ്റി മേയർ കെൻ മാത്യു, ജഡ്ജ് സുരേന്ദ്രൻ പട്ടേൽ, മിഷൻ സെക്രട്ടറി ഷൈജി അശോകൻ, ട്രഷറർ രാജീവ് തങ്കപ്പൻ, പ്രോഗ്രാം കോർഡിനേറ്റർ ഉണ്ണി മണപ്പുറത്തു് എന്നിവർ ചേർന്ന് ഭദ്രദീപം തെളിയിച്ച ചടങ്ങിൽ വെച്ച് മുഖ്യ സ്പോൺസർമാരായ അലി ഷെയ്ക്കാനി, ജെയിംസ് ഓലൂട്ടു, സുനിൽ ജോൺ കോര, ഡ്യ . ജോജി ജോർജ്, ഉമ്മൻ വർഗീസ്, പോൾ അഗർവാൾ എന്നിവരെ ആദരിക്കുകയുണ്ടായി. ഇരുപത്തിഅയ്യായിരം ഡോളറിന്റെ ടിക്കറ്റ് വിൽക്കുകയും ഏറ്റവും കൂടുതൽ സ്പോൺസർഷിപ് സംഘടിപ്പിക്കുകയും ചെയ്ത ശ്രീ വിനോദ് വാസുദേവനെ വിജയ് യേശുദാസും പതിനാറായിരം ഡോളറിന്റെ ടിക്കറ്റ് വിറ്റ ശ്രീലേഖാ ഉണ്ണിയെ സിതാര കൃഷ്ണകുമാറും പന്ത്രണ്ടായിരം ഡോളറിലധികം ടിക്കറ്റ് വിൽക്കുകയും സ്പോൺസർമാരെ കണ്ടെത്തുകാട്ടും ചെയ്ത അനിത മധുവിനെ നിരഞ്ചും വേദിയിൽ വെച്ച് ആദരിച്ചു. പ്രോഗ്രാം കോർ കമ്മറ്റി അംഗങ്ങളായ ഉണ്ണി മണപ്പുറത്തു, മധു ചേരിക്കൽ, രേഷ്മാ വിനോദ്, സുബിൻ കുമാരൻ, ഷൈജി അശോകൻ, രാജീവ് തങ്കപ്പൻ, പ്രോഗ്രാംകമ്മറ്റി അംഗങ്ങളായ മനോജ് ഗോപി, പ്രകാശൻ ദിവാകരൻ കഠ ഉപദേഷ്ടാവ് സുജി വാസവൻ, പോലീസ് ഓഫീസർ മനോജ് പൂപ്പാറയിൽ എന്നിവരെയും ഉപഹാരങ്ങൾ നൽകി ആദരിച്ചു.

ഡട കാപ്പിറ്റലയിസ് ഗുരു മിഷന് നൽകിയ 5000 ഡോളറിന്റെ ചെക്ക് ശ്രീലേഖ ഉണ്ണി, മിനി സുബിൻ എന്നിവരിൽ നിന്നും പ്രസിഡന്റ് അനിയൻ തയ്യിൽ ഏറ്റുവാങ്ങി.





സ്പോൺസർഷിപ് ചെയർമാൻ വിനോദ് വാസുദേവൻ നന്ദിപ്രകടനം നടത്തുകയും വളരെ ചുരുങ്ങിയ സമയംകൊണ്ട് ലക്ഷ്യം വെച്ചതിന്റെ ഇരട്ടിയിലധികം തുക സമാഹരിക്കുവാൻ കയ്യയച്ചു സഹായിച്ച സ്പോൺസർമാരേയും ടിക്കറ്റുകൾ വാങ്ങി

ഹാളിൽ നിറ സാന്നിദ്ധ്യമായ കലാപ്രേമികളെയെയും ഷോയുടെ വിജയത്തിനായി അഹോരാർത്ഥം പ്രവർത്തിച്ച ഗുരു മിഷന്റെ പ്രവർത്തകരെയും നന്ദിപൂർവം സ്മരിക്കുന്നതായി അദ്ദേഹം അറിയിച്ചു. ജോളി മനോജ്, ലീല ജയചന്ദ്രൻ, പുഷ്ക്കരൻ സുകുമാരൻ, ജയശ്രീ അനിരുദ്ധൻ,രാഹുൽ, അശോകൻ,ഗോപൻ മണികണ്ടശ്ശേരിൽ എന്നിവരും മിഷന് വേണ്ടി പ്രവർത്തിച്ചു. പ്രോഗ്രാമിന്റെ ങള ആയി നിറഞ്ഞാട്ടിയ രേഷ്മ വിനോദിന്റെ അവതരണ ശൈലി സദസ്യരെ ആവേശത്തിലാക്കുകയും പ്രശംസ പിടിച്ചുപറ്റുകയും ചെയ്തു.





ഉത്ഘാടന ചടങ്ങുകൾക്കുശേഷം മെലഡിയിൽ തുടങ്ങിയ സംഗീത നിശ അധികം വൈകാതെ ആവേശത്തിന്റെ പരകോടിയിലെത്തി. പാട്ടിനൊത്തു നൃത്തം വച്ച സംഗീത പ്രേമികളുടെ ആവേശത്തിൽ മതിമറന്നു വിജയും, സിതുവും നിരഞ്ചും നാല് മണിക്കൂറോളം സദസ്സിനെ ഇളക്കി മറിച്ചു പാടിത്തിമിർത്ത ഇ സംഗീത വിരുന്ന് ഹ്യൂസ്റ്റൺ മലയാളികൾക്ക് എന്നെന്നും ഓർമയിൽ ഓർക്കാൻ കഴിയുന്ന കലാവിരുന്നായിരുന്നു. രണ്ടു മാസത്തെ ഉണ്ണി മണപ്പുറത്തിന്റെയും വിനോദ് വാസുദേവന്റെയും സംഘാടകസമിതിയുടെയും അശ്രാന്ത പരിശ്രമത്തിന്റെയും അർപ്പണബോധത്തിന്റെയും പൂർണതയിലെത്തി രാത്രി പത്തര മണിയോടെ സദിരുകഴിഞ്ഞു യവനിക വീണു സംഗീതശാലയിലാളൊഴിഞ്ഞു.

വാർത്ത അയച്ചത് : ശങ്കരൻകുട്ടി




Blue Ocean Wealth Solutions
2200 Northern Blvd. Suite 200
East Hills, NY 11548
Ph: 516-326-7033
Cell: 516-902-4300
Fax: 516-326-7055
Slukose@financialguide.com
www.sabulukose.com

NAIFA

Member MDRT®


Blue Ocean Wealth Solutions
A member of the MassMutual Financial Group

**SABU LUKOSE, MBA**
Financial Services Representative
Financial Advisor
Registered Representa5ve
Platinum Conference
Member Million Dollar Round Table (MDRT)

Retirement Planning
Investment Strategies
Life Insurance
Education Funding
Business Solutions
Estate Conservation Strategies

: 516-902-4300

MassMutual Financial Group is a marketing name for Massachusetts Mutual Life Insurance Company (MassMutual) and its affiliated companies and sales representatives. Sabu Lukose is a registered representative of and offers securities and investment advisory services through MSI Financial Services, Inc. Member SIPC. Some health insurance products offered by unaffiliated insurers. L0916477867[exp0717][AZ,IL,IN,KS,MA,MD,MI,NJ,NY,PA,TX] .


www.isaac4assembly90.com
EVERYONE WINS WITH ISAAC
Policies
JOHN ISAAC WILL END SANCTUARY POLICIES
John Isaac will repeal the radical laws Nader Sayegh rubber-stamped that made New York less safe by welcoming violent gangs from Central and South America, costing taxpayers $5 billion on hotels and debit cards for illegal migrants
JOHN ISAAC
For New York State Assembly 90th District Yonkers
2024 ELECTION CYCLE
Early In Person Voting
Saturday Oct. 26 to Sunday Nov. 03
Daily Time 10 am to 6 pm
Election day - Tuesday Nov. 05, 2024
"Paid by Friends Of John Isaac"

# കവിയും ഗാനരചയിതാവുമായ ശ്രീ.കെ.ജയകുമാറിനെ സാൻഫ്രാൻസിസ്‌കോ സർഗ്ഗവേദി ആദരിച്ചു




സാൻഫ്രാൻസിസ്കൊ ബേ ഏരിയയിൽ പ്രവർത്തിക്കുന്ന സാഹിത്യ കലാ സാംസ്കാരിക സംഘടനയായ സർഗ്ഗവേദി, എഴുത്തുകാരനും കവിയും ഗാനരചയിതാവും ചിത്രകാരനും ഐഎഎസ് ഓഫീസറും മുൻ കേരള ചീഫ് സെക്രട്ടറിയുമായിരുന്ന കെ.ജയകുമാറിന്റെ സാഹിത്യ ജീവിതത്തിന്റെ അൻപതാം വാർഷികം ആഘോഷിച്ചു. 2024 ഒക്ടോബർ 11 വൈകുന്നേരം ബേ ഏരിയയിലെ യൂണിവേഴ്സിറ്റി ഓഫ് സിലക്കോൺ ആന്ഡ്രധയിലാണ് 'സംഗീത നൃത്ത സായാഹ്നം' എന്ന് പേരിട്ട ആഘോഷപരിപാടികൾ അരങ്ങേറിയത്.

ബേ ഏരിയയിലെ ഇരുനൂറിലധികം സഹൃദയർ പങ്കെടുത്ത ഈ പരിപാടി, ഷീബ അമീർ(സോലസ് ഫൗണ്ടർ), മറ്റ് മലയാളി സംഘടന പ്രതിനിധികൾ എന്നിവരുടെ സാന്നിദ്ധ്യം കൊണ്ട് ശ്രദ്ധേയമായി.

സർഗ്ഗവേദി പ്രസിഡന്റ് ജോൺ കൊടിയൻ കെ.ജയകുമാറിനും അവിടെ എത്തിയവർക്കും സ്വാഗതം ആശംസിച്ചു. അമേരിക്കയിൽ എത്തുന്ന മലയാളി സാഹിത്യകാരന്മാരേയും കലാകാരന്മാരേയും ആദരിക്കുക, ഇവിടെയുള്ള മലയാളി സമൂഹത്തിന് അവരെ ശ്രവിക്കുവാനും അവരുമായി പരിചയപ്പെടുവാനും ആശയവിനിമയത്തിനും വേദിയൊരുക്കുക എന്നിവ സർഗ്ഗവേദിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളാണെന്നും മലയാളസിനിമയ്ക്കും മലയാളകവിതക്കും വിവർത്തനസാഹിത്യത്തിനും വിലമതിക്കാനാവാത്ത സംഭാവനകൾ നൽകിയ കെ.ജയകുമാറിന്റെ എഴുത്തിലെ അഞ്ച് ദശാബ്ദങ്ങളെ ആദരിക്കുവാൻ അവസരം ലഭിച്ചത് ഇവിടെയുള്ള മലയാളികളുടെ ഭാഗ്യമാണെന്നും അദ്ദേഹം സ്വാഗതപ്രസംഗത്തിൽ പറഞ്ഞു.

തുടർന്ന്, അൻപത് വർഷങ്ങൾ തികച്ച കെ. ജയകുമാറിന്റെ സാഹിത്യരംഗത്തെ ജീവിതത്തെ ആദരിച്ചുകൊണ്ട് സർഗ്ഗവേദി അദ്ദേഹത്തിന് അവാർഡ് നൽകി ആദരിച്ചു. പ്രസിഡന്റ് ജോൺ കൊടിയൻ, സെക്രട്ടറി ടോം ആന്റണി, ട്രഷറർ വിനോദ് മേനോൻ, എക്സിക്യൂട്ടീവ് അംഗം രാജി മേനോൻ, സർഗവേദി അംഗങ്ങളായ ശ്യാംചന്ദ്, ദാമു കേശവത്, ശ്രീവത്സൻ എന്നിവർ ചേർന്നാണ് കെ.ജയകുമാറിന് അവാർഡ് സമ്മാനിച്ചത്. അദ്ദേഹത്തിന്റെ നാൾ ഇതുവരെയുള്ള ഔദ്യോഗിക സാഹിത്യ വഴികൾ ഉൾക്കൊള്ളുന്ന ഒരു വീഡിയോയും പ്രദർശിപ്പിച്ചു.

തന്റെ ഔദ്യോഗിക ജീവിതത്തിനിടയിൽ എങ്ങിനെയാണ് സാഹിത്യരചനക്ക് സമയം കണ്ടെത്തിയതെന്ന് വിവരിച്ചുകൊണ്ടായിരുന്നു ജയകുമാർ അദ്ദേഹത്തിന്റെ പ്രസംഗം ആരംഭിച്ചത്. കവിയായും ഗാനരചയിതാവായും എഴുത്തുകാരനായും ചിത്രകാരനായും ഉള്ള അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങൾ രസകരമായ രീതിയിൽ അവിടെക്കൂടിയ മലയാളികളോട് പങ്കുവച്ചു. അദ്ദേഹത്തിന്റെ കവിതകളുടേയും അതിപ്രശസ്തമായ സിനിമാഗാനങ്ങളുടേയും പിറവികൾക്ക് പുറകിലുള്ള കഥകൾ കെ.ജയകുമാർ എന്ന പ്രതിഭയോട്




കൂടുതൽ ആദരവ് തോന്നുന്നതായിരുന്നു.

സർഗ്ഗവേദി അംഗമായ ശ്രീ.ദീപേഷ് ഗോവിന്ദൻ എം.സി.ആയി പരിപാടികൾ നിയന്ത്രിച്ച ചടങ്ങിൽ ജയകുമാറിന്റെ പ്രശസ്തമായ ഗാനങ്ങൾ ഐപിഎസി(Indian Performing Arts Collective) ലെ പ്രഗൽഭരായ ഗായകർ അതീവഹൃദ്യമായി അവതരിപ്പിച്ചു. ജയകുമാറിന്റെ തൂലികയിൽ പിറന്ന ഗാനങ്ങളുടെ നൃത്ത ചുവടുകളുമായി സുനിതാ ജയകുമാറും(മന്ദാരം സ്ക്കൂൾ ഓഫ് ഡാൻസ്, മൗണ്ടെൻ ഹൗസ്) സേതുലക്ഷ്മി പ്രദീപും(ബോളി എക്സ്) നേതൃത്വം നൽകിയ ടീം അവതരിപ്പിച്ച ഡാൻസുകൾ കാണികളുടെ മനം കവർന്നു. നാരായണസ്വാമി സാക്സോഫോണിൽ അവതരിപ്പിച്ച 'കളരി വിളക്ക് തെളിഞ്ഞതാണോ' എന്ന ഗാനം ശ്രോതാക്കളെ ആ മനോഹര ചിത്രത്തിന്റെ ഓർമ്മകളിലേക്ക് കൂട്ടിക്കൊണ്ടുപോയി. തുടർന്ന് നടന്ന ചടങ്ങിൽ സോലസ് ഫൗണ്ടർ ഷീബ അമീറിനെ സർഗ്ഗവേദി പൊന്നാട അണിയിച്ച് ആദരിച്ചു. ബേ ഏരിയയിലെ പ്രമുഖ മലയാളി സംഘടനകളായ മങ്ക, ബേ മലയാളി, പുണ്യം, മോഹം, ലയൺസ് ക്ലബ്, ഐപിഎ.സി. എന്നീ സംഘടനകൾ കെ.ജയകുമാറിനെ ആദരിച്ച ചടങ്ങും നടന്നു.





സർഗ്ഗവേദി സെക്രട്ടറി ടോം ആന്റണി ശ്രീ.കെ.ജയകുമാറിനും യോഗത്തിൽ പങ്കെടുത്തവർക്കും നന്ദി പ്രകാശിപ്പിച്ചു. അദ്ദേഹത്തോട് ചോദ്യങ്ങൾ ചോദിക്കുവാനും കുശലം പറയുവാനും ഒരുമിച്ച് ഫോട്ടോയെടുക്കുവാനുമുള്ള തിരക്ക്, കെ.ജയകുമാർ എന്ന പ്രതിഭയോട് ജനങ്ങൾക്കുള്ള ആദരം വിളിച്ചോതുന്നതായിരുന്നു. ബേ ഏരിയയിലെ മലയാളി സമൂഹത്തിന് കെ.ജയകുമാർ എന്ന ബഹുമുഖപ്രതിഭയെ അടുത്ത് പരിചയപ്പെടുവാനും മനസ്സ് തുറന്ന് സംസാരിക്കുവാനും അവസരമൊരുക്കിയതിൽ സാൻഫ്രാൻസിസ്കൊ സർഗ്ഗവേദിക്ക് അഭിമാനിക്കാം.





GRANEX KITCHEN
We are your one-stop shop for Granite, Marble
OUR PRODUCTS
COUNTERTOPS
VANITIES
SINKS
FAUCETS
BACKSPLASH
TILES
Fabrication shop on premises
Custom kitchen designers are available to render your dream kitchen.
QUARTZ SLABS
Hundreds of colors in stock
FINANCING AVAILABLE
ONE YEAR FINANCING for qualified clients
ADDITIONAL SERVICES
BATHROOM & KITCHEN REMODELING
615 Medford Ave, Patchogue, New York 1-631-438-1470 | sales@granexkitchen.com

# കൗൺസിൽ ഓഫ് ഇന്ത്യൻ ഓർത്തഡോക്സ് ചർച്ചസിന്റെ വാർഷികവും കുടുംബസംഗമവും വർണ്ണാഭമായി





ന്യൂയോർക്കിലെ ബ്രൂക്‌ലിൻ ,ക്വീൻസ് ,ലോങ്ങ് ഐലൻഡ് ഏരിയയിലുള്ള പത്തു ദേവാലയങ്ങളുടെ കൂട്ടായ്മയായ കൗൺസിൽ ഓഫ് ഇന്ത്യൻ ഓർത്തഡോക്ൾസ് ചർച്ചസിന്റെ ഇരുപതാം വാർഷികവും കുടുംബസംഗമവും ലോങ്ങ് ഐലൻഡ് സെന്റ് തോമസ് ഓർത്തഡോക്ൾസ് ദേവാലയത്തിൽ ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ സഖറിയാ മാർ നിക്കോളാവോസ് തിരുമേനി ഉത്ഘാടനം ചെയ്തു . പ്രസിഡന്റ് റെവ,ഫാ. ജോൺ തോമസ് ആലുംമൂട്ടിൽ അധ്യക്ഷത വഹിച്ചു.

മുൻകാലങ്ങളിൽ പ്രസിഡന്റ് , സെക്രട്ടറി,ട്രസ്റ്റി തുടങ്ങിയ ഔദ്യോഗിക പദവികളിലൂടെ കൗൺസിലിന്റെ വളർച്ചക്ക് കൈതാങ്ങു നൽകിയിട്ടുള്ള വ്യക്തികളെ അഭിവന്ദ്യ മെത്രാപോലിത്ത പൂച്ചെണ്ടുകൾ നൽകി ആദരിച്ചു.കഴിഞ്ഞ പതിനെട്ടു വര്ഷങ്ങളായി കൗൺസിൽ കൊയർ മാസ്റ്ററായി സേവനമനുഷ്ഠിക്കുന്ന ജോസഫ് പാപ്പനു പ്ലാക്ക് നൽകി അഭിവന്ദ്യ തിരുമേനി ആദരിച്ചു .ഇരുപതു വര്ഷങ്ങള്ക്കുമുൻപ് ഭദ്രാസന മെത്രാപ്പോലീത്താ ആയിരുന്ന കാലം ചെയ്ത അഭിവന്ദ്യ മാത്യൂസ് മാർ ബർണബാസ് തിരുമേനിയോടൊപ്പം കൗൺസിലിനു രൂപം നൽകിയ മുൻ മാനേജിങ് കമ്മീറ്റി അംഗങ്ങളായ ശ്രീ കോര കെ കോരയുടെയും ശ്രീ.വര്ഗീസ് പോത്താനിക്കാടിന്റെയും സാന്നിധ്യം യോഗത്തെ അനുഗ്രഹപ്രദമാക്കി .

സെക്രട്ടറി ഫിലിപ്പോസ് സാമുവേൽ സ്വാഗതവും

ട്രെഷറർ ജോൺ താമരവേലിൽ കൃതജ്ഞതയും രേഖപ്പെടുത്തി . മോൻസി മാണി , എൽസിക്കുട്ടി മാത്യു ,ഗ്രേസി മോഹൻ പ്രോഗ്രാം കോർഡിനേറ്റേഴ്സ് ആയി പ്രവർത്തിച്ചു .

കൗൺസിൽ കൊയർ ഡയരക്ടർ റെവ.ഫാ .ജോർജ് മാത്യുവിന്റെ നേതൃത്വത്തിൽ ജോസഫ് പാപ്പൻ എഴുതി ഈണം നൽകി കൗൺസിൽ കൊയർ ആലപിച്ച ഗാനങ്ങളോടൊപ്പം മെംബർ ഇടവകകളുടെ വൈവിധ്യമാർന്ന കലാപരിപാടികളും യോഗത്തെ ധന്യമാക്കി . ഏയ്ഞ്ചൽ ജോസഫ് , ജെസ്‌ലിൻ വിൽസൺ എന്നിവർ പ്രോഗ്രാമിന്റെ എംസിമാരായി പ്രവർത്തിച്ചു .


THE COUNCIL OF




THE COUNCIL OF



# Got into an accident?
# NEVER TO WORRY





CALL

GLOBAL COLLISION
& BODY WORKS LLC

1-845-727-4022

We will pick up the vehicle
and repair it fully to your satisfaction!

# ഇത് സ്വപ്നസാക്ഷാത്കാരത്തിന് അവസരമൊരുക്കുന്ന മണ്ണ്: പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ






എഡിസൺ, ന്യു ജേഴ്സി: അമേരിക്ക സന്ദർശിക്കുന്ന മുസ്ലിം ലീഗ് സ്റ്റേറ്റ് പ്രസിഡന്റ് പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾക്കും രാജ്യ സഭാ എം.പിയും സുപ്രീം കോടതി അഭിഭാഷകനുമായ ഹാരിസ് ബീരാനും അമേരിക്കൻ പ്രവാസി സമൂഹം ഹൃദ്യമായ സ്വീകരണം നൽകി. റോയൽ ആൽബർട്ട് പാലസിൽ നടന്ന സ്വീകരണത്തിൽ ഫൊക്കാന, ഫോമാ, ഇന്ത്യൻ ഓവർസീസ് കോൺഗ്രസ്, വേൾഡ് മലയാളി കൗൺസിൽ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗത്തിൽ നിന്നുമുള്ള നേതാക്കളും പ്രവർത്തകരും പങ്കെടുത്തു.

റിട്ട. ഡി.ജിപി ടോമിൻ തച്ചങ്കരിയും പങ്കെടുത്തവരിൽപ്പെടുന്നു. കേരള മുസ്ലിം കൾച്ചറൽ സെന്റർ (കെ.എം.സി.സി.), മലയാളി മുസ്ലിംസ് ഓഫ് ന്യു ജേഴ്സി (എം.എം.എൻ.ജെ), നന്മ എന്നീ സംഘടനകളാണ് സ്വീകരണം സംഘടിപ്പിച്ചത്

സാമൂഹിക-രാഷ്ട്രീയ രംഗങ്ങളിൽ കലുഷിതമായ അന്തരീക്ഷമാണെങ്കിലും എല്ലാ വിഭാഗത്തിനും പ്രതീക്ഷയും ആശ്രയവും നൽകുന്ന പച്ചത്തുരുത്താണ് പാണക്കാട് കുടുംബമെന്നും മുൻഗാമികൾ പിന്തുടർന്ന സൗഹാർദ്ദത്തിന്റെ പാത പിൻപറ്റുന്ന അപൂർവ വ്യക്തിത്വമാണ് സാദിഖലി ശിഹാബ് തങ്ങളെന്നും ആശംസ അർപ്പിച്ചവർ ചൂണ്ടിക്കാട്ടി. എല്ലാവരെയും ഉൾക്കൊള്ളുന്ന സേവന പ്രവർത്തനങ്ങളും ആവശ്യ സമയത്ത് കൃത്യമായ ഇടപെടലുകളും അദ്ദേഹത്തെ വ്യത്യസ്ഥനാക്കുന്നു. കേരള സമൂഹത്തിൽ വഴിവിളക്കായി എന്നും അദ്ദേഹം പ്രകാശം പരത്തട്ടേ എന്നവർ ആശംസിച്ചു. ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് ഡയോസിസ് മെത്രാപ്പോലീത്ത സഖറിയാ മോർ നിക്കോളാവോസും ആശംസ സന്ദേശം അയച്ചു

സാദിഖലി തങ്ങളുടെ സമയോചിതമായ ഇടപെടലിലൂടെ പല പ്രമാദമായ പ്രശ്നങ്ങളും രമ്യമായി പരിഹരിക്കപ്പെട്ടത് മുൻ ഡി.ജി.പി ടോമിൻ തച്ചങ്കരിയും തന്റെ അനുഭവത്തിൽ നിന്ന് ചൂണ്ടിക്കാട്ടി.

അധ്യക്ഷത വാഹച്ച കെ.എം.സി.സി യു.എസ് പ്രസിഡന്റ് യു. എ നസീർ അമേരിക്കൻ മലയാളികളുടെ ഒരു പരിച്ഛേദം യോഗത്തിൽ പങ്കെടുക്കുന്നുണ്ടെന്നു ചൂണ്ടിക്കാട്ടി. മതസൗഹാർദത്തിനും മാനവികതക്കും വേണ്ടി നിലകൊള്ളുന്ന പാണക്കാട് സാദിഖലി തങ്ങളോടുള്ള സ്നേഹബഹുമാനങ്ങൾ ഈ സമൂഹവും പിന്തുടരുന്നു.

അന്തരിച്ച ശിഹാബ് തങ്ങൾ 2002 -ൽ ഗ്രൗണ്ട് സീറോ സന്ദർശിച്ചതും അവിടെ പ്രാർത്ഥന നടത്തിയതും നസീർ അനുസ്മരിച്ചു. വയനാട് ദുരന്തത്തിൽ ഏറെ ദുഖിതനായ സാദിഖലി ശിഹാബ് തങ്ങൾ സഹായത്തിനായി ഒരു കുറിപ്പ് ഇട്ടപ്പോൾ തന്നെ 40 കോടി രൂപയാണ് ഒഴുകിയെത്തിയത്. ജാതിമത ഭിന്നതകളില്ലാതെ വീട് വച്ചു കൊടുക്കാനും മറ്റുമാണ് അദ്ദേഹം തീരുമാനിച്ചിട്ടുള്ളത്.

സുപ്രീം കോടതി അഭിഭാഷകനെന്ന നിലയിൽ ഹാരിസ് ബീരാൻ എം.പി. പ്രവാസികൾക്ക് വേണ്ടി ചെയ്യുന്ന സേവനങ്ങളും നസീർ അനുസ്മരിച്ചു.

മറുപടി പ്രസംഗത്തിൽ പ്രവാസം എന്നത് കേരളീയ ജീവിതത്തിന്റെ ഭാഗമാണെന്ന് സാദിഖലി ശിഹാബ് തങ്ങൾ ചൂണ്ടിക്കാട്ടി. എന്നാൽ എന്നാണ് നാട്ടിൽ തിരിച്ചെത്തുമെന്ന് ചിന്തിച്ചാണ് ഓരോ പ്രവാസിയും കഴിയുന്നത്. അതിന് അപവാദമാണ് അമേരിക്കയിലും യൂറിപ്പിലുമുള്ള പ്രാവാസികൾ. ഇവിടെ തന്നെ തുടരാനാണ് അവർ ആഗ്രഹിക്കുന്നത്. സ്വപ്നസാക്ഷാത്കാരത്തിന് അവസരമൊരുക്കുന്ന മണ്ണായതുകൊണ്ടാണ് അമേരിക്കയിൽ കുടിയേറിയ പ്രവാസികൾ സന്തോഷത്തോടെ അവിടെ തന്നെ തുടരുന്നതെന്നും അദ്ദേഹം വിലയിരുത്തി. ഈ രാജ്യത്തിനു കൂടി പ്രയോജനപ്രദമായി ജീവിക്കാൻ അദ്ദേഹം നിർദേശിച്ചു. ഏത് സംഗതിയുടെയും സാധ്യതകൾ മനസ്സിലാക്കി മുന്നോട്ടുനീങ്ങുന്നത് ജീവിക്കുന്ന രാജ്യത്തിനും ജന്മനാടിനും ഗുണകരമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ചന്ദ്രനിൽ ചെന്നാൽ അവിടെയും ചായക്കടയും ഒരു മലയാളി ഉണ്ടാവുമെന്ന് എസ.കെ. പൊറ്റക്കാട് എഴുതി. ഇന്ന് പക്ഷെ ചന്ദ്രനിൽ ചെന്നാൽ കാണുക മലയാളി ഐടി ക്കാരെയായിരിക്കും

അധ്യക്ഷനായ യു.എ. നസീർ മുൻമന്ത്രി യു.എ. ബീരാന്റെ മകനാണ്. തന്റെ കുടുംബത്തിലെ ഒരംഗം പോലെയാണ് അദ്ദേഹം.

അമേരിക്കയും യു.എസ് .എസ് . ആറും തമ്മിലുള്ള ശീതസമരകാലത്ത് ചേരിചേരാനയം പിന്തുടർന്ന ഇന്ത്യയ്ക്ക്, ആഗോളവൽക്കരണത്തോടെയാണ് അമേരിക്കയുമായി നല്ലൊരു ബന്ധം സ്ഥാപിക്കാനായതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഇപ്പോൾ ഐ.ടി, വ്യവസായം, വ്യാപാരം, ഡിഫൻസ്, ശാസ്ത്രം, മെഡിക്കൽ എന്നിങ്ങനെ എല്ലാമേഖലയിലും ഇരുരാജ്യങ്ങളും അന്യോന്യം ആശ്രയിക്കുന്നു. ആ സഹകരണം സൗഹൃദമായി വളർന്നിരിക്കുന്നു.

കെഎംസിസി, ഫൊക്കാന, ഫോമാ തുടങ്ങിയ വിവിധ പ്രവാസി സംഘടനകൾ നാടിനുവേണ്ടി ചെയ്യുന്ന ചാരിറ്റി പ്രവർത്തനങ്ങളെക്കുറിച്ചും തങ്ങൾ എടുത്തുപറഞ്ഞു. വയനാട് ദുരന്തത്തിന് വേണ്ടി സമാഹരിച്ച 40 കോടി രൂപയിൽ മൂന്നിലൊന്ന് കെ.എം.സി.സിയുടേതാണ്. അമേരിക്കയുടെ ഊർജസ്വലത പിൻപടാനും അദ്ദേഹം നിർദേശിച്ചു.

ഭക്ഷണം, വസ്ത്രം, ഭാഷ എന്നിവയിലെ വൈവിധ്യമാണ് ഇന്ത്യ എന്ന രാജ്യത്തെ അത്ഭുതമാക്കി നിർത്തുന്നതെന്ന് കെഎംസിസി ഡൽഹി യൂണിറ്റ് പ്രസിഡന്റ് കൂടിയായ അഡ്വ.ഹാരിസ് ബീരാൻ എംപി ആമുഖ പ്രസംഗത്തിൽ പറഞ്ഞു. ആ വൈവിധ്യങ്ങൾ ആസ്വദിക്കാനുള്ള അവകാശം നമ്മുടെ ഭരണഘടന നൽകുന്നുണ്ട് .

അമേരിക്കൻ പൗരത്വം സ്വീകരിച്ചെങ്കിൽപോലും നാട്ടിൽ ഏത് ദുരിതം വന്നാലും ഏറ്റവുംകൂടുതൽ സഹായം ലഭിക്കുന്നത് അമേരിക്കൻ മലയാളികളിൽ നിന്നാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അമേരിക്കയുടെ നിയമനിർമ്മാണത്തിന്റെ ഭാഗമാകാൻ ശ്രമിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. അതിലൂടെ നാടിന്റെ ക്ഷേമത്തിന് ഒട്ടേറെ കാര്യങ്ങൾ ചെയ്യാനാകുമെന്നും ഹാരിസ് ബീരാൻ കൂട്ടിച്ചേർത്തു. കാൽ നൂറ്റാണ്ടായി ഡൽഹിയിൽ താമസിച്ചുവരുന്ന താൻ കഴിഞ്ഞ 10 വർഷമായി അവിടത്തെ യൂണിവേഴ്സിറ്റികളിൽ മലയാളി വിദ്യാർത്ഥികളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചത് കാണുന്നുണ്ട്. ഇത് പ്രതീക്ഷാവഹമാണ്. അവർ ഉപരിപഠനത്തിന് അമേരിക്കയിൽ വരുന്നത് ഭാവിയിൽ രാജ്യത്തിന് മുതൽക്കൂട്ടാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

എച്ച് 1 വിസ സ്റ്റാംപ് ചെയ്യുന്നതിന് ഇന്ത്യയിൽ പോകണമെന്ന ഇപ്പോഴത്തെ നിയമം മൂലം ഐടി മേഖലയിലുള്ളവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വാഷിംഗ്ടണിലെ ഇന്ത്യൻ അംബാസഡറുടെ ശ്രദ്ധയിൽപ്പെടുത്തിയതായും അദ്ദേഹം വ്യക്തമാക്കി. അക്കാര്യം















അമേരിക്കൻ അധികൃതരുമായി ചർച്ച് ചെയ്യാമെന്ന് അദ്ദേഹം സമ്മതിച്ചിട്ടുണ്ട്.

കേരളത്തിൽ നിന്ന് അമേരിക്കയിലേക്കും തിരിച്ചും നേരിട്ട് വിമാനം വേണമെന്ന ആവശ്യവും അറിയിച്ചിട്ടുണ്ട്. അമേരിക്കയിൽ നിന്നുകൊണ്ടുതന്നെ പ്രവാസി ഇന്ത്യക്കാർക്ക് സ്വന്തം രാജ്യത്തെ തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്താൻ അവസരം ഉണ്ടാകുന്നതിനു വേണ്ടി പാർലമെന്റിനകത്തും പുറത്തും സമ്മർദ്ദം ചെലുത്തുമെന്നും അദ്ദേഹം വാഗ്ദാനം നൽകി. അമേരിക്കൻ മലയാളികളെ അത്ര ബാധിക്കുന്നതല്ലെങ്കിലും വിമാന ടിക്കറ്റ് നിരക്ക് കുറയ്ക്കുന്നതിനായും ശബ്ദിക്കുമെന്നും ഹാരിസ് ബീരാൻ ഉറപ്പുനൽകി.



നാനാമതസ്ഥരും സന്തോഷത്തോടെ സഹവർത്തിക്കുന്ന കേരളത്തിൽ അടുത്തിടെയായി വർഗീയ വിഷം ചീറ്റുന്നത് കണ്ടുവരുന്നുണ്ടെന്നും അത് മുളയിലേ നുള്ളിക്കളയണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.




അന്തരിച്ച ഇ. അഹമ്മദുമായുള്ള തന്റെ ഉറ്റ സൗഹൃദം ഐ.ഓ.സി. ചെയർ ജോർജ് എബ്രഹാം ചൂണ്ടിക്കാട്ടി. യു.എ. നസീറുമായും പതിറ്റാണ്ടുകളായി ഒരുമിച്ചു പ്രവർത്തിക്കുന്നു. മതനിരപേക്ഷതയുടെയും സൗഹൃദത്തിന്റെയും വക്താവാണ് അദ്ദേഹം.

അന്തരിച്ച ശിഹാബ് തങ്ങളുമായി ബന്ധപ്പെടുകയും അദ്ദേഹത്തിന്റെ ജനാധിപത്യത്തോടും മാനുഷിക മൂല്യങ്ങളോടുമുള്ള പ്രതിബദ്ധത നേരിട്ടറിയുകയും ചെയ്തിട്ടുണ്ട്.

അദ്ദേഹത്തിന്റെ പാതയിലാണ് സാദ്ഖലി ശിഹാബ് തങ്ങളും പ്രവർത്തിക്കുന്നതെന്നതിൽ സന്തോഷമുണ്ട്. കേരളത്തിലെ അഴിമതി നിറഞ്ഞ ദുദുർഭരണം അവസാനിപ്പിക്കണം. ഇന്ത്യയിൽ സ്വാതന്ത്ര്യവും മതനിരപേക്ഷതയും തകർക്കാനും ഭരണഘടന അട്ടിമറിക്കാനുമുള്ള വ്യഗ്രതയും നാം കാണുന്നു. ഇതിനെതിരെ ന്യൂനപക്ഷ വിഭാഗത്തിൽപെട്ട നാം ഒരുമിച്ച് പ്രവർത്തിക്കണം. ആഗോള മാനവിക തത്വങ്ങളെ നിരാകരിക്കുന്നവർക്കെതിരെ നാം ശക്തമായി പ്രതികരിക്കണം– ജോർജ് എബ്രാഹം പറഞ്ഞു.

എം.എം.എൻ.ജെ, നന്മ എന്നിവയുടെ സഹസ്ഥാപകനായ ഡോ സമദ് പൊന്നേരി പ്രായമുള്ളവർക്ക് വേണ്ടി ഇവിടെ ആരംഭിക്കേണ്ട സ്ഥാപനങ്ങളെപ്പറ്റിയുള്ള നിർദേശങ്ങൾ അവതരിപ്പിച്ചു.

ഫൊക്കാന പ്രസിഡന്റ് ഡോ. സജിമോൻ ആന്തണി, ഫോമാ ജനറൽ സെക്രട്ടറി ബൈജു വർഗീസ്, നമ വൈസ് പ്രസിഡന്റ് ഡോ സക്കീർ ഹുസ്സൈൻ, വേൾഡ് മലയാളി കൗൺസിൽ പ്രസിഡന്റ് തോമസ് മൊട്ടക്കൽ, ബോബി ബാൽ, ജോർജ് ജോസഫ്, മുൻ ഫൊക്കാന പ്രസിഡന്റ് മാധവൻ നായർ, അസ്‌ലം ഹമീദ്, കെ.എം.സി.സി യു.എ.ഇ സെക്രട്ടറി അൻവർ നഹ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

സാദിഖലി ശിഹാബ് തങ്ങൾക്കും ഹാരിസ് ബീരാനും സമദ് പൊന്നേരി, ഹനീഫ് എരഞ്ഞിക്കൽ, മുസ്തഫ കമാൽ എന്നിവർ പ്ലാക്കുകൾ സമ്മാനിച്ചു. കെ.എം.സി.സി.






കാനഡയുടെ ഉപഹാരം അഞ്ചൽ ഷാഫി ചാലിയം, അബ്ദുൽഖാദർ പാട്ടില്ലത്ത്, നാസർ കോടൂർ, ജംഷാദ് എന്നിവർ സമ്മാനിച്ചു

ഡോ. മുനീറിന് സാദിഖ് അലി ശിഹാബ് തങ്ങൾ പ്ലാക്ക് നൽകി ആദരിച്ചു.

ലീലാ മാരേട്ട്, ജിബി തോമസ്, മധു കൊട്ടാരക്കര, തങ്കം അരവിന്ദ് , അനിൽ പുത്തൻചിറ , ഹനീഫ് എരഞ്ഞിക്കൽ, മുസ്തഫ കമാൽ , ഒമർ സിനാപ്, നിരാർ ബഷീർ , ഷൈമി ജേക്കബ്, ജിൻസ് മാത്യു തുടങ്ങിയവരും അമേരിക്കയിലെ മറ്റു സാമൂഹ്യ സാംസ്കാരിക നായകരും പങ്കെടുത്തു.സുൽഫിക്കർ ഹബീബ്, താഹാ മുഹമ്മദ് എന്നിവർ മോഡറേറ്റ് ചെയ്തു. ഇൻതിയാസ് സ്വാഗതവും ഷെമി അന്ദ്രു നന്ദിയും പറഞ്ഞു















KMCC USA WEBSITE LAUNCH




ALL AMERICAN MALAYALI'S RECEPTION
For







hanover bank



# SBA & USDA Solutions for Financing










## *Need Money for your Business?*

- ✓ Property and Business Acquisition
- ✓ Lease Hold Improvements/ Renovations
- ✓ LTC up to 90%*
- ✓ Up to 30 Year Amortization**
- ✓ Limited Pre-payment Penalties*
- ✓ Financing also for Working Capital, Equipment and Partner Buyout

**LENDING ALL ACROSS USA**

### Contact us

**Elijiah Gray**
First SVP Managing Director SBA & USDA Banking
p: 212.277.4358
e: sbaloans@hanoverbank.com

**OR**

### Visit our location

**Long Island**
Garden City Park
2131 Jericho Turnpike
Garden City Park, NY 11040
516.248.4868

Hauppauge
410 Motor Parkway, 3rd Floor
Hauppauge, New York 11788
631.967.5147

Mineola
80 East Jericho Turnpike
Mineola, NY 11501
516.548.8600

**Manhattan**
Chinatown
109 Bowery
New York, NY 10002
212.334.9191

Rockefeller Center
600 Fifth Avenue, 17th Floor
New York, NY 10020
646.775.4000

**New Jersey**
Freehold
4400 Route 9, Suite 2800
Freehold, NJ 07728
732.243.8300

**Queens**
Flushing Commons
138-29 39th Avenue
Flushing, NY 11354
646.828.8650

Forest Hills
71-15 Austin Street
Forest Hills, NY 11375
646.569.3600

**Brooklyn**
Sunset Park
5512 8th Avenue
Brooklyn, NJ 11220
718.633.4528

For more information visit us at hanoverbank.com

**This is not an offer of credit.**

All applications are subject to the Bank's underwriting and credit approval process. Terms and conditions apply.

*SBA 7a Loan Program **USDA B&I Loan Program

© 2024 Hanover Community Bank. All rights reserved.

Member FDIC

EQUAL OPPORTUNITY LENDER

04/24


Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company,
State Farm Fire and Casualty Company State Farm General Insurance Company
1601489
Bloomington, IL

# ലാന പ്രഥമ പ്രസിഡണ്ട്
# ഡോ. എം എസ് ടി നമ്പൂതിരിയുടെ നിര്യാണത്തിൽ
# ലാന ഭരണസമിതിയുടെ അനുശോചനം



ശാസ്ത്രലേഖകനും കവിയും ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത അമേരിക്ക (ലാന)- യുടെ പ്രഥമ പ്രസിഡണ്ടുമായ ഡോ. എം എസ് ടി നമ്പൂതിരിയുടെ നിര്യാണത്തിൽ ലാന ഭരണസമിതി അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തി. ലാനയെ സ്ഥാപകപ്രസിഡണ്ടായ എം എസ് ടി ലാനയെ ഇന്നത്തെ നിലയിലേക്ക് വളർത്തുന്നതിൽ അനിതസാധാരണമായ പങ്കാണ് വഹിച്ചിട്ടുള്ളത്. അമേരിക്കൻ പ്രവാസി സാഹിത്യത്തിന്റെ കേരളത്തിലെ പതാകവാഹകരിൽ ഒരാളായിരുന്നു ഡോ. എം എസ് ടി

അമേരിക്കയിൽ മലയാള സാഹിത്യം ഊട്ടിയുറപ്പിച്ചവരുടെ മുൻനിരയിലാണ് ഡോ. എം.എസ്.ടി. നമ്പൂതിരിയുടെ സ്ഥാനം. 57 വർഷം മുൻപ് അമേരിക്കയിലേക്ക് കുടിയേറിയ ഡോ. എം.എസ്.ടി.നമ്പൂതിരി മലയാളത്തിലെ പ്രവാസി സാഹിത്യത്തിനും മലയാള ഭാഷക്കും നൽകിയ സംഭാവനകൾ നിരവധിയാണ്. കവിതയും ശാസ്ത്രലേഖങ്ങളും എഴുതുന്ന ഡോ. എം.എസ്. ടി. നമ്പൂതിരി അമേരിക്കയിലെ പല ഭാഷാ സംഘടനകൾക്കും സാംസ്കാരിക സംഘടനകൾക്കും മാർഗനിർദേശിയും ഉപദേശകനുമായിരുന്നു. ടെക്സാസ് സർവകലാശാലയിലെ ഗണിത - കംപ്യൂട്ടർ വിഭാഗത്തിന്റെ മേധാവിയായിരുന്നു. കാലടി ശ്രീശങ്കര കോളെജ്, ഫറൂഖ് കോളെജ്, വിസ്കോൺസിൻ സർവകലാശാല, ഇല്ലിനോയ് സർവകലാശാല എന്നിവിടങ്ങളിൽ അധ്യാപകനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. എൻ.വി.കൃഷ്ണവാരിയരുടെയും വിഷ്ണുനാരായണൻനമ്പൂതിരിയുടെയും ഉറ്റ സുഹൃത്തായിരുന്നു. ‘‘പ്രവാസിയുടെ തേങ്ങൽ’’ എന്ന കവിതാസമാഹാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്.



# Brookhaven Heart

*YOU are at the heart of everything we do*

**1-631-654-3278**

## Board-Certified Cardiologists in East Patchogue New Hyde Park & Hicksville

- Same Day Appointments
- Evening Hours
- Short Wait Times
- Affordable Self Pay Fees



Satheesh Joseph MD



Adam Kruger MD



Bimal Patel MD



Deepu Alexander MD



Saurin Patel MD



Wasiq Rahman MD

## Cardiac PET-CT Services



- Quality Care
- Exceptional Staff
- Informed Patients
- State-of-the-Art Treatment

Brookhaven Heart Vein Clinic

**PATCHOGUE OFFICE**
Brookhaven Heart
325 East Main Street
Patchogue, NY 11772
Phone: (631) 654-3278

**NEW HYDE PARK OFFICE**
Brookhaven Heart PLLC
1710 Lakeville Rd
New Hyde Park, NY 11040
Phone:(516) 358-8100

**HICKSVILLE OFFICE**
Brookhaven Heart PLLC
380 South Broadway
Hicksville, NY 11801
Phone: 516-390-6288



# വെരി റവ. ജോർജ് പൗലോസ് കോർ എപ്പിസ്കോപ്പ സപ്തതി നിറവിൽ



രാജു മൈലപ്രാ

ജീവിതയാത്രയിൽ, ദൈവീക വഴിയിലൂടെ ശുശ്രൂഷ ചെയ്ത്, കഴിഞ്ഞ മുപ്പത്തഞ്ച് വർഷങ്ങളായി ടാമ്പാ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി വികാരിയായി നിസ്തുല സേവനം അനുഷ്ഠിക്കുന്ന ബഹുമാനപ്പെട്ട ജോർജ് പൗലോസ് കോർ എപ്പിസ്കോപ്പ അച്ചൻ സപ്തതിയുടെ നിറവിലെത്തിനിൽക്കുന്നു.

എറണാകുളം ജില്ലയിലെ ഓണക്കൂർ ഗ്രാമത്തിൽ, ശ്രേഷ്ഠ പുരോഹിതന്മാരുടെ ഒരു നീണ്ട നിരയാൽ അനുഗ്രഹീതമായ, പൗരാണിക പ്രൗഢിയുടെ പാരമ്പര്യമുള്ള വട്ടക്കാട്ട്, വാളനടിയിൽ കുടുംബത്തിൽ, പൗലോസ് - ചിന്നമ്മ ദമ്പതികളുടെ മകനായി, 1954 ഒക്ടോബർ 22-നാണ് ജോർജ് പൗലോസ് എന്ന ബാലന്റെ ജനനം.

കുടുംബ ഇടവകയിൽ, തന്റെ പിതാവിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നേരിൽ കണ്ട് അനുഭവിച്ചറിഞ്ഞതും, വട്ടശ്ശേരിൽ മാർ ദിവന്നീയോസ് തിരുമേനിയുടെ സെക്രട്ടറി മണലിൽ യാക്കോബ് മണലിൽ യാക്കോബ് കത്തനാരുടേയും, പിറവം വലിയപള്ളി വികാരി എരുമപ്പെട്ടിയിൽ തോമസ് കത്തനാരുടേയും മാർഗ്ഗനിർദേശങ്ങളും വൈദീകവൃത്തിയിലേക്കുള്ള വഴികാട്ടിയായി.

മൂവാറ്റുപുഴ നിർമ്മല കോളജിലും, കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളജിലുമായി ഡിഗ്രി പഠനം പൂർത്തിയാക്കിയശേഷം, 1975-ൽ കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ നിന്ന് ബി.ഡി. ബിരുദവും, 1982-ൽ ഉദയപൂർ യൂണിവേഴ്സിറ്റിയിൽ നിന്നും എം.എസ് .ഡബ്ല്യു ബിരുദവും കരസ്ഥമാക്കി.

ജനീവയിലുള്ള ബോസേ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും എക്യൂമിനിസത്തിൽ പഠനം പൂർത്തിയാക്കി പതിനഞ്ചാം വയസ്സിൽ, 1969 മെയ് പതിനഞ്ചിന് അഭിവന്ദ്യ മോറാൻ മോർ ഔഗേൻ മെത്രാപ്പോലീത്ത (പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവ) കോറൂയോ പട്ടം നൽകി പൗരോഹിത്യ പദവിയിലേക്ക് ഉയർത്തി. അഭിവന്ദ്യ ജോസഫ് മാർ പക്കോമിയോസ് തിരുമേനി പൂർണ്ണ ശെമ്മാശപട്ടം നൽകി  അനുഗ്രഹിച്ചു.

1987 ഡിസംബർ ഇരുപത്തിയാറിന്, ഡൽഹി ഭദ്രാസനാപിനായിരുന്ന അഭിവന്ദ്യ ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത വൈദീക പട്ടം നൽകി അനുഗ്രഹിച്ചു.

ഓർത്തഡോക്സ് സഭയുടെ വിവിധ പ്രവർത്തന മണ്ഡലങ്ങളിൽ നേതൃസ്ഥാനത്ത് സജിവമായി പ്രവർത്തിച്ച് തന്റെ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള കർമ്മനിരതനായ ഒരു വ്യക്തിയാണ് ബഹുമാനപ്പെട്ട ജോർജ് പൗലോസ് അച്ചൻ.

മലങ്കര സഭയുടെ ആന്ധ്രാപ്രദേശ് ശിശുക്ഷേമ പുനരധിവാസ (റീഹാബിലിറ്റേഷൻ) പ്രവർത്തനങ്ങളുടെ സെക്രട്ടറി, പരുമല മാർ ഗ്രിഗോറിയോസ് ഹോസ്പിറ്റൽ കമ്യൂണിറ്റി വെൽഫെയർ പ്രൊജക്ട് കോർഡിനേറ്റർ, ഡൽഹി ഭദ്രാസന കമ്യൂണിറ്റി വെൽഫെയർ പ്രൊജക്ട് സോഷ്യൽ വർക്കർ എന്നീ തസ്തികകളിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള പൗലോസ് അച്ചൻ ലോക പ്രശസ്ത വേദശാസ്ത്ര പണ്ഡിതനും, വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പറും ആയിരുന്ന ഡോ. പൗലോസ് മെത്രാപ്പോലീത്തയുടെ സെക്രട്ടറിയായും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

1988-ൽ ഫരീദാബാദ് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി വികാരി, 1989 മുതൽ കോട്ടയം കങ്ങഴ എം,.ജി.ഡി.എം ഹോസ്പിറ്റൽ ചാപ്ലെയിൻ എന്നീ തസ്തികകളും അച്ചന്റെ പ്രവർത്തന മണ്ഡലങ്ങളുടെ ഭാഗമാണ്.

1990-ൽ അമേരിക്കൻ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. തോമസ് മാർ മക്കാറിയോസ് തിരുമേനിയുടെ നിർദേശ പ്രകാരം അമേരിക്കയിലെത്തിയ ജോർജ് പൗലോസ് അച്ചൻ അന്നു മുതൽ ഫ്ളോറിഡയിലെ ടാമ്പായിലാണ് താമസം.

അഭിവന്ദ്യ മാത്യൂസ് മാർ ബർണബാസ് തിരുമേനി അമേരിക്കൻ ഭദ്രാസനാധിപനായിരുന്ന കാലത്ത് സൗത്ത് ഈസ്റ്റ് റീജിയൻ എം.ജി.ഒ.സി.എസ്.എമ്മിന്റെ പ്രഥമ വൈസ് പ്രസിഡന്റായി അനേക വർഷം സേവനം അനുഷ്ഠിച്ചിട്ടുള്ള അച്ചൻ അച്ചനായിരുന്നു ആ റീജിയനിലെ പ്രഥമ ഫാമിലി കോൺഫറൻസിന്റെ കോർഡിനേറ്റർ ചുമതലയും. പിന്നീട് സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന മാർത്ത



മറിയം സമാജത്തിന്റെ പ്രഥമ വൈസ് പ്രസിഡന്റായും, മെന്റൽ ഹെൽത്ത് ഡയറക്ടറായും മാതൃകാപരമായ പ്രവർത്തനം കാഴ്ചവെച്ചു.

കഴിഞ്ഞ 35 വർഷങ്ങളായി ടാമ്പായിലെ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി വികാരിയായി സേവനം അനുഷ്ഠിക്കുന്ന ബഹുമാനപ്പെട്ട അച്ചൻ, ഇടവകയിലെ ആബാലവൃദ്ധം ജനങ്ങളുടേയും ആവശ്യങ്ങൾ അന്വേഷിച്ചറിഞ്ഞ്, അവർക്ക് ആവശ്യമായ സഹകരണവും സഹായവും പിന്തുണയും നല്കുന്നു.

ഇടവകയിലെ എല്ലാ ആത്മീയ പ്രവർത്തനങ്ങളിലും സജീവമായി ഇടപെട്ട്, അവർക്ക് വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നു. അതുകൊണ്ടുതന്നെ, സൺഡേ സ്കൂൾ, മാർത്തമറിയം സമാജം തുടങ്ങിയ ഇടവക പ്രസ്ഥാനങ്ങൾ ഭദ്രാസന തലത്തിൽ അംഗീകാരങ്ങൾ നേടുന്നു. ആത്മീയ വളർച്ചയ്ക്കൊപ്പം ഇടവകയുടെ ഭൗതീക ഉന്നമനത്തിനും അച്ചൻ പ്രധാന്യം നൽകുന്നു. ആരാധനാലയത്തിലും പരിസരത്തിലും കാലാനുസൃതമായ നവീകരണ പ്രവർത്തനങ്ങൾ നിരന്തരം നടത്തുന്നു.

സുതാര്യമായ ഒരു പ്രവർത്തനശൈലിയാണ് ബഹുമാനപ്പെട്ട അച്ചൻ സ്വീകരിച്ചിട്ടുള്ളത്. ഇടവകയിലെ ചെറുതും വലുതുമായ ഓരോ വിഷയങ്ങളും യഥാസമയം ഇടവകാംഗങ്ങളെ അറിയിച്ച്, അവരുടെ അഭിപ്രായങ്ങൾ മാനിച്ച് മുന്നോട്ട് പോകുന്ന ഒരു ഭരണ സംവിധാനമാണ് സ്വീകരിച്ചിട്ടുള്ളത്.

ബഹുമാനപ്പെട്ട പൗലോസ് അച്ചൻ സഭയ്ക്കും, ഇടവകയ്ക്കും, സമൂഹത്തിനും നൽകിപ്പോരുന്ന നിസ്തുല സേവനങ്ങൾക്കുള്ള അംഗീകാരമായി, ഓർത്തഡോക്സ് സഭയുടെ സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന കൗൺസിലിന്റെ തീരുമാനം അനുസരിച്ച്, 2020 മാർച്ച് 14-ന് തൃശൂർ ഭദ്രാസനാദിപൻ അഭിവന്ദ്യ യൂഹാനോൻ മാർ മിലിത്തിയോസിന്റെ പ്രധാന കാർമികത്വത്തിൽ ഉന്നത പദവിയായ 'കോർഎപ്പിസ്കോപ്പ' സ്ഥാനം നൽകി ആദരിച്ചു.

മുപ്പത് വർഷത്തോളം 'Department of Aging Services in Tampa' യിൽ സോഷ്യൽ വർക്കറായി പ്രവർത്തിച്ചിട്ടുള്ള അച്ചൻ, യൂണിവേഴ്സിറ്റി ഓഫ് സൗത്ത് ഫ്ളോറിഡ, സെന്റ് ലിയോ യൂണിവേഴ്സിറ്റി എന്നീ സ്ഥാപനങ്ങളിലെ സോഷ്യൽ വർക്ക് വിദ്യാർത്ഥികളുടെ ഇൻസ്ട്രക്റ്ററായും പ്രവർത്തിച്ചിട്ടുണ്ട്. അച്ചന്റെ സേവനങ്ങൾക്കുള്ള അംഗീകാരമായി 'ഹിൽസ്ബറോ കൗണ്ടി' നിരവധി തവണ അവാർഡുകൾ നൽകി ആദരിച്ചു.



ഓർത്തഡോക്സ് സഭയോടുള്ള കൂറും വിശ്വാസവും എക്കാലവും പുലർത്തുന്ന ജോർജ് പൗലോസ് അച്ചൻ, മറ്റ് സഹോദരീ സഭകളോടും, സാമുദായിക സംഘടനകളോടും സൗഹാർദ്ദപരമായ ഒരു സമീപനമാണ് സ്വീകരിക്കുന്നത്. അതിനൊരു മികച്ച ഉദാഹരണമാണ് ഈയടുത്തകാലത്ത് രൂപീകരിച്ച 'സീനിയർ വെൽനസ് ഫോറം'. മലയാളി സമൂഹത്തിൽ വർദ്ധിച്ചുവരുന്ന, മുതിർന്ന പൗരന്മാരുടെ ശാരീരികവും, മാനസീകവും, സാമ്പത്തികവുമായ പ്രശ്നങ്ങൾക്ക് പ്രായോഗികമായ പരിഹാരങ്ങൾ നിർദേശിക്കുകയും, നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് ഈ കൂട്ടായ്മയുടെ ലക്ഷ്യം.

അതിന്റെ അടുത്ത പടിയായി മലയാളി സീനിയർ സിറ്റിസൺസിനായി ടാമ്പാ ഏരിയായിൽ, ഒരു കമ്യൂണിറ്റി സംവിധാന ലിയിൽ താമസ സൗകര്യങ്ങൾ ഒരുക തിനും ലക്ഷ്യമിടുന്നു.

ഈ പ്രവർത്തനങ്ങളുടെ ഉപദേശക തി ചെയർമാനായി ബഹുമാനപ്പെട്ട പൗ സ് അച്ചനെയാണ് അംഗങ്ങൾ ഐക്യ ഠ്യേന തെരഞ്ഞെടുത്തിട്ടുള്ളത്.

ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക ലിയ പ്രാധാന്യമാണ് ജോർജ് പൗ അച്ചൻ നൽകിയിട്ടുള്ളത്. ഇടവക ജ ളുടെ സഹായ സഹകണത്തോടെ നി രായ അനേകം കുടുംബങ്ങൾക്ക് ജാതി ഭേദമെന്യേ നിരന്തരം സഹായം നൽക രുന്നു.

ഡയോസിസ് ഓഫ് സൗത്ത് ഈസ്റ്റ് അമേരിക്ക 2022-ൽ ആരംഭിച്ച 'സ്നേഹസ്പർശം' പദ്ധതിക്ക് നാല് വീടുകൾ പണിയുമാനായി ഓണക്കൂറിൽ തന്റെ സ്വന്തം സ്ഥലം പരിശുദ്ധ സഭയ്ക്ക് ഇഷ്ടദാനമായി നൽകി മാതൃകയായി.

1987-ൽ വിവാഹിതനായ ജോർജ് പൗലോസ് അച്ചന്റെ എല്ലാ പ്രവർത്തനങ്ങൾക്കും അദ്ദേഹത്തിന്റെ സഹധർമ്മിണി ഷീബാ (കൊച്ചമ്മ) താങ്ങും തണലുമായി ഒപ്പമുണ്ട്.

കുടുംബ സമേതം ടാമ്പായിൽ സ്ഥിരതാമസമാക്കിയിട്ടുള്ള അച്ചന് ജിൻസി, ബെയ്സിൽ എന്നീ രണ്ട് മക്കളാണുള്ളത്.

സ്വന്തം ജന്മദേശത്തും, ഇന്ത്യയിലെ മറ്റ് പല സംസ്ഥാനങ്ങളിലും, വിവിധ രാജ്യങ്ങളിലും സേവനം അനുഷ്ഠിക്കുന്നതിനുള്ള അപൂർവ്വ അവസരം ലഭിച്ചിട്ടുള്ള ജോർജ് പൗലോസ് കോർഎപ്പിസ്കോപ്പ സഭയുടേയും സമൂഹത്തിന്റേയും ആദരവും അംഗീകാരവും നേടിയ ഒരു വിശിഷ്ട വ്യക്തിത്വത്തിനുടമയാണ്.

സപ്തതിയുടെ നിറവിൽ എത്തി നിൽക്കുന്ന ബഹുമാനപ്പെട്ട ജോർജ് പൗലോസ് കോർഎപ്പിസ്കോപ്പ അച്ചന് പ്രാർത്ഥനാ നിർഭരമായ ആയുരാരോഗ്യങ്ങൾ നേരുന്നു....

# 'വിദ്യാഭ്യാസവും ശാക്തീകരണ പരമ്പരയും' സെൻറ് തോമസ് ഓർത്തഡോക്സ് ഇടവകയിൽ



രാജൻ വാഴപ്പള്ളിൽ

വാഷിംഗ്ടൺ ഡി.സി: ഫിലാഡൽഫിയ, ഒക്ടോബർ 13, 2024, മാഷർ സ്ട്രീറ്റിലെ സെന്റ് തോമസ് ഓർത്തഡോക്സ് ഇടവക അതിന്റെ പുതിയ 'വിദ്യാഭ്യാസ, ശാക്തീകരണ പരമ്പരയുടെ' വിജയകരമായ ഉദ്ഘാടനം ഇന്ന് അഭിമാനപൂർവ്വം ആതിഥേയത്വം വഹിച്ചു. പരമ്പര ഔദ്യോഗികമായി ലോഞ്ച് ചെയ്തത് ഫാ. ഡോ. ജോൺസൺ സി. ജോൺ, ആരോഗ്യം, ക്ഷേമം, വ്യക്തിഗത വികസനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുള്ള ഒരു വിദ്യാഭ്യാസ സംരംഭത്തിനായി കമ്മ്യൂണിറ്റി അംഗങ്ങളെ ഒരുമിച്ച് കൊണ്ടുവരുന്നു.

ഉദ്ഘാടന സെഷനിൽ ശ്രീമതി ഡെയ്സി ജോൺ നയിച്ച 'പ്രമേഹം മനസ്സിലാക്കാം' എന്ന വിഷയത്തിൽ ഉൾക്കാഴ്ചയുള്ള ക്ലാസ് ഉണ്ടായിരുന്നു. വിജ്ഞാനത്തിലൂടെയും പ്രായോഗിക വൈദഗ്ധ്യത്തിലൂടെയും അംഗങ്ങളെ ശാക്തീകരിക്കുക എന്ന ദൗത്യവുമായി പ്രമേഹം നിയന്ത്രിക്കുന്നതിനും തടയുന്നതിനുമുള്ള വിലപ്പെട്ട വിവരങ്ങൾ ക്ലാസിൽ പങ്കെടുത്തവർക്ക് നൽകി.

കമ്മ്യൂണിറ്റിയുടെ ക്ഷേമത്തിന് പ്രസക്തമായ വിവിധ വിഷയങ്ങളെ അഭിസംബോധന ചെയ്യുന്ന 'വിദ്യാഭ്യാസവും ശാക്തീകരണ പരമ്പരയും' പതിവ് സെഷനുകളിൽ തുടരും.




# Blue Ocean
Wealth Solutions

A member of the MassMutual Financial Group

## PHILIPOSE SAMUEL

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals.



## PERSONAL NEEDS

**FAMILY PROTECTION**

- Whole Life Insurance
- Term Life Insurance
- Disability Income Insurance
- Long-Term Care Insurance
- Estate Conservation & Charitable Planning Strategies
- Medicare Supplement & Advantage Plans*
- Medicare Part D*
- Homeowner's Insurance*
- Auto Insurance*

MassMutual Leaders Conference: 2022, 2021,2019, 2018
MetLife Leaders Conference: 2015, 2014, 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference: 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award: 1998

## PHILIPOSE SAMUEL (SAM)

Financial Services Representative Financial Advisor
O: (516) 326-7028
C: (516) 312-2902
psamuel@financialguide.com | www.blueocean.us.com

# ശ്രീമതി എൽസി യോഹന്നാൻ ശങ്കരത്തിലിന് പയനിയർ ക്ലബിന്റെ ആദരം (നന്ദി പ്രസംഗം)

ഇ-മലയാളിയുടെ അഭ്യുദയകാംക്ഷിയും എഴുത്തുകാരിയുമായ ശ്രീമതി എൽസി യോഹന്നാൻ ശങ്കരത്തിലിനെ പയനീർ ക്ലബ് ന്യൂയോർക്ക് ആദരിച്ചപ്പോൾ അവർ ചെയ്ത നന്ദി പ്രസംഗം താഴെ കൊടുക്കുന്നു. കവയിത്രിക്ക് ഇനിയും ധാരാളം അംഗീകാരങ്ങൾ ആശംസിക്കുന്നു. - ഇ- മലയാളി

പ്രിയ സദസ്സിനും വേദിയിലിരിക്കുന്ന ബഹുമാന്യരായ അതിഥികൾക്കും എന്റെ വന്ദനം.!

പയനീയർ ക്ലബ്ബിന്റെ ഈ അംഗീകാരം ഏറ്റുവാങ്ങാൻ ഇവിടെ നിൽക്കുമ്പോൾ ഞാൻ സർവ്വേശ്വരന് നന്ദിയർപ്പിക്കുന്നു. എന്നെ വിട്ടു പിരിഞ്ഞ എന്റെ പൂർണ്ണസംഖ്യയായിരുന്ന, എന്നെ ഞാനാക്കിയ എന്റെ പ്രിയ ഭർത്താവ് വന്ദ്യ ഡോ. യോഹന്നാൻ ശങ്കരത്തിൽ കോറെപ്പിസ്ക്കോപ്പായെ നന്ദിപൂർവ്വം സ്മരിക്കുന്നു.

സ്വർഗ്ഗസ്ഥനായ അദ്ദേഹം ഈ ആഹ്ളാദം പങ്കിടാൻ ഇവിടെ സന്നിഹിതനാണെന്നു ഞാൻ വിശ്വസിക്കുന്നു. എന്നിലെ കാവ്യവാസനയെ കൈപിടിച്ചുയർത്തിയ ആ സനേഹനിധിയുടെ പാദാരവിന്ദങ്ങളിൽ ഈ അംഗീകാരം സമർപ്പിക്കുന്നു. എന്റെ രണ്ടു പുത്രന്മാരും പുത്രവധുവും, എന്റെ സഹോദരങ്ങളും ഉറ്റ മിത്രങ്ങളും ഇവിടെ സന്നിഹിതരായിട്ടുണ്ട്, സ്നേഹവന്ദനം.ക മാ ീ വൗാ യഹലറ ംവലി ക മൈേറ വലൃല,

മരങ്ങൾ താഴുന്നു ഫലാഗമത്തിനാൽ

പരം നമിക്കുന്നു ഘനം നവാംബുവാൽ

സമൃദ്ധിയിൽ സജ്ജനമൂറ്റമാർന്നിടാ

പരോപകാരിക്കിതുതാൻ സ്വഭാവമാം.

ഈ അവാർഡ്, അംഗീകാരം എനിക്കായി നിർണ്ണയിച്ച പയനീയർ ക്ലബ്ബിന്റെ ഭാരവാഹികൾക്ക് ഞാൻ കൃതജ്ഞത നേരുന്നു. ഇത് അഭിമാനത്തിന്റെ നിമിഷമാണ്.

ഇത്തരം അവസരങ്ങൾ ജീവിതത്തിലുണ്ടാകുന്നത് സൗഭാഗ്യമാണ്. ഞാൻ എഴുത്തിന്റെ ലോകത്തിലേക്കു വന്നത് എന്റെ കൗമാരകാലം തൊട്ടാണ്. ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായിരുന്ന എന്റെ വന്ദ്യപിതാവ് ഞങ്ങൾ മക്കളുടെ കാര്യത്തിൽ ഏറെ ശ്രദ്ധ പതിപ്പിച്ചിരുന്നു, പാഠപുസ്തകങ്ങൾക്കൊപ്പം മറ്റു കൃതികളും അദ്ദേഹം ഞങ്ങൾക്കായി പരിചയപ്പെടുത്തി. അങ്ങനെയാണ് വിശ്വവിഖ്യാതനും 1913 ൽ ആദ്യമായി ഭാരതത്തിനു നോബൽ സമ്മാനം നേടിത്തന്ന രവീന്ദ്രനാഥ ടാഗോറിന്റെ ഗീതാഞ്ജലിയെപ്പറ്റി ഞാനറിയുന്നത്, അത് എന്നിൽ ഒരു വികാരമായി നിലകൊണ്ടു. ജീവിത ഭാരങ്ങളൊക്കെ ഒന്നൊതുങ്ങിയപ്പോൾ ന്യൂയോർക്കിലെ ലൈബ്രറിയിൽ നിന്നും ഇംഗ്ലീഷ് ഗീതാഞ്ജലി ലഭ്യമായി, വീണുകിട്ടിയ ഒഴിവുസമയങ്ങളിൽ അതു മലയാളത്തിലേക്കു വൃത്തബദ്ധമായ കവിതകളായി പരിഭാഷപ്പെടുത്തി. 103 ഗീതങ്ങൾ 500ൽ പരം കവിതകളായി, പഞ്ചചാമരം, ഇന്ദ്രവജ്ര, ഉപേന്ദ്രവജ്ര, കേക, കാകളി, വസന്തതിലകം, സ്രഗ്ദ്ധര തുടങ്ങിയ സംസ്കൃത വൃത്തങ്ങളിൽ എട്ടു വർഷത്തെ തപസ്യയിലൂടെ വാർത്തെടുത്തു, അതിപ്പോൾ




ഇ മലയാളി എല്ലാ ശനിയാഴ്ചയും പ്രസിദ്ധീകരിക്കുന്നത് വളരെ സന്തോഷം നൽകുന്നു.

ടാഗോറിന്റെ 1879 മുതൽ 1941 വരെയുള്ള 80 വർഷത്തെ സംഭവബഹുലമായ ജീവിതം ലോകത്തിനു കാഴ്ചവച്ച അനേകായിരം രചനകളിലെ അമൂല്യ രത്നമാണ് ഗീതാഞ്ജലി, ടാഗോർ എന്ന അനശ്വര പ്രതിഭയുടെ അതുല്യ സൃഷ്ടിയായ ഗീതാഞ്ജലി എന്ന പുണ്യതീർഥം എന്റെ കൈക്കുടന്നയിൽ കോരിയെടുക്കുവാൻ ശ്രമിച്ചത് അവിവേകമായിപ്പോയോ എന്നു ഞാൻ ആദ്യം സന്ദേഹിച്ചു, എന്നാൽ ആദ്ധ്യാത്മികതയുടെ പരമവൈശിഷ്ട്യം വിളംബരം ചെയ്യുന്ന ആ ദിവ്യപ്രഭാവത്തെ എന്റെ ഹൃദയചഷകത്തിൽ ആവോളം നിറച്ച് നിർവൃതി നേടുവാൻ ശ്രമിച്ചപ്പോൾ ഈശ്വരസാന്നിദ്ധ്യത്തിന്റെ അലകൾ എന്റെ ഹൃദയത്തിൽ ഉയരുന്നതായും ഒരപ്രമേയശക്തി എന്നിൽ വിലയിക്കുന്നതായും ഞാൻ അനുഭവിച്ചറിഞ്ഞു.

ഈശ്വരപ്രേമത്തിന്റെ സാത്വികതയും, മനുഷ്യത്വത്തിന്റെ മാധുര്യവും, ശൈശവത്തിന്റെ നൈർമ്മല്യവും, സൗന്ദര്യത്തിന്റെ ശബളിമയും നിറഞ്ഞുതുളുമ്പുന്നതുമായ ഒരു അനശ്വരപ്രവാഹമാണ് ആ പുണ്യതീർഥം. ആ മഹാത്മാവിനെ നമിച്ചുകൊണ്ടാണ് ഓരോ നേരവും ഞാൻ രചന തുടങ്ങിയത്.

നാസാ കൗണ്ടി ഡിപ്പാർട്ടുമെന്റ് ഓഫ് പബ്ലിക്ക് വർക്ക്സിലെ ഒരു എൻജിനീയർ എന്ന ചുമതലയാർന്ന ജോലി, ഒരു വൈദിക പത്നി, രണ്ടു പുത്രന്മാരുടെ മാതാവ് എന്നീ ബദ്ധപ്പാടുകൾക്കിടയിലൂടെ 13 കാവ്യസമാഹാരങ്ങൾ വിരചിക്കുവാൻ സാധിച്ചത് ദൈവകരുണയൊന്നുകൊണ്ടു മാത്രമാണ്. അമേരിക്കൻ മലയാളികൾക്കു പൊതുവേ വായനാശീലം കുറവാണെന്ന് ഇവിടെ വളർന്നു പന്തലിക്കേണ്ട മലയാളസാഹിത്യം മുരടിച്ചു നിൽക്കുന്നതിൽ നിന്നും മനസിലാക്കാം. എന്നാലും എഴുത്തുകാർ എഴുതുന്നു, ഞാനും എഴുതുന്നു, എന്നെ ഒരു കവയിത്രി എന്ന നിലയ്ക്ക് അംഗീകരിക്കമ്പോൾ എന്റെ എഴുത്തിനുള്ള പ്രതിഫലമായിഞാൻ കരുതുന്നു.

ഏവർക്കും എന്റെ നന്ദി. പ്രത്യേകിച്ച് എന്റെ രചനകൾ പ്രസിദ്ധപ്പെടുത്തി എന്നെ


പ്രോത്സാഹിപ്പിച്ച മലയാളം പത്രം, കൈരളി, കേരള എക്സ്പ്രസ്, രജനി, ജനനി, ഇ മലയാളി, മലയാളി മനസ്സ് തുടങ്ങി അനേകം മാദ്ധ്യമങ്ങളോടുള്ള നന്ദിയും സ്നേഹവും ഇത്തരുണത്തിൽ അർപ്പിക്കുന്നു. അംഗീകാരങ്ങൾ ഏറ്റുവാങ്ങാൻ ഇവിടെ സന്നിഹിതരായിരിക്കുന്ന ബഹുമാന്യ മിത്രങ്ങൾക്ക് എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ.

ഗീതാഞ്ജലിയിലെ 35 ാം ഗീതത്തിൽ രവീന്ദ്ര ടാഗോറിനു ഭാരതത്തെപ്പറ്റിയുള്ള ആകുലതകളും, അഭിലാഷവും, ആശംസകളും പ്രതിഫലിക്കുന്നു. ഇവിടെ അത് ആലപിക്കുവാൻ ആഗ്രഹിക്കുന്നു. സദയം അനുവദിച്ചാലും!


LAWSON
travel
Enjoy Your
Vacations
With Us
214-631-2458
www.LawsonTravel.com

# കോൺഗ്രസിന്റെ ഏക മലയാളി പ്രസിഡന്റിൻെറ നിരുപമമായ നിയമ പോരാട്ടത്തെപറ്റി കരൺ ജോഹർ സിനിമ;

## സി. ശങ്കരൻ നായരായി അക്ഷയ് കുമാർ



സർ സി. ശങ്കരൻ നായരുടെ ജീവിതത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട ഒരു സിനിമയുമായികരൺ ജോഹറും അക്ഷയ് കുമാറും എത്തുന്നു . 'കേസരി', 'ഗുഡ് ന്യൂസ്' തുടങ്ങിയ സിനിമകളിലെ വിജയകരമായ സഹകരണത്തിന് ശേഷം അക്ഷയ് കുമാറും കരൺ ജോഹറും വീണ്ടും ഒന്നിക്കുകയാണ് .

ജാലിയൻ വാലാബാഗ് കൂട്ടക്കൊലയുടെ പശ്ചാത്തലത്തിലാണ് സിനിമ. വെള്ളിയാഴ്ചയാണ് പേരിടാത്ത ചിത്രത്തിന്റെ റിലീസ് തീയതി പ്രഖ്യാപിച്ച് അണിയറപ്രവർത്തകർ പോസ്റ്റർ പുറത്തുവിട്ടത്. ഇൻസ്റ്റാഗ്രാമിൽ, കരൺ ജോഹറിന്റെ ധർമ്മ പ്രൊഡക്ഷൻസ് ഒരു പോസ്റ്റർ പങ്കിട്ടു, ' പറയാത്ത കഥ, കേൾക്കാത്ത സത്യം. അക്ഷയ് കുമാർ, ആർ. മാധവൻ ,; അനന്യ പാണ്ഡേ അഭിനയിക്കുന്ന പേരിടാത്ത ചിത്രം 2025 മാർച്ച് 14-ന് തിയേറ്ററുകളിൽ റിലീസ് ചെയ്യുന്നു. സംവിധാനം കരൺ സിംഗ് ത്യാഗിയാണ്. പോസ്റ്ററിലെ വാചകം ഇങ്ങനെയാണ്, "ഇന്ത്യയിലെ മുൻനിര ബാരിസ്റ്റർ സി. ശങ്കരൻ നായരെ ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെ അഭൂതപൂർവമായ യുദ്ധം ചെയ്യാൻ പ്രേരിപ്പിച്ച ഒരു കൂട്ടക്കൊലയുടെ ഞെട്ടിപ്പിക്കുന്ന പേരിടാത്ത സിനിമ.

യഥാർത്ഥ സംഭവങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് രഘു പാലാട്ടും പുഷ്പ പാലാട്ടും ചേർന്നെഴുതിയ 'സാമ്രാജ്യത്തെ ഞെട്ടിച്ച കേസ്' എന്ന പുസ്തകത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് ചിത്രം നിർമ്മിക്കുന്നത്. ജാലിയൻ വാലാബാഗ് കൂട്ടക്കൊലയെക്കുറിച്ചുള്ള, സത്യത്തിനായുള്ള ഒറ്റയാൾ പോരാട്ടമായിരുന്നു ഈ കേസ് എന്ന് പുസ്തകം പറയുന്നു . വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിൽ അംഗമായിരുന്ന ചേറ്റൂർ ശങ്കരൻ നായർക്കെതിരെ ജാലിയൻ വാലാബാഗ് കൂട്ടക്കൊലയുടെ സൂത്രധാരൻ പഞ്ചാബിലെ ലെഫ്റ്റനന്റ് ഗവർണറായിരുന്ന മൈക്കൽ ഒഡ്വയർ നടത്തിയ മാനനഷ്ടക്കേസിനെ കേന്ദ്രീകരിച്ചാണ് സിനിമ., സി. ശങ്കരൻ നായർ അന്നത്തെ സുപ്രധാന ഇന്ത്യൻ അഭിഭാഷകനും മലയാളിയായ ആദ്യ കോൺഗ്രസ് പ്രസിഡന്റും പരിഷ്കർത്താവുമായിരുന്നു, രാജ്യത്തിന്റെ സ്വാതന്ത്ര്യസമരത്തിൽ പ്രധാന പങ്കുവഹിച്ച വ്യക്തിയാണ് സി ശങ്കരൻ നായർ .. കരൺ സിംഗ് ത്യാഗി സംവിധാനം ചെയ്ത, വരാനിരിക്കുന്ന കോടതിമുറിയിലെ പോരാട്ടം ജാലിയൻ ബാഗ് കൂട്ടക്കൊലയുടെ പശ്ച്ചത്തലത്തിൽ സ്വാതന്ത്ര്യത്തിന് മുമ്പുള്ള വികാരനിർഭരമായ ഒരു അധ്യായം അവതരിപ്പിക്കുന്നു സിനിമയിൽ അഭിഭാഷകനായി അഭിനയിക്കുന്നത് അക്ഷയ് കുമാർ..

കരൺ ജോഹറിന്റെയും അപൂർവ മേത്തയുടെയും ധർമ്മ പ്രൊഡക്ഷൻസ്, അക്ഷയ് കുമാറിന്റെ ഹോം പ്രൊഡക്ഷൻ കേപ് ഓഫ് ഗുഡ് ഫിലിംസ്, ലിയോ മീഡിയ കളക്ടീവ് എന്നിവർ ചേർന്നാണ് ചിത്രം നിർമ്മിച്ചിരിക്കുന്നത്. 2024 മാർച്ച് 14 ന് ചിത്രം തിയേറ്ററുകളിൽ റിലീസ് ചെയ്യും. മാധവനും അനന്യയുമൊത്തുള്ള അക്ഷയ് ആദ്യമായി സഹകരിക്കുന്ന പദ്ധതിയാണിത്. ഈ ചിത്രത്തിന് പുറമേ, 'ഹൗസ്ഫുൾ 5', 'വെൽക്കം ടു ദി ജംഗിൾ' എന്നിവയുൾപ്പെടെ ഒന്നിലധികം സുപ്രധാന റിലീസുകൾക്കായി അക്ഷയ് കുമാർ തയ്യാറെടുക്കുകയാണ്. മറുവശത്ത്, ആദിത്യ ധറിന്റെ പേരിടാത്ത ചിത്രത്തിൽ രൺവീർ സിംഗ്, സഞ്ജയ് ദത്ത്, അർജുൻ രാംപാൽ എന്നിവർക്കൊപ്പം ആർ മാധവനും അഭിനയിക്കും.

# മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സിന്റെ യുഎസ്എ യിലെ ഫ്ലാഗ്ഷിപ് ഷോറൂമിന് ലോസ് ആഞ്ചൽസിൽ തുടക്കമായി:

## നോർത്ത് അമേരിക്കയിലെ വിപുലീകരണം ശക്തിപ്പെടുത്തുന്നു.




MALABAR
GOLD & DIAMONDS

13 രാജ്യങ്ങളിലായി 360ലധികം ഷോറൂമുകളുള്ള ലോകത്തിലെ ഏറ്റവും വലിയ ആറാമത്തെ ജ്വല്ലറി ശൃംഖലയായ മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സിന്റെ യുഎസ്എ യിലെ ഫ്ലാഗ്ഷിപ് ഷോറൂമിന് ലോസ് ആഞ്ചൽസിൽ തുടക്കമായി.

നോർത്ത് അമേരിക്കയിലെ ബ്രാൻഡിന്റെ വളർച്ചയിലെ ഒരു പ്രധാന നാഴികക്കല്ല് അടയാളപ്പെടുത്തുന്ന പുതിയ ഷോറൂം മലബാർ ഗോൾഡ് & ഡയമണ്ട്സിന്റെ യു.എസ്.എയിലെ അഞ്ചാമത്തെയും ഏറ്റവും വലിയ ഷോറൂമായിരിക്കും.

കാലിഫോർണിയ കോൺഗ്രസ് വുമൺ മിഷേൽ സ്റ്റീൽ പുതിയ ഷോറൂമിന്റെ ഉദ്ഘാടനം നിർവഹിച്ചു. ആർടിസിയ മേയർ ടോണി ലിമ, ആർടിസിയിലെ മേയർ പ്രൊടെം അലി സജ്ജാദ് താജ്, മലബാർ ഗ്രൂപ്പ് ചെയർമാൻ എം പി അഹമ്മദ്, വൈസ് ചെയർമാൻ കെ പി അബ്ദുൾ സലാം, ഇന്റർനാഷണൽ ഓപ്പറേഷൻസ് എം ഡി ഷംലാൽ അഹമ്മദ്, നോർത്ത് അമേരിക്ക റീജിയണൽ ഹെഡ് ജോസഫ് ഈപ്പൻ, ബ്രാഞ്ച് ഹെഡ് ആർ ജാസർ, മറ്റു സീനിയർ മാനേജ്മന്റ് അംഗങ്ങൾ, ഉപഭോക്താക്കൾ, മാധ്യമ അതിഥികൾ, അഭ്യുദയകാംക്ഷികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് അന്താരാഷ്ട്ര ജ്വല്ലറി മേഖലയിൽ മികച്ച മുന്നേറ്റം നടത്തുന്നു, ഈ വളർച്ചയെ നയിക്കുന്ന ഒരു പ്രധാന വിപണിയായി നോർത്ത് അമേരിക്ക തുടരുന്നു. അമേരിക്കയിലെ ഏറ്റവും വലുതും അഞ്ചാമത്തേതുമായ ഈ ഷോറൂം ആരംഭിക്കുന്നതിലൂടെ ലോസ് ആഞ്ചൽസിലെ എല്ലാ ആഭരണപ്രേമികൾക്കും 100% ഉത്തരവാദിത്വത്തോടെയും സുസ്ഥിരതയോടെയും സമാനതകളില്ലാത്ത ഒരു ജ്വല്ലറി ഷോപ്പിംഗ് അനുഭവം നൽകാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

2024 ഒക്ടോബറിൽ ആഗോളതലത്തിൽ 20 ഷോറൂമുകൾ തുറക്കുക എന്ന ഞങ്ങളുടെ ആഗോള വിപുലീകരണ പദ്ധതിയുടെ പ്രധാന ഹൈലൈറ്റ് ആയിരുന്നു ഞങ്ങളുടെ ഘഅ ഷോറൂമിന്റെ ലോഞ്ച്. പുത്തനുണർവിൽ നൂതന ആശയങ്ങളോടെ ലോകത്തിലെ നമ്പർ വൺ ജ്വല്ലറി റീട്ടൈലറാവുകയെന്ന ഞങ്ങളുടെ ലക്ഷ്യത്തെ സാക്ഷാത്കരിക്കുവാനായി ഞങ്ങൾക്കൊപ്പം നിലകൊള്ളുന്ന എല്ലാ പ്രിയ ഉപഭോക്താക്കൾക്കും ടീം അംഗങ്ങൾക്കും പങ്കാളികൾക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുന്നതായും മലബാർ ഗ്രൂപ്പ് ചെയർമാൻ എം പി അഹമ്മദ് പറഞ്ഞു.

ആർട്ടിസിയ സിറ്റിയിൽ 6500 ചതുരശ്ര അടിയിൽ സ്ഥിതി ചെയ്യുന്ന പുതിയ ഷോറൂമിൽ 20 രാജ്യങ്ങളിൽ നിന്നുള്ള 30,000 ത്തിലധികം ഡിസൈനുകളിലുള്ള ആഭരണങ്ങൾ ഒരുക്കിയിട്ടുണ്ട്. സ്വർണം, വജ്രം, അമൂല്യ രത്നങ്ങൾ എന്നിവയിൽ രൂപകൽപന ചെയ്ത ആഭരണങ്ങളുടെ 25 ഓളം എക്സ്ക്ലൂസിവ് ബ്രാൻഡുകളും പുതിയ ഷോറൂമിൽ ഒരുക്കിയിട്ടുണ്ട്. ഏറ്റവും പുതിയ ഡിസൈനുകളിലുള്ള ബ്രൈഡൽ, പാർട്ടി വെയർ, കാഷ്വൽ വെയർ എന്നിവയ്ക്ക് പുറമെ ഏത് അവസരങ്ങൾക്കും അനുയോജ്യമായ ആഭരണങ്ങളുടെ വലിയൊരു ശ്രേണി തന്നെ പുതിയ ഷോറൂമിൽ ലഭ്യമാകും. മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സിലെ കരകൗശല വിദഗ്ധരുടെ സഹായത്തോടെ ഉപഭോക്താക്കൾക്ക് അവരുടെ ഇഷ്ടപ്രകാരമുള്ള ആഭരണങ്ങൾ കസ്റ്റമൈസ് ചെയ്യാനുള്ള സൗകര്യവും പുതിയ ഷോറൂമിന്റെ സവിശേഷതയാണ്. ഉദ്ഘടനത്തോട് അനുബന്ധിച്ചു ഡയമണ്ട്, പ്രെഷ്യസ് ജം ആഭരണങ്ങൾ വാങ്ങുമ്പോൾ ഉറപ്പായ സ്വർണ്ണനാണയങ്ങൾ നേടാൻ അവസരമുണ്ട്. നവംബർ 3 വരെയാണ് ഓഫറിൻറെ കാലാവധി.

പുതിയ ഷോറൂമിന് തികച്ചും അനുയോജ്യമായ ഇടമെന്ന നിലയിൽ കാലിഫോർണിയ തിരഞ്ഞെടുക്കാൻ നിരവധി കാരണങ്ങൾ ഉണ്ട്. ഒരു ആഗോള ടെക് & ഫാഷൻ ഹബ് എന്ന നിലയിൽ ഒരേ സമയം ആഭരണ നിർമാണ മേഖലയിലെ കരകൗശല വിദ്യയെ അംഗീകരിക്കുകയും സമകാലിക സൗന്ദര്യ സങ്കൽപ്പങ്ങളെ ഇഷ്ടപ്പെടുകയും ചെയ്യുന്ന

വൈവിധ്യമാർന്ന പ്രേക്ഷകരെ, പ്രത്യേകിച്ച് ഇന്ത്യൻ ഉപ ഭൂഖണ്ഡത്തിൽ നിന്നുള്ള വിവിധ ഉപഭോക്താക്കളിലേക്ക് എത്തിച്ചേരാനുള്ള അവസരമാണ് കാലിഫോർണിയയിലെ പുതിയ ഷോറൂം നൽകുന്നത്. യു എസ്സിലെ ഞങ്ങളുടെ ആദ്യ ഷോറൂം 2018ലാണ് ആരംഭിച്ചത്. തുടർന്നുള്ള ഞങ്ങളുടെ വളർച്ചയ്ക്ക് പിന്നിൽ വിശിഷ്ടമായ ആഭരണങ്ങളോടൊപ്പം സമാനതകളില്ലാത്ത സേവനവും നൽകുമെന്ന പ്രതിബദ്ധതയുമാണ്. ന്യൂ ജേഴ്സി, ഡാളസ്, ഷിക്കാഗോ, നേപ്പർവില്ല എന്നിവിടങ്ങളിലെ ഷോറൂമുകൾ നേടിയിട്ടുള്ള സ്വീകാര്യതയുടെ അടിസ്ഥാനത്തിൽ, ലോസ് ഏഞ്ചൽസിലെ പുതിയ ഷോറൂമിനും മികച്ച സ്വീകരണം ലഭിക്കുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട് എന്ന് ' മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സിന്റെ ഇന്റർനാഷണൽ ഓപ്പറേഷൻസ് എംഡി ഷംലാൽ അഹമ്മദ് അഭിപ്രായപ്പെട്ടു.

മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് യുഎസിലെ ആറാമത്തെ ഷോറൂം ജോർജിയയിലെ അറ്റ്ലാന്റയിൽ ഉടൻ ആരംഭിക്കും. സാൻ ഫ്രാൻസിസ്കോ, സിയാറ്റിൽ, ഓസ്റ്റിൻ, ടാമ്പ, വിർജീനിയ, ഡിട്രോയിറ്റ്, ഹ്യൂസ്റ്റൺ, ഷാർലറ്റ്, ഫീനിക്സ്, ന്യൂയോർക്ക്, സാൻ ഡീഗോ തുടങ്ങിയ നഗരങ്ങളിൽ പുതിയ ഷോറൂമുകൾ ആരംഭിക്കാനുള്ള വിപുലീകരണ പദ്ധതിയും നിലകൊള്ളുന്നു. ഇത് നോർത്ത് അമേരിക്കയിലെ ബ്രാൻഡിന്റെ സാന്നിധ്യത്തെ കൂടുതൽ ശക്തിപ്പെടുത്തും. കാനഡയിലെ ബ്രിട്ടീഷ് കൊളംബിയയിലും ആൽബെർട്ടയിലും ഷോറൂമുകൾ ഉടനെ ആരംഭിക്കും.

യുഎസ്എയിൽ ഞങ്ങളുടെ അഞ്ചാമത്തെ സംരംഭത്തെ അടയാളപ്പെടുത്തിക്കൊണ്ട് ഞങ്ങളുടെ ഫ്ലാഗ്ഷിപ് ഷോറൂം ലോസ് ആഞ്ചൽസിൽ ആരംഭിക്കാനായതിൽ അതിയായ സന്തോഷമുണ്ട്. മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സിൽ എല്ലായ്പ്പോഴും ഞങ്ങളുടെ ഇഎസ്ജി പ്രതിബദ്ധതകൾ ഏറ്റവും ഉയർന്ന പരിഗണയിൽ തന്നെ നടപ്പിലാക്കിയിട്ടുണ്ട്. ആഗോള ആഭരണ വിപണിയിലെ മുൻനിര ബ്രാൻഡ് ആവുകയെന്ന ലക്ഷ്യത്തിലേക്ക് ചുവടുവെക്കുമ്പോൾ സുസ്ഥിരതയോടെയും ഉത്തരവാദിത്വത്തോടെയും വളരാൻ ഞങ്ങൾ തീർത്തും പ്രതിജ്ഞാബദ്ധരാണ്. ഷോറൂമുകളിലെ ഓരോ ആഭരണവും ഏറ്റവും ഉയർന്ന നിലവാരത്തിലുള്ളവയാണെന്ന് ഉറപ്പു നല്കുന്നതിനോടൊപ്പം മനുഷ്യരുടെയും മൃഗങ്ങളുടെയും അവയുടെ ആവാസ വ്യവസ്ഥകളുടെയും അവകാശങ്ങൾ സംരക്ഷിക്കുന്ന, ഉത്തരവാദിത്തത്തോടെ ഖനനം ചെയ്തതാണെന്നും ഞങ്ങൾ ഉറപ്പാക്കുന്നു, ഇത് ഉപഭോക്താക്കൾക്കുള്ള ഞങ്ങളുടെ ഏറ്റവും വലിയ വാഗ്ദാനമാണ്. ഈ മൂല്യങ്ങളോടുള്ള ഞങ്ങളുടെ സമർപ്പണം ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്; ഇന്ത്യ ഗോൾഡ് കോൺഫെറൻസിലെ റെസ്പോൺസിബിൾ ജ്വല്ലറി ഹൗസ് അവാർഡ് നേടാനായത് സുതാര്യതയും സമഗ്രതയും ഉയർത്തിപ്പിടിക്കാനുള്ള നിരന്തരമായ ശ്രമങ്ങളുടെ ഫലമാണ് എന്ന് മലബാർ ഗ്രൂപ്പ് വൈസ് ചെയർമാൻ കെ പി അബ്ദുൾ സലാം അഭിപ്രായപ്പെട്ടു.

മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ഒക്ടോബറിൽ 20 ഷോറൂമുകൾ ആരംഭിക്കാനാണ് പദ്ധതിയിട്ടത്. ഇതിനോടകം തന്നെ 7 ഷോറൂമുകൾ പ്രവർത്തനമാരംഭിച്ചു. യു എസ്എ, യുഎഇ, ഖത്തർ, സൗദി അറേബ്യ, ഇന്ത്യ എന്നിവിടങ്ങളിലായി 13 ഷോറൂമുകൾ വരും ആഴ്ചകളിൽ തുറക്കും.

ഉപഭോക്താക്കള്ക്ക് സമാനതകളില്ലാത്ത സേവനവും, മികച്ച ഗുണനിലവാരവും വാഗ്ദാനം ചെയ്യുന്ന ഉപഭോക്തൃ സൗഹൃദ നയങ്ങളിലൂടെ ആഗോളതലത്തില് പ്രശസ്തമായ മലബാർ ഗോള്ഡ് & ഡയമണ്ട്സില് നിന്നുള്ള എല്ലാ പർച്ചേസുകളും 'മലബാർ പ്രോമിസ്' ലൂടെ സമ്പൂർണ്ണ പരിരക്ഷ ഉറപ്പാക്കുന്നു. ന്യായവില വാഗ്ദാനം, സ്റ്റോണ് വെയ്റ്റ്, നെറ്റ് വെയ്റ്റ്, സ്റ്റോണ് ചാർജ് എന്നിവ സൂചിപ്പിക്കുന്ന സുതാര്യമായ പ്രൈസ് ടാഗ്, 28 ലാബ് ടെസ്റ്റുകളിലൂടെ ആഗോള ഗുണനിലവാരം ഉറപ്പാക്കിയ ഡയമണ്ടുകള്, ഗ്യാരണ്ടീഡ് ബയ് ബാക്ക്, 100 % വാല്യൂ ഓണ് ഗോള്ഡ് എക്സ്ചേഞ്ച്, 100 % വാല്യൂ ഓണ് ഡയമണ്ട് എക്സ്ചേഞ്ച്, സ്വർണ്ണത്തിന്റെ പരിശുദ്ധി സാക്ഷ്യപ്പെടുത്തുന്ന 916 ഹാള് മാർക്കിങ്, 13 രാജ്യങ്ങളിലെ എല്ലാ ഷോറൂമുകളില് നിന്നും എല്ലാ ആഭരണങ്ങള്ക്കും ആജീവനാന്ത ഫ്രീ മെയിന്റനന്സ്, അംഗീകൃത സ്രോതസ്സുകളില് നിന്നും ഉത്തരവാദിത്വത്തോടെ ശേഖരിക്കുന്ന സ്വർണ്ണം, തൊഴിലാളികള്ക്ക് കൃത്യമായ വേതനവും, ന്യായമായ ആനുകൂല്യങ്ങളും എന്നിവയാണ് മലബാർ പ്രോമിസിലൂടെ ഉപഭോക്താക്കള്ക്ക് ലഭിക്കുന്നത്.

ആരോഗ്യം, പാർപ്പിടം, പട്ടിണി നിർമ്മാർജ്ജനം, സ്ത്രീ ശാക്തീകരണം, വിദ്യാഭ്യാസം, പരിസ്ഥിതി എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്, വർഷങ്ങളായി മലബാർ ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളുടെ പ്രധാന ഘടകമാണ് ESG (പരിസ്ഥിതി, സാമൂഹിക & ഭരണം) സംരംഭങ്ങൾ. ബിസിനസ്സിന്റെ വളർച്ചയിൽ നിന്ന് എല്ലാ പങ്കാളികൾക്കും പ്രയോജനം ലഭിക്കുന്നുണ്ടെന്ന് ഗ്രൂപ്പ് ഉറപ്പാക്കുകയും അതിന്റെ ലാഭത്തിന്റെ 5% അതേ രാജ്യത്ത് തന്നെ ഇടഞ്ഞ/ഇഎഎ സംരംഭങ്ങൾക്ക് നൽകുകയും ചെയ്യുന്നു. 2007ൽ ആരംഭിച്ച മലബാർ നാഷണൽ സ്കോളർഷിപ്പിന്റെ ഭാഗമായി 1.9 യു എസ് ഡോളർ മൂല്യമുള്ള 21000 സ്കോളർഷിപ്പുകൾ വിദ്യാർത്ഥികൾക്കായി നൽകുമെന്ന് ഗ്രൂപ്പ് പ്രഖ്യാപിച്ചിട്ടുണ്ട്. ദരിദ്രർക്കിടയിൽ അടിസ്ഥാന വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഇന്ത്യയിൽ 247 മൈക്രോ ലേർണിംഗ് സെന്ററുകളും തുറന്നിട്ടുണ്ട്

## മലബാര് ഗോള്ഡ് & ഡയമണ്ട്സിനെക്കുറിച്ച്

ഇന്ത്യന് ബിസിനസ് രംഗത്ത് ശക്തമായ സാന്നിധ്യവുമായി മുന്നിരയില് നില്ക്കുന്ന മലബാര് ഗ്രൂപ്പിന്റെ ഫ്ളാഗ്ഷിപ്പ് കമ്പനിയാണ് 1993 ല് സ്ഥാപിതമായ മലബാര് ഗോള്ഡ് & ഡമണ്ട്സ്. 6.2 ബില്യണ് ഡോളറിന്റെ വാര്ഷിക വിറ്റുവരവുള്ള കമ്പനി നിലവില് ആഗോളതലത്തിലെ ഏറ്റവും വലിയ ആറാമത്തെ ജ്വല്ലറി റീട്ടെയില് ബ്രാന്ഡാണ്. ഇന്ന് ഇന്ത്യയിലുടനീളം നിരവധി ഓഫീസുകള്, ഡിസൈന് സെന്ററുകള്, മൊത്തവ്യാപാര യൂണിറ്റുകള്, ഫാക്ടറികള് എന്നിവ കൂടാതെ ഇന്ത്യ, മിഡില് ഈസ്റ്റ്, ഫാര് ഈസ്റ്റ്, യുഎസ്എ, യു.കെ, കാനഡ, ഓസ്ട്രേലിയ എന്നീ മേഖലകളിലെ 13 രാജ്യങ്ങളിലായി വ്യാപിച്ചുകിടക്കുന്ന 360 ലധികം ഔട്ട്ലെറ്റുകളുടെ ശക്തമായ റീട്ടെയില് ശൃംഖലയുമുണ്ട്. 4000ത്തിലധികം ഓഹരി ഉടമകളുടെ ഉടമസ്ഥതയിലുള്ള ഗ്രൂപ്പിന്റെ തുടര്ച്ചയായ വിജയത്തിനായി 26-ലധികം രാജ്യങ്ങളില് നിന്നുള്ള 21,000-ത്തിലധികം പ്രൊഫഷണലുകള് സ്ഥാപനത്തിനൊപ്പം ജോലി ചെയ്യുന്നു. www.malabargoldanddiamonds.com എന്ന വെബ് സ്റ്റോറിലൂടെ ഉപഭോക്താക്കള്ക്ക് ഇഷ്ടാനുസരണം ലോകത്തിന്റെ ഏത് കോണില് നിന്നും ആഭരണങ്ങള് വാങ്ങാനുള്ള സൗകര്യവും ലഭ്യമാണ്. ഡിസൈനുകളിലൂടെയും, അതുല്ല്യമായ ശേഖരങ്ങളിലൂടെയും സ്വതന്ത്രരായ, ആധുനിക സ്ത്രീകളെ പ്രതിനിധീകരിക്കുന്ന ട്രെന്ഡി, ലൈറ്റ് വെയ്റ്റ് ആഭരണങ്ങള് വാഗ്ദാനം ചെയ്യുന്ന റീട്ടെയില് ആശയമായ എംജിഡി – ലൈഫ് സ്റ്റൈല് ജ്വല്ലറിയും ഗ്രൂപ്പിന് കീഴില് പ്രവര്ത്തിക്കുന്നു. പ്രധാന ബിസിനസ്സുമായി ഉത്തരവാദിത്തവും, സുസ്ഥിരതയും സമന്വയിപ്പിച്ചുകൊണ്ട് കമ്പനി സ്ഥാപിതമായതുമുതല് തന്നെ അതിന്റെ സിഎസ്ആര് പ്രവര്ത്തനങ്ങളിലും ഗ്രൂപ്പ് സജീവമാണ്. സ്ഥാപിതമായതുമുതല് ഇഎസ്ജി (Environment, Social & Governance) സംവിധാനത്തോട് ചേര്ന്നുനില്ക്കുന്നതാണ് സ്ഥാപനത്തിന്റെ പ്രാഥമിക നയനിലപാടുകള്. വിശപ്പ് രഹിത ലോകം, വിദ്യാഭ്യാസം, ആരോഗ്യം, വനിതാ ശാക്തീകരണം, പാര്പ്പിട നിര്മ്മാണം, പരിസ്ഥിതി സംരക്ഷണം എന്നിവയ്ക്കാണ് മലബാര് ഗ്രൂപ്പിന്റെ ഇഎസ്ജി പ്രവര്ത്തനങ്ങള് ഊന്നല് നല്കുന്നത്. സാമൂഹിക ബോധവും, പ്രതിബദ്ധതയും നിറഞ്ഞ ഒരു സ്ഥാപനമായി തുടരുന്നതിനായി, ഉത്തരവാദിത്തവും സുസ്ഥിരതയും സമന്വയിപ്പിച്ചുകൊണ്ട് ഇഎസ്ജി ലക്ഷ്യങ്ങള് കൃത്യമായ ഇടവേളകളില് ശക്തിപ്പെടുത്തുന്നതിലും സ്ഥാപനം ശ്രദ്ധ ചെലുത്തുന്നു. സ്ഥാപനം പ്രവര്ത്തിക്കുന്ന ഇടങ്ങളിലെല്ലാം കമ്പനിയുടെ ലാഭത്തിന്റെ 5 ശതമാനം സാമൂഹ്യ പ്രതിബദ്ധതാ പദ്ധതിയുടെ ഭാഗമായുള്ള പ്രവര്ത്തനങ്ങള്ക്കായി ചെലവഴിക്കുന്നുണ്ട്.



HEALING LIVES ONE SOUL AT A TIME
TOTAL MEDICAL 360
SARVE BHAVANTU SUKHINAH
Discover a New You at
TOTAL MEDICAL 360 LLC.
Uncover a new version of yourself at TOTAL MEDICAL 360.
Our integrated approach to health and beauty blends advanced medical practices to reveal your innate, radiant vitality.
Comprehensive medical management for all chronic care conditions.
Hair loss therapy & Weight loss therapy with medications and alternative therapies.
Comprehensive Ayurvedic assessment treatment.
Certified Diabetes & Wound care management
Neck/ Lower back, Musculoskeletal evaluation for Arthritis and other Orthopedic conditions.
Expert Advice for a Healthier Lifestyle!
info@ttm360.com
www.ttm360.com
1-516-930-0280
Total Medical 360, LLC., 188 Post Avenue, Westbury, NY 11590

# ഫൊക്കാന പൊളിറ്റിക്കൽ ഫോറം ചെയർ ആയി ഡോ.ആനി പോൾ , വൈസ് ചെയർസ് ആയി അജിത് കൊച്ചൂസ്, ബിജു ജോർജ്



സരൂപ അനിൽ
(ഫൊക്കാന ന്യൂസ് ടീം)

ഫൊക്കാന പൊളിറ്റിക്കൽ ഫോറം നിലവിൽ വന്നു, നമ്മുടെ യുവതലമുറയെ അമേരിക്കൻ, കാനേഡിയൻ രാഷ്ട്രീയത്തിലേക്ക് കൈ പിടിച്ചു ഉയർത്തുക, അമേരിക്കൻ , കാനേഡിയൻ രാഷ്ട്രിയത്തിൽ മത്സരിക്കുന്നവർക്ക് കഴിയുന്ന സഹായങ്ങൾ ചെയ്യുക എന്ന ഉദ്ദേശത്തോടെ ആണ് ഫൊക്കാന ഈ പൊളിറ്റിക്കൽ ഫോറം രൂപീകരിച്ചിട്ടുള്ളത് .വളരെയധികം രാഷ്ട്രീയ പ്രബുദ്ധത ഉള്ള ആളുകൾ ആണ് മലയാളികൾ ,പക്ഷേ പ്രവാസികൾ ആകുമ്പോൾ നാം രാഷ്ട്രിയത്തിൽ വളരെ പിന്നോട്ട് പോകുന്നു. ഏത് രാജ്യത്ത് ചെന്നാലും ആ രാജ്യത്തിൻറെ സാമൂഹ്യ രംഗങ്ങളിലും രാഷ്ട്രീയ രംഗങ്ങളിലും നാം ശ്രദ്ധചെലുത്തണം .

വോട്ടേഴ്സ് ശതമാനത്തിൽ നമ്മൾ വളരെ ചെറുതാണെങ്കിലും , കൃത്യമായിജോലി ചെയ്തു നികുതി നൽകുന്ന ഒരു ജനത എന്ന് പൊതുവെ ഇന്ത്യക്കാരെ കുറിച്ച് ഒരു ധാരണയുണ്ട് . രാഷ്ട്രീയമായി നാം മുന്നോട്ട് വന്നെങ്കിൽ മാത്രമേ ആ രാജ്യത്തിൻറെ ഭരണപരമായ കാര്യങ്ങളിൽ നമുക്ക്

സ്വീകാര്യത ലഭിക്കുകയുള്ളു . നമുക്ക് കിട്ടേണ്ടുന്ന ആനുകൂല്യങ്ങൾ നമ്മുടെ സമൂഹത്തിന് കിട്ടുവാനും രാഷ്ട്രീയമായ പിടിപാടുകൾ വേണം. അത് അമേരിക്കൻ -കാനേഡിയൻ രാഷ്ട്രീയത്തിലേക്ക് ഒരു അവകാശമായി എത്തിക്കുവാൻ നമ്മളുടെ ഇടയിൽ നിന്ന് കൂടുതൽ നേതാക്കളെ സൃഷ്ടിക്കണ്ടേത് ആവശ്യമാണ് . ചില സംസ്ഥാനങ്ങളിൽ മലയാളികൾ മുഖ്യധാരാ രാഷ്ട്രീയത്തിൽ സജീവമാണ് മറ്റ് ചില സ്ഥലങ്ങളിൽ വളരെ ശോചനീയവും ആണ് .

കഴിവുള്ളവരെ തേടിയെത്തുന്നതാണ് അമേരിക്കൻ-കാനേഡിയൻ രാഷ്ട്രീയം. ഇവിടെ പൊതുജനസേവനം ആദരണീയമാണ്. നല്ല പ്രവർത്തനങ്ങൾ നടത്തിയാൽ ഉയർന്ന പദവികൾ സ്വായത്തമാക്കാം.വിദ്യഭ്യാസം, ആതുരസേവന രംഗം, ഐ .ടി തുടങ്ങി നിരവധി മേഖലകളിൽ നാം മുന്നിൽ നിൽക്കുമ്പോൾ രാഷ്ട്രീയത്തിൽ മാത്രമാണ് നാം പിന്നിൽ. അതിനു നമ്മുടെ യുവ തലമുറയെ വാർത്തുഎടുക്കുക എന്നതാണ് ഫൊക്കാനയുടെ ലക്ഷ്യം എന്ന് പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു.

ഡോ.ആനി പോൾ , ഫൊക്കാനയുടെ സ്വന്തം പുത്രി , ഫൊക്കാനയിലൂടെ പ്രവർത്തിച്ചു അമേരിക്കൻ കുടിയേറ്റ ചരിത്രത്തിൽ ചരിത്രം കുറിച്ചവ്യക്തിത്വമാണ് ഡോ.ആനി പോൾ. .റോക്ക് ലാൻഡ് കൗണ്ടി ലെജിസ്ലേച്ചറായി തുടർച്ചയായി നാലു തവണ തിരഞ്ഞെടുക്കപ്പെട്ട ഡോ.ആനി പോൾ ഇപ്പോൾ റോക്‌ലാൻഡ് കൗണ്ടി ലെജിസ്ലേറ്ററിലെ വൈസ് ചെയറായും പ്രവർത്തിക്കുന്നു.

1982-ലാണ് ഡോ .ആനി പോൾ അമേരിക്കയിലെത്തുന്നത്. ബ്രൂക്ക്‌ലിനിലെ സെന്റ് ജോസഫ്സ് കോളേജില്നിന്ന് ഹെൽത്ത് അഡ്മിനിസ്ട്രേഷനിൽ ബിരുദം (ബി.എസ്) നേടി. ന്യൂയോര്ക്ക് മെഡിക്കൽ കോളേജിൽ നിന്ന് പബ്ലിക് ഹെൽത്തിൽ മാസ്റ്റര് ബിരുദവും (എം.പി.എച്ച്), ന്യൂയോര്ക്ക് സിറ്റി സർവ്വകലാശാലയിൽനിന്ന് നഴ്സിങ്ങിൽ ബിരുദാനന്തര ബിരുദവും (എം.എസ്എൻ.), പീഡിയാട്രിക് നഴ്സ് പ്രാക്ടീഷണർ (പി.എൻ.പി) ബിരുദവും നേടി.അടുത്ത കാലത്ത് നഴ്സിങ് പ്രാക്ടീസിൽ ഡോക്ടര് ബിരുദവും (ഡി.എൻ.പി ) നേടി. ന്യൂയോര്ക്കിലെ ഡൊമിനിക്കൻ കോളേജ് ഉൾപ്പെടെ വിവിധ കോളേജ്കളിൽ അഡ്ജംക്ട് പ്രൊഫസ്സറായും പ്രവർത്തിച്ചു.

പഠനത്തിൽ കാണിച്ച ഈ താത്പര്യവും ഉന്നത ബിരുദങ്ങൾ സ്വന്തമാക്കണമെന്ന ആഗ്രഹവും പൊതുപ്രവര്ത്തനത്തിലും ആനി പിന്തുടര്ന്നു. പ്രാദേശികവും , മലയാളികൂട്ടായ്മകളിലും വളരെ ഊര്ജസ്വലതയോടെ പ്രവര്ത്തിച്ച ആനി പോൾ കൈവെക്കാത്ത മേഖലകളില്ല. നയാക്ക് കോളേജിലെ ഉപദേശക സമിതി അംഗം കൂടിയാണ് ലെജിസ്ലേറ്റർ ആനി പോൾ.

അജിത് കൊച്ചൂസ് , ന്യൂ യോർക്കിലെ സാമുഖ്യ , സംസ്കരിക, രാഷ്ട്രീയ രംഗങ്ങളിൽ നിറ സാനിദ്യമാണ് അജിത് കൊച്ചൂസ് . ന്യൂ യോർക്ക് സ്റ്റേറ്റ് സെനറ്റർ കെവിൻ തോമസിന്റെ ഇന്ത്യൻ കമ്മ്യൂണിറ്റി ലയസൺ മെമ്പറായും ആയിയും പ്രവർത്തിക്കുന്ന അദേഹം സെനറ്ററിന്റെ ഇലക്ഷൻ പ്രവർത്തനത്തിന് ചുക്കാൻ പിടിച്ച വെക്തി കൂടിയാണ് . രാഷ്ട്രീയ മേഘലകളിൽ അജിത്തിന്റെ പ്രഗൽഭ്യവും സമൂഹത്തിലെ അംഗീകാരവും കണക്കിലെടുത്താണ് എൻ.യു.എം.സി. ഡയറക്ടർ ബോർഡ് അംഗമായി അദ്ദേഹത്തെ നിയമിച്ചത്. ചരിത്രത്തിൽ ആദ്യമായാണ് ഒരു സൗത്ത് ഇന്ത്യൻ വംശജന് ഇത്തരം ഒരു പദവി ഇവിടെ ലഭിക്കുന്നത്.

ബോർഡ് മെമ്പർ എന്ന നിലയിൽ വളരെയധികം കമ്മ്യൂണിറ്റി പ്രവർത്തനം നടത്തുവാനും സമൂഹത്തിലുള്ള പലർക്കും

വിവിധങ്ങളായ സഹായങ്ങൾ നൽകുവാനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്.

ഇന്ത്യൻ സമൂഹത്തിൽ അറിയപ്പെടുന്ന വ്യക്തി ആയ അദ്ദേഹം കേരളാ കൾച്ചറൽ അസ്സോസ്സിയേഷൻ ഓഫ് നോർത്ത് അമേരിക്ക (ഗഇഅചഅ) മുൻ പ്രസിഡന്റ് കൂടിയാണ് . ഫോമാ സിവിൽ & പൊളിറ്റിക്കൽ ഫോറം ചെയർമാനായും പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം , മാസ്സപ്പെക്വ സെൻറ് പീറ്റേഴ്സ് & സെൻറ് പോൾസ് പള്ളി സെക്രട്ടറി, ഫോമാ യൂത്ത് ഫോറം നാഷണൽ ചെയർമാൻ എന്നീ പദവികളിലും കഴിഞ്ഞ പല വർഷങ്ങളിൽ സ്തുത്യർഹ സേവനം കാഴ്ച വച്ചിട്ടുണ്ട്. കഴിഞ്ഞ 18 വർഷമായി ന്യൂയോർക്ക് സിറ്റി ഗവൺമെൻറ് ഐ.ടി. ഡിപ്പാർട്മെന്റിൽ പേറോൾ ആൻഡ് അഡ്മിനിസ്ട്രേഷനിൽ ഡയറക്ടർ ആയി ജോലി നോക്കുന്നു.

മുവാറ്റുപുഴ കടാതിയിൽ നിന്നും അമേരിക്കയിലേക്ക് കുടിയേറിയ അദ്ദേഹം കുടുംബസമേതം ന്യൂ യോർക്കിലെ ലോങ്ങ് ഐലൻഡിൽ ആണ് താമസം. ഭാര്യ ജയാ വർഗ്ഗീസ് ലോങ്ങ് ഐലൻഡിലെ അറിയപ്പെടുന്ന റിയൽ എസ്റ്റേറ്റ് ബിസിനസ്സുകാരിയാണ്. അജിത്-ജയാ ദമ്പതികൾക്ക് അലൻ, ഇസബെൽ, റയാൻ എന്നീ മൂന്നു മക്കളുമുണ്ട്.

അലൻ കൊച്ചൂസ് ഫൊക്കാനയുടെ യൂത്ത് ടീമിനെ നയിക്കുന്ന നാഷണൽ കമ്മിറ്റി മെംബേർ കൂടിയാണ്.


ബിജു ജോർജ് ,കാനഡയിലെ സാമൂഹിക-സാംസ്കാരിക - രാഷ്ട്രീയ രംഗങ്ങളിൽ തിളങ്ങി നിൽക്കുന്ന വ്യക്തിത്വമാണ്, കാനഡ മലയാളികളുടെ അഭിമാനമായ ബിജു ജോർജ് . ഇന്ത്യൻ അസോസിയേഷന്റെ മുൻ പ്രസിഡന്റ് കൂടിയ അദ്ദേഹത്തെ കാനഡയിൽ അറിയപ്പെടുന്നത് തെരെഞ്ഞെടുപ്പിൽ മത്സരിക്കാത്ത എം . പി. എന്നാണ്. കാനഡയുടെ രാഷ്ട്രീയ രംഗങ്ങളിലിൽ അത്രത്തോളം സാധിനമാണ് ബിജു ജോർജിന് ഉള്ളത്. കാനഡ പർലമെന്റിൽ മലയാളികളുടെ ഉത്സവമായ ഓണം ആഘോഷിക്കുന്നത് ബിജു ജോർജിന്റെ നേതൃത്വത്തിൽ ആണ്. കാനഡയിലെ പ്രമുഖരും , മന്ത്രിമാരും ,പാർലമെൻറ് അംഗങ്ങൾ ഉൾപ്പെടെയുള്ള രാഷ്ട്രീയ നേതാക്കൾ കക്ഷി രാഷ്ട്രീയ ഭേദമന്യേ ചടങ്ങിന് സാക്ഷിയാകാൻ എത്തുന്നത് മലയാളികൾക്കു ഒരു അംഗീകാരം കൂടിയാണ് .

കാനഡയിൽ അതിവേഗം വളരുന്ന കമ്മ്യൂണിറ്റികളിലൊന്നായ മലയാളികളുടെ പാരമ്പര്യവും തനിമയും മറ്റുള്ളവർക്ക് പരിചയപ്പെടുത്തുവാൻ ഓണം പോലെയുള്ള ഈ ആഘോഷങ്ങൾ വളരെ സഹായിക്കുന്നുണ്ട് . മലയാളീ സമൂഹത്തിൽ നിന്ന് പലരും കാനഡയുടെ രാഷ്ട്രീയ രംഗങ്ങളിൽ ആകൃഷ്ടരായി ഇപ്പോൾ കടന്നുവരുന്നുണ്ട് ,അവരിൽ പലരും പാർലമെന്റിലേക്ക് മത്സരിക്കുവാനും മുന്നോട്ട് വരുന്നു. ഇനിയും കൂടുതൽ ആളുകളെ കാനഡയുടെ മുഖ്യധാരാ രാഷ്ട്രീയത്തിലേക്ക് കൊണ്ടുവരാൻ ബിജു ജോർജിന്റെ നേതൃത്വത്തിന് കഴിയും എന്നാണ് ഫൊക്കാനയുടെ വിശ്വാസം.

പത്തനംതിട്ട, ഓമല്ലൂർ സ്വദേശിയായ ബിജു ജോർജ് നല്ല ഒരു എഴുത്തുകാരനും കവിയും കൂടിയാണ് . റെസ്റ്റോറെന്റ് ബസിനെസ്സിലും, റിയൽ എസ്റേറ്റിലും പ്രവർത്തിച്ചിരുന്ന അദ്ദേഹം നിരവധി പ്രസിദ്ധ സിനിമകളും നിർമിച്ചിട്ടുണ്ട്,.കുട്ടികാലം മുതലേ രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിച്ച അദ്ദേഹം 18 മത്തെ വയസ്സിൽ കേരളം വിട്ടതാണ് . ഭാര്യ ബീന ജോർജ് മൊത്തു ഒട്ടാവോയിൽ ആണ് താമസം. ഏക മകൾ അനിത ജോർജ് ഫൊക്കാന യൂത്ത് നാഷണൽ കമ്മിറ്റി മെംബെർ കൂടിയാണ് .

ഫൊക്കാന പൊളിറ്റിക്കൽ ഫോറം ചെയർ ആയ ഡോ.ആനി പോൾ , വൈസ് ചെയർസ് ആയ അജിത് കൊച്ചൂസ് , ബിജു ജോർജ് എന്നിവരുടെ നേതൃത്വത്തിൽ ഉള്ള പൊളിറ്റിക്കൽ ഫോറത്തിന് അമേരിക്കൻ - കാനഡയുടെ രാഷ്ട്രീയ മേഘലകളിൽ നിരവധി പ്രതിഭകളെ സമ്മാനിക്കാൻ കഴിയും എന്ന ഉത്തമ വിശ്വാസം ഉണ്ടെന്ന് ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി , സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ , ട്രഷർ ജോയി ചാക്കപ്പൻ , എക്സിക്യൂട്ടീവ് ടീം എന്നിവർ അറിയിച്ചു.




HEDGE
BROKERAGE INC.
Life Insurance with Long Term Care
Disability Income
Business Overhead Expense Disability Insurance
10 Pay Life Insurance
Estate Planning
Advantage Index Universal Life S&P 500
Life Income Annuity
HEDGE
BROKERAGE INC.
1-516-433-4310
hedgebrokerage@gmail.com


MUKKUT
MONUMENTS INC.
PHONE (C) 972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
ST. GREGORIOS OF PARUMALA
MEMORIAL MONUMENT
Edith
Espinoza
Edith Espinoza
12-02-1970
04-17-2016
Joaquin Espinoza
11-16-1962
KURIAN
FAMILY
THEKKEDATH
We Specialize in Custom Creation and Installation of
Cemetery Granites, Bronze Memorials Sculptures,
Large Stone Cross for Churches. We Serve in USA, Canada and India

# നിര്യാതരായി



**ബിനോയ് സി തോമസ്**

ആൽബനി, ന്യൂയോർക്ക്: കോട്ടയം ജില്ലയിലെ പരിയാരത്ത് ഏലക്കാട്ട് കടമ്പനാട്ട് പരേതനായ ചാക്കോ തോമസിന്റേയും മറിയാമ്മ തോമസിന്റെയും മകൻ ബിനോയ് സി തോമസ് (48) ന്യൂയോർക്കിലെ ആൽബനിയിൽ ഒക്ടോബർ 14-ന് അന്തരിച്ചു. ഭാര്യ: ആൻ തോമസ്. മകൻ: എയ്ഡൻ. സഹോദരി: പരേതയായ ലിൻഡ തോമസ്.

**ഐസക് വർക്കി**

മാൻവെട്ടം:പോങ്ങാംചിറയിൽ ഐസക് വർക്കി (കുഞ്ഞ്80) അന്തരിച്ചു. ഭാര്യ: മേമ്മുറി ത്രേസ്യാമ്മ. മക്കൾ: കുഞ്ഞുമോൾ, ജാൻസി, റോയിമോൻ. മരുമക്കൾ: പി.ഷാജി വേട്ടാട്ട് (വൈക്കം), കെ.ഐ.സാമുവൽ കാഞ്ഞിരക്കുഴുപ്പിൽ (കുറുപ്പന്തറ), ആർജി റോയി.



**പോൾസൺ**

ഫ്ളോറിഡ/ തൃശ്ശൂർ: ചീനികടവ് കൂനം പ്ലാക്കൽ പോൾസൺ (75 )തൃശൂർ കണ്ണാറയിൽ അന്തരിച്ചു. പരേതരായ തൃശൂർ നെല്ലിക്കുന്ന് കൂനംപ്ലാക്കൽ റിട്ടയേർഡ് പോലീസ് ഓഫീസർ ദേവസ്സി- ഏലി ദമ്പതികളുടെ മകനാണ്.അമേരിക്കയിൽ നിരവധി തവണ സന്ദർശനം നടത്തിയിട്ടുള്ള പോൾസനു വലിയൊരു സുഹൃദ് ബന്ധമാണിവിടെയുള്ളത്. ഭാര്യ :ലീല.മക്കൾ :ഡേവിഡ് (ഫ്ളോറിഡ), തോംസൺ(കാനഡ).മരുമക്കൾ: ജോയ്സ്, ബ്ലെസ്സി.

**പി.ഡി.മറിയം**

കാണക്കാരി:ചേരാടിയിൽ പരേതനായ സി.പി.ഔസേഫിന്റെ ഭാര്യ വിദ്യാഭ്യാസ ഡിപ്പാർട്ട്മെന്റ് മുൻ ഉദ്യോഗസ്ഥ പി.ഡി.മറിയം (90) അന്തരിച്ചു.



**ഡോ ഉസ്മാൻ**

കൊച്ചി: എടവനക്കാട് കിഴക്കേവീട്ടിൽ കാദർ ഹാജി മകൻ ഡോ ഉസ്മാൻ, ഏഷ്യാനെറ്റ് യുഎസ് വീക്കിലി റൗണ്ടപ്പ് ടീം ലീഡർ ഇസമീറ ഉസ്മാന്റെ പിതാവാണ്. 1939-ൽ വൈപ്പിൻ പ്രദേശത്തെ എടവനക്കാടാണ് ഉസ്മാൻ സാഹിബ് ജനിച്ചത്. ഇന്ത്യയിലെ പ്രശസ്തമായ മണിപ്പാൽ കസ്തൂർബാ മെഡിക്കൽ കോളേജിൽ നിന്ന് എം.ബി.ബി.എസ് പൂർത്തിയാക്കിയ ഡോക്ടർ ഉസ്മാൻ, അമേരിക്കയിലെ ഡിട്രോയ്റ്റ് മെഡിക്കൽ സെന്ററിൽ നിന്നാണ് പോസ്റ്റ് ഗ്രാജേഷൻ എടുത്തത്. അമേരിക്കയിലും കാനഡയിലും ആതുര ശുശ്രൂഷാ രംഗത്ത് വർഷങ്ങൾ ചെലവിട്ട ഡോ: ഉസ്മാൻ, രണ്ടു പതിറ്റാണ്ടിനു ശേഷം നാട്ടിൽ മടങ്ങിയെത്തി.



**അന്നമ്മ ഏബ്രഹാം**

കൂത്താട്ടുകുളം:പാലക്കുഴ പട്ടരുമഠത്തിൽ പരേതനായ പി.ഏബ്രഹാമിന്റെ സഹധർമ്മിണി അന്നമ്മ ഏബ്രഹാം (93) അന്തരിച്ചു. മറിയക്കുട്ടി ഏബ്രഹാം (മണ്ണത്തൂർ), ലീലാമ്മ ജോയി (കാക്കനാട്), സുശീല ബാബു (മൂവാറ്റുപുഴ), പരേതയായ ലിസി സാജു എന്നിവർ മക്കളാണ്. ഏബ്രഹാം (മണ്ണത്തൂർ), ഇ.പി.ജോയി(കാക്കനാട്), ബാബു ജോൺ (മൂവാറ്റുപുഴ), സാജു വർഗീസ് (അയർലണ്ട്) എന്നിവർ ജാമാതാക്കളും, അനീഷ് ഏബ്രഹാം, അരുൺ ഏബ്രഹാം, ഫെമി ജോയി, ജോമി ജോയി, ധന്യ സുധീപ് (ന്യൂയോർക്ക്), ധനീഷ് ജോൺ(ഫിലാഡൽഫിയ), എഡ്വിൻ സാജു (അയർലണ്ട്), ദിവ്യ പീറ്റർ (കോതമംഗലം) എന്നിവർ കൊച്ചുമക്കളുമാണ്.



**പ്രൊഫ.വി.ഡി.ജോസഫ**

അറ്റ്ലാന്റാ: ടോം മക്കനാലിന്റെ ഭാര്യാ പിതാവ് പ്രൊഫ.വി.ഡി.ജോസഫ് (89) അന്തരിച്ചു. 48 വർഷമായി ശ്രീകണ്ഠപുരം എഡ്യൂക്കേഷണൽ സൊസൈറ്റിയുടെയും, അതിനോടനുബന്ധിച്ചുള്ള ആർട്സ് കോളേജിന്റെയും ഭരണസമിതിയുടെ സെക്രട്ടറി, വൈസ് മെൻസ് ക്ലബ് ഡിസ്ട്രിക്ട് ഗവർണർ, ശ്രീകണ്ഠപുരം ഓഫീസേഴ്സ് ക്ലബ് പ്രസിഡന്റ്, സീനിയർ സിറ്റിസൺസ് ഫോറം ജില്ലാ പ്രസിഡന്റ്, തുടങ്ങി നിരവധി സ്ഥാനങ്ങൾ വഹിച്ചിരുന്നു. ഭാര്യ: പരേതയായ സിസിലി ജോസഫ്. മക്കൾ: ബീന, ജോസി, അജി, മിനി ടോം (അറ്റ്ലാന്റാ), സൈജോ. മരുമക്കൾ: ഫ്രാൻസിസ്, സണ്ണി, ജോസ്, ടോം മക്കനാൽ, ജോബി.



**റവ.ഫാ ഡോ.ഡാനിയേൽ**

കോഴഞ്ചേരി: മലങ്കര ഓർത്തഡോക്സ് സഭയിലെ തുമ്പമൺ ഭദ്രാസനത്തിലെ കോഴഞ്ചേരി സെ.മാത്യൂസ് ഇടവകാംഗവും നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലെ സീനിയർ വൈദികനുമായ മുഞ്ഞാനാട്ട് റവ. ഫാ ഡോ.ഡാനിയേൽ തോമസ് അന്തരിച്ചു. 87 വയസായിരുന്നു. കാനഡയിൽ വെച്ചായിരുന്നു അന്ത്യം. എയ്ജാക്സ് സെന്റ്. മേരീസ് ഓർത്തഡോക്സ് പള്ളിയിൽ ദീർഘകാലം വികാരിയായി സേവനം അനുഷ്ഠിച്ചിരുന്നു. ദീർഘകാലമായി കാനഡയിൽ സ്ഥിരതാമസമാക്കിയ അദ്ദേഹം ഓട്ടവ വാനിയർ കോളേജിൽ അധ്യാപകനായി സേവനമനുഷ്ഠിച്ചിരുന്നു. ഡയറക്ടർ കോഴഞ്ചേരി മുഞ്ഞാനാട്ട് എം എം ഡാനിയേലിന്റെ ദ്വിദിയ പുത്രനായിരുന്നു അദ്ദേഹം. ശോശാമ്മയാണ് ഭാര്യ.



**ചിന്നമ്മ ജോസഫ്**

മയാമി: പറഞ്ഞാട്ട് ചിന്നമ്മ ജോസഫ് (77) ഫ്ളോറിഡയിലെ പെംബ്രൂക്ക് പൈൻസിൽ അന്തരിച്ചു. കോട്ടയം പുന്നത്തുറ ഒഴുകയിൽ കുടുംബാംഗമാണ്. ഭർത്താവ്: ജോസഫ് പറഞ്ഞാട്ട്. മക്കൾ: ജിൻസി (ഡാലസ്), ജെയ്സൺ വിർജീനിയ), ജാനെറ്റ് (ന്യൂജേഴ്സി) മരുമക്കൾ: ഷിന്റോ (ഡാലസ്), ജീന (വിർജീനിയ), അമ്പു (ന്യൂജേഴ്സി).കൊച്ചുമക്കൾ: ഹന്നാ, ജോഹൻ, മാർട്ടിൻ, അമരിസ്, അനിയ, ആഞ്ചല, അഡ്‌ലിൻ, ബെഞ്ചമിൻ, ഇസബെൽ. സഹോദരങ്ങൾ: ജോർജ് ഒഴുകയിൽ (ഹ്യൂസ്റ്റൺ), രാജു ഒഴുകയിൽ (യു.കെ), ഏലിക്കുട്ടി ജോൺസൺ (ഡൽഹി), മേരിക്കുട്ടി (ഹൂസ്റ്റൺ).

**എ.ജെ.ബാംബിനോ**

മാമ്മൂട്:കൊച്ചുറോഡ് പുതുപ്പറമ്പ് എ.ജെ.ബാംബിനോ (77) അന്തരിച്ചു.




**റെജി മാർക്കോസ്**

ന്യുയോർക്ക്: ലോങ്ങ് ഐലൻഡിലെ ഹോൾബ്രൂക്കിൽ 33 വർഷമായി താമസിക്കുന്ന റെജി മാർക്കോസ് (64)അന്തരിച്ചു. കോട്ടയം ചിങ്ങവനം മാല ത്തുശേരിൽ പരേതരായ എം.വി. മാർക്കോസിന്റെയും സാറാമ്മയുടെയും പുത്ര നാണ്. ലോങ്ങ് ഐലൻഡ് സെന്റ് ജോസഫ് ക്നാനായ ചർച്ച് ഇടവകാംഗമാണ്. ഭാര്യ എമിലി, റാന്നി പനാറാക്കുന്നിൽ കുടുംബാംഗം . മക്കൾ: മാർക്ക്, ഏലിയാസ്, സാറാ. സഹോദരങ്ങൾ: രാജൻ മാർക്കോസ്, ഓമന ജേക്കബ്, ലിസി തോമസ്, ര ഞ്ജി മാർക്കോസ്, സോണിയ ജേക്കബ്, രാജേഷ് മാർക്കോസ്, റോക്കി മാർക്കോസ് (എല്ലാവരും യു.എസ്).

**വി.വി.ദേവസ്യ**

മരങ്ങാട്ടുപിള്ളി:വെളിയംകുളം വി.വി.ദേവസ്യ (86) അന്തരിച്ചു.



**ഏബ്രഹാം മാലേത്ത്**

ന്യൂയോർക്ക്: കാനം മാലേത്ത് പരേതരായ കുരുവിള മാലേത്തിന്റേയും, മറിയാമ്മ മാലേത്തിന്റേയും മകൻ ഏബ്രഹാം മാലേത്ത് (പാപ്പച്ചൻ, 86) ന്യൂയോർക്കിൽ അന്തരിച്ചു. കഴിഞ്ഞ അമ്പതിൽപ്പരം വർഷങ്ങളായി ന്യൂയോർക്കിലെ വൈറ്റ്പ്ലെയിൻസിലാണ് താമസം. ഭാര്യ പരേതയായ റേച്ചൽ ഈശോ പള്ളിക്കൽ കൊറ്റംകുടി, എഴുമറ്റൂർ. മക്കൾ: ജോജി മാലേത്ത്, ജസ്സൻ മാലേത്ത്. സഹോദരൻ: ജേക്കബ് മാ ലേത്ത് (ജേക്കബ്കുട്ടി) ന്യൂയോർക്ക്. ഭാര്യാ സഹോദരങ്ങൾ: കുരുവിള പള്ളിക്കൽ (ന്യൂയോർക്ക്, കോശി പണിക്കർ (ന്യൂയോർക്ക്).

**വത്സല**

കൊതവറ:കൊച്ചെടാട്ട് ശശിധരന്റെ ഭാര്യ വത്സല (68) അന്തരിച്ചു. മക്കൾ: അഞ്ജു, ചിഞ്ചു. മരുമക്കൾ: മനോജ്, സജീഷ്.



**അന്നമ്മ ചാക്കോ**

രാജപുരം: പാലംകല്ല് ഈഴാറാത്ത് പരേതനായ ചാക്കോയുടെ ഭാര്യ അന്നമ്മ ചാക്കോ (89) അന്തരിച്ചു. പുന്നത്തുറ കുന്നപ്പള്ളിൽ കുടുംബാംഗമാണ്. മക്കൾ: ആലീസ്, ബേബി, ജോണി, ഫാ. ജോസഫ് ഈഴാറാത്ത് (വികാരി പുതുവേലി), അലക്സാണ്ടർ (യു.കെ), വത്സ (ഇറ്റലി), ലിജിമോൾ, മിനിമോൾ, സാജൻ(യു.കെ). മരുമക്കൾ: ചാക്കോ കദളിമറ്റം രാജപുരം, മേരി എറമ്പിൽ പയ്യാവൂർ, ഗ്രേസി കുടുംബനാകുഴി കള്ളാർ, മേരി അലക്സ് ഇളമ്പാശേരിൽ ചമതച്ചാൽ, തോമസ് തയ്യിൽ ഇറ്റലി (കിടങ്ങൂർ), രാജു ആദോപ്പള്ളിൽ ഒടയംചാൽ, റെജി മാവേലിൽ കള്ളാർ, വിൻസി സാജൻ (യു.കെ).

**സരിത ബിനു**

നാട്ടകം:കിളിരൂർ സരിത ബിനു (ലാളച്ചൻ45) അന്തരിച്ചു.


pravasi CHANNEL HD
THE ONE AND ONLY
DAILY NEWS BULLETIN
For North American Malayalees!
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Scan the QR Code for instant download
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News